

# സമഗ്ര വികസനരേഖ

## മരുതറോഡ് ഗ്രാമപഞ്ചായത്ത്



# അധികാരം ജനങ്ങൾക്ക്
# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

"സമൂഹത്തിന്റെ ഒട്ടാകെയുള്ള
നന്മയ്ക്ക് വേണ്ടി സാമൂഹിക
നിയന്ത്രണങ്ങൾക്ക് വഴങ്ങുന്നത്
വ്യക്തിയേയും അവൻ അംഗമായ
സമൂഹത്തേയും സമ്പന്നമാക്കുന്നു.

രാഷ്ട്രീയാധികാരം ഒരു ലക്ഷ്യമല്ല
ജിവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും
ജനങ്ങളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള
ഒരു മാർഗ്ഗം മാത്രമാണ്.

നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനായ
എറ്റവും നിസ്സഹായനായ മനുഷ്യന്റെ മുഖം
സങ്കല്പിച്ചു നോക്കുക. എന്നിട്ട് നിങ്ങൾ
ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക്
ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ
എന്ന് സ്വയം ചോദിച്ചുനോക്കുക."



ഗാന്ധിജി

110-4.

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി



അധികാരം ജനങ്ങളിലേക്ക്

## മരുതറോഡ് ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ

# മരുതറോഡ് ഗ്രാമ പഞ്ചായത്ത്





സുഹൃത്തെ

ഒൻപതാം പഞ്ചവത്സര പദ്ധതി
വൻവിജയത്തിലെത്തിക്കുന്നതിന്
മരുതറോഡ് പഞ്ചായത്ത്
സംഘടിപ്പിക്കുന്ന വികസന
സെമിനാറിനും, വികസന പ്രവർത്തന
ങ്ങൾക്കും ഭാവുകാശംസകൾ

അഭിവാദനങ്ങളോടെ

ടി. ശിവദാസമേനോൻ

" എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജാണ്. ഒരു ധനവാനു ലഭിക്കുന്ന എല്ലാ ജീവിത സൗകര്യങ്ങളും ദരിദ്രനായ നിങ്ങൾക്കും ലഭിക്കണം.. ആ സൗകര്യങ്ങൾ നിങ്ങൾക്ക് കിട്ടാത്തിടത്തോളം കാലം സ്വരാജ് പൂർണ്ണ സ്വരാജ് ആവുകയില്ല ".

ഗാന്ധിജി

എഡിറ്റർ

**എസ്. ബി. രാജു**

എഡിറ്റോറിയൽ ബോർഡ്

**എസ്. രാധാമണി**

**പി. രാധാകൃഷ്ണൻ**

**സി. രവീന്ദ്രൻ**

**വി. പ്രസന്നകുമാർ**

**പി. ഗോപിനാഥ്**

*കവർ ഡിസൈനിംഗ് : ശങ്കരനുണ്ണി*

"രാഷ്ട്രീയ സ്വാതന്ത്ര്യം എത്രയുണ്ടായാലും ശരി,
വിശക്കുന്ന ജനങ്ങളെ തൃപ്തിപ്പെടുത്താൻ
അതുകൊണ്ടാവില്ല.

*ലെനിൻ*

# മരുതറോഡ് ഗ്രാമ പഞ്ചായത്ത് ഭരണ സാരഥികൾ



*പ്രസിഡന്റ്*
*എസ്. രാധാമണി*



*വൈസ് പ്രസിഡന്റ്*
*പി. രാധാകൃഷ്ണൻ*



*സ്റ്റാന്റിംഗ് കമ്മിറ്റി*
*ചെയർമാൻ*
*പി. ഉണ്ണികൃഷ്ണൻ*

## ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| ശ്രീ. | പി.വി. | സുകുമാരൻ |
| ശ്രീമതി | പി. | സത്യഭാമ |
| ശ്രീമതി | കെ. | ഇന്ദിരാദേവി |
| ശ്രീ. | ആർ. | വിഷ്ണുദാസ് |
| ശ്രീ. | കെ.ടി. | ലോകനാഥൻ |
| ശ്രീ. | പി. | ഗോപിനാഥ് |
| ശ്രീമതി. | പി. | അംബുജം |
| ശ്രീ. | കെ.സി. | രാജകൃഷ്ണൻ |

## താളുകൾ മറിക്കുമ്പോൾ

1. ആമുഖം
2. പഞ്ചായത്ത് പൊതു വിവരണം
3. സാമൂഹ്യ - സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി - ജനപ്രകൃതി - ജലപ്രകൃതി
5. സാമൂഹ്യ സാമ്പത്തിക മേഖലകൾ
   5.1. കൃഷിയും ജലസേചനവും
   5.2. മൃഗപരിപാലനം - മത്സ്യകൃഷി
   5.3. വ്യവസായം
   5.4. വിദ്യാഭ്യാസം
   5.5. കുടിവെള്ളവും - പൊതുജനാരോഗ്യവും
   5.6. ഗതാഗതം, ഊർജ്ജം
   5.7. പാർപ്പിടവും സാമൂഹ്യ ക്ഷേമവും
   5.8. സംസ്കാരം
   5.9. വനിത
   5.10. സഹകരണം
   5.11. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം
   5.12. വിഭവസമാഹരണം
6. ഉപസംഹാരം

# 1
# ആമുഖം

അധികാരം ജനങ്ങളിലേക്ക്

കേരളീയ ജനജീവിതത്തിലും സാമൂഹ്യസാമ്പത്തിക ഉല്പാദന മേഖലകളിലും ദൂരവ്യാപകമായ മാറ്റങ്ങൾ സൃഷ്ടിയ്ക്കാൻ ചരിത്ര പ്രധാനമായ ജനകീയ ആസൂത്ര ണത്തിലൂടെ ഒരു നൂതന അദ്ധ്യായം ആരംഭിക്കുകയാണ്. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ സ്വപ്നങ്ങളിൽ ഒന്നായി രുന്ന "ജനാധിപത്യ ഭരണരീതി" പ്രയോഗത്തിൽ വന്നപ്പോൾ കേന്ദ്രീകൃത ആസൂത്രണവും അധികാര കേന്ദ്രീകരണവും മൂലം എല്ലാ വികസന പ്രക്രിയകളിൽ നിന്നും ജനങ്ങളെ അന്യവൽക്കരിച്ചുകൊണ്ട് പടിപടിയായി മാറി പോയതിന്റെ പോരായ്മകൾ നമുക്ക് തിരുത്തേണ്ടതുണ്ട്. നാടിന്റെ സവിശേഷമായ പ്രത്യേകതകളെ കണക്കിലെടുക്കാതെ നടത്തിയ ആസൂത്രണവും വികസനവും ഒട്ടേറെ നേട്ടങ്ങൾ സൃഷ്ടിച്ചുവെങ്കിലും ജനങ്ങളുടെ പങ്കാളിത്തമില്ലായ്മ മൂലം അഴിമതി, കാലതാമസം, കെടുകാര്യസ്ഥത, നടപടിക്രമ ങ്ങളുടെ സങ്കീർണ്ണത, മുൻഗണനാ ക്രമങ്ങൾ ഇല്ലായ്മ തുടങ്ങിയ നിരവധി ഘടകങ്ങൾ വികസന ത്തിന്റെ യഥാർത്ഥ സൽഫലങ്ങൾക്ക് വിഘാതങ്ങളായി നിന്നു. " ഇന്ത്യ ജീവിക്കു ന്നത് ഗ്രാമങ്ങളി"ലാണെന്ന് ഗാന്ധിജി ഓർമിപ്പിച്ചിരുന്നു. 1951 ൽ ആരംഭിച്ച നമ്മുടെ ആസൂത്രണ പ്രക്രിയ ആ "ഗ്രാമ" ങ്ങളുടെ പൊതു സ്ഥിതിയോ അവിടുത്തെ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളോ പരിഗണിക്കാതെ വികസനമെന്നാൽ വിദഗ്ദന്മാരും ഉദ്യോഗസ്ഥന്മാരും ഭരണതലത്തിൽ കൈകാര്യം ചെയ്യുന്ന ഒരു പ്രക്രിയയാക്കി മാറ്റി.

ഒൻപതാം പഞ്ചവത്സരപദ്ധതിയോടുകൂടി നമ്മുടെ സംസ്ഥാ നത്ത് നടപ്പിലാക്കാൻ പോകുന്ന വമ്പിച്ച ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണവും നിർവ്വഹണവും വഴി നിലവിലുള്ള സാമ്പ്രദായികരീതികളിൽ മാറ്റം വരുത്തി ക്കൊണ്ട് കേരളമൊരിക്കൽക്കൂടി ഇന്ത്യക്ക് മാതൃകയാ വുകയാണ്.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി വിദ്യാഭ്യാസം, സാക്ഷരത, ആയുർദൈർഘ്യം, കുറഞ്ഞ ശിശു മരണ നിരക്ക്, നീതി പൂർവ്വമായ പൊതുവിതരണ സമ്പ്രദായം, ഭൂപരിഷ്ക്കരണം, മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ ലക്ഷ്യബോധമുള്ള സംഘടിത പ്രസ്ഥാനങ്ങൾ ഇവയെല്ലാം ലോക ശ്രദ്ധയാകർഷിച്ച കേരളത്തിന്റെ പ്രത്യേ കതകളാണ്. എന്നാൽ ഇവയെ സ്ഥായിയായി നില നിർത്തുകയും പോഷിപ്പിക്കുകയും ചെയ്യേണ്ട കാർഷിക വ്യവസായ ഉല്പാദന രംഗത്തെ മുരടിപ്പും സേവന മേഖല കളുടെ ഗുണനിലവാര ത്തകർച്ചയും ഉയർത്തുന്ന വെല്ലു വിളികളിൽ നിന്ന് കേരളീയ സമൂഹത്തെ രക്ഷിക്കാനുള്ള ജനകീയ ആസൂത്രണ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിലും ജനങ്ങളിൽ ആവേശമുളവാക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ, പഞ്ചായത്തുതല പരിശീലനം കിട്ടിയ 70 ലോക്കൽ റിസോർസ് പേഴ്സണുകളും പഞ്ചായത്ത് ഭരണ സമിതിയും നമ്മുടെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ വിളിച്ചുചേർത്തു. ഈ ഗ്രാമസഭകളിൽ പങ്കെടുത്ത 1868 പേരിൽ 367 പേർ സ്ത്രീകളായിരുന്നു. ഇവർ വ്യത്യസ്ത ഗ്രൂപ്പുകളായി തിരിഞ്ഞ് അവരുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ഓരോ മേഖലകളും നേരിടുന്ന വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ വെയ്ക്കുകയും ചെയ്തു. ഈ ഒന്നാം ഘട്ടത്തോട് അനുബന്ധിച്ച് 10 അംഗങ്ങളടങ്ങുന്ന ഒരു ഗ്രൂപ്പ് പഞ്ചായത്തിലുടനീളം പഠനപര്യടനം നടത്തി വിഭവഭൂപടത്തിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചു. 6 പേരുള്ള മറ്റൊരു ഗ്രൂപ്പ് ഭൂപടം തയ്യാറാക്കി. വിവിധ ഓഫീസുകളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്ഥിതി വിവര കണക്കുകൾ ശേഖരിച്ചത് 13 അംഗങ്ങളടങ്ങിയ ഒരു ഗ്രൂപ്പായിരുന്നു. ഇത് കൂടാതെ ഓരോ വാർഡിലും ഭരണ സമിതി അംഗങ്ങളും റിസോർസ് പേഴ്സണുകളും നേരിട്ട് പ്രഥമ വിവര ശേഖരണവും നടത്തിയിരുന്നു. പഞ്ചായത്തിന്റെ ജനജീവിതവുമായി പ്രത്യക്ഷമായോ പരോക്ഷ മായോ ബന്ധമുള്ള വിവിധ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരുടേയും സ്ക്കൂൾ അധികൃതരുടേയും പ്രത്യേക യോഗം വിളിച്ച് ചേർത്ത് ഓരോ മേഖലയും നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്തിരുന്നു.

രണ്ടാംഘട്ട പരിശീലനത്തിനുശേഷം 11 ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും, മറ്റു മേഖലകളിൽ നിന്നും വന്ന അഭിപ്രായങ്ങളും ക്രോഡീകരിച്ച് കരട് റിപ്പോർട്ട് തയ്യാറാക്കാൻ 120 പേർ 12 വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞ് പ്രത്യേകം പ്രത്യേകം യോഗം ചേർന്നു. 6 പേരടങ്ങുന്ന ഒരു എഡിറ്റോറിയൽ ബോർഡ് വികസന റിപ്പോർട്ടിന് അന്തിമ രൂപം നൽകി ഈ രംഗത്ത് ഏത് പ്രവർത്തനവും ഏറ്റെടുക്കുവാൻ സന്നദ്ധരായി മുന്നോട്ടുവന്ന വോളണ്ടറിയന്മാർ നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖയ്ക്ക് രൂപം കൊടുക്കാൻ 590 മനുഷ്യദിനങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ കാർഷിക വ്യവസായിക ഉല്പാദന മേഖലയിലെ മുരടിപ്പും സേവന മേഖലയിലെ ഗുണ നിലവാര ത്തകർച്ചയും ഉയർത്തുന്ന പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണാൻ നമ്മുടെ ജനങ്ങളുടെ കൂട്ടായ്മക്ക് കഴിയുമെന്ന നിശ്ചയ ദാർഢ്യത്തോടെ മരുതറോഡ് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖ ചരിത്ര യാഥാർ ത്ഥ്യമാക്കാനുള്ള മഹാ യജ്ഞനത്തിൽ നമുക്ക് പങ്കാളികളാവാം.

*"സമൂഹത്തിന്റെ താഴേത്തട്ടിലുള്ള ജനങ്ങൾക്ക് പഞ്ചായത്ത് രാജ് - നഗരസഭാ സ്ഥാപനങ്ങൾ വഴി തങ്ങളുടേതു മാത്രമായ ഒരു ആസൂത്രണ പദ്ധതിയുടെ രൂപം നൽകാനും നടപ്പാക്കാനും സാധിക്കും. ജനങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഏത് പദ്ധതിയിൽ നിന്നും വ്യത്യസ്തമായിരിക്കും ഇത്".*

**ഇ. എം. എസ്**

*"വികേന്ദ്രീകരണം എന്നുവെച്ചാൽ ഇല്ലാതാവലല്ല, കേന്ദ്രം മാറലാണ്. ഏതാണ് കേന്ദ്രം? മുമ്പ് കേന്ദ്രം ഡൽഹിയും തിരുവനന്തപുരവുമാണെങ്കിൽ ഇപ്പോൾ കേന്ദ്രം ഗ്രാമങ്ങൾ ആയിരിക്കും. മുമ്പ് കേന്ദ്രം ചുരുക്കം നേതാക്കളും ഉദ്യോഗസ്ഥന്മാരുമാണെങ്കിൽ ഇന്ന് നാട്ടുകാരാണ് കേന്ദ്രം".*

**സുകുമാർ അഴീക്കോട്**

2

# പഞ്ചായത്ത് പൊതുവിവരണം




| | | | |
|---|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മരുതറോഡ് | |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മരുതറോഡ്, മലമ്പുഴ II | |
| ബ്ലോക്ക് പഞ്ചായത്ത് | : | മലമ്പുഴ | |
| താലൂക്ക് | : | പാലക്കാട് | |
| ബ്ലോക്ക് ഡിവിഷൻ | : | 1. മരുതറോഡ് | |
| | : | 2. കൊട്ടേക്കാട് | |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | 1. പുതുശ്ശേരി | |
| | | 2. പുതുപ്പരിയാരം | |
| അസംബ്ലി മണ്ഡലം | : | മലമ്പുഴ | |
| വിസ്തീർണ്ണം | : | 19.68 ച. കി. മീറ്റർ | |
| അതിരുകൾ | : | വടക്ക് | : കോരയാർ പുഴയും മലമ്പുഴ പഞ്ചായത്തും |
| | | കിഴക്ക് | : പുതുശ്ശേരി, എലപ്പുള്ളി പഞ്ചായത്തുകൾ |
| | | തെക്ക് | : കൊടുമ്പ് പഞ്ചായത്ത് |
| | | പടിഞ്ഞാറ് | : പാലക്കാട് മുനിസിപ്പാലിറ്റി |
| ജനസംഖ്യ | : | 27438 | |
| പുരുഷൻ | : | 13434 | |
| സ്ത്രീകൾ | : | 14004 | |
| ജനസാന്ദ്രത | : | 1394 | |
| അക്ഷരാഭ്യാസമുള്ളവർ | : | 19206 | |
| വാർഡുകൾ | : | 11 | |
| പ്രസിഡണ്ടിന്റ് | : | എസ്. രാധാമണി. | |
| വൈസ് പ്രസിഡണ്ടിന്റ് | : | പി. രാധാകൃഷ്ണൻ | |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | പി. ഉണ്ണികൃഷ്ണൻ | |



# 3 സാമൂഹ്യ - സാംസ്കാരിക ചരിത്രം

"നല്ല കൃഷിഭൂമി" എന്ന് അർത്ഥം വരുന്ന തമിഴ് പദമായ 'മരുത' എന്ന വാക്കിൽ നിന്നാണ് മരുതറോഡ് എന്ന പേര് ഉത്ഭവിച്ചതെന്ന് പറയപ്പെടുന്നു. മദ്രാസ്സ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന നമ്മുടെ ഭൂപ്രദേശത്തെ ജനങ്ങളുടെ ഭാഷയിലും സംസ്കാരത്തിലും ഇന്നും തമിഴ് സംസ്കാരത്തിന്റെ ലാഞ്ചനകളുണ്ട്. വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമായിരുന്ന വാളയാറിലെ നിബിഢവനങ്ങളിൽ കൂടി, പാലക്കാട് രാജാവിന്റെ അഭ്യർത്ഥന പ്രകാരം മൈസൂർ ഭരണാധികാരികൾ ഒരു പുതിയ പാത പാലക്കാട്ടേക്ക് വെട്ടിതെളിച്ചു. 1767ൽ ഈ പാത ഹൈദരാലി ഒരു പീരങ്കിനിരത്താക്കി വികസിപ്പിച്ചു. തമിഴ്നാട്ടിൽ നിന്നും വാളയാറിലെ നിബിഢവന പ്രദേശങ്ങളിലെ ഈ കാട്ടുപാതയിലൂടെ പാലക്കാട്ടേക്ക് പ്രവേശിക്കുമ്പോൾ കാണുന്ന നല്ല കൃഷി ഭൂമി മരുതറോഡ് എന്ന് അറിയപ്പെടാൻ ഇടയായി എന്ന് ചരിത്രകാരൻമാർ.

നെടുംപുറയൂർ സ്വരൂപത്തിന്റെ രാജവാഴ്ചയിൽ നാട്ടുകൂട്ടങ്ങളുടേയും ദേശകൂട്ടങ്ങളുടെയും ഹിതാനുസരണം നാടുവാഴികളും അടക്കി ഭരിച്ചിരുന്ന പാലക്കാട് രാജ്യത്തിന്റെ ഭാഗമായിരുന്നു ഇന്ന് മരുതറോഡ് പഞ്ചായത്തിൽ ഉൾപ്പെട്ട ഭൂപ്രദേശങ്ങൾ.

ഇവിടെ നിലനിന്നിരുന്ന ജാതിജന്മി നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങളായ തൊഴിൽ വിഭജനത്തിനെ അടിസ്ഥാനമാക്കിയുള്ള ആവാസകേന്ദ്രങ്ങൾ ഇന്നും പഴയജാതി പേരിൽ ആണ് അറിയപ്പെടുന്നത്. ജനങ്ങൾ തിങ്ങിപാർത്തിരുന്ന വിവിധ ആവാസകേന്ദ്രങ്ങളെ അവരുടെ ജാതി പേരിനോടു ചേർത്തുള്ള 'തറ'കളും 'കുടി'കളുമായാണ് ഇന്നും അറിയപ്പെടുന്നത്. കൊട്ടെക്കാട്, പടലിക്കാട്, കുന്നുംകാട്, കരുമൻകാട്, ചെമ്മൻകാട്ട്, ഇരുപ്പക്കാട്ട്, അയ്യപ്പൻ കാട്, പാഞ്ചീരിക്കാട്, തെക്കെക്കാട്, തുടങ്ങിയ സ്ഥലനാമങ്ങൾ രൂപപ്പെട്ടത് നമ്മുടെ ഭൂപ്രദേശത്ത് കൂടി ഒരുകാലത്ത് വ്യാപിച്ചുകിടന്നിരുന്ന മലമ്പുഴയോടും വാളയാറിനോടും ചേർന്നുള്ള കാട്ടുപ്രദേശങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്നാവാം.

പഞ്ചായത്തിൽ ഇന്ന് ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ ഭൂരിഭാഗവും ആദ്യകാലത്ത് എക്കണത്ത് വലിയകൈമൾ എന്ന ജന്മിയുടെ വകയായിരുന്നു. പിന്നീട് ഈ ഭൂമികൾ 12 ജന്മിമാരുടെയും ക്ഷേത്രദേവസ്വങ്ങളുടെയും ഉടമസ്ഥയിൻ കീഴിലായി. മരുതറോഡ് മന കുറവയൂർ മന, കോതാറത്ത് അച്ഛൻ, മേനക്കത്ത് തെയ്യുണ്ണി മേനോൻ, സുന്ദരൻ ചെട്ടിയാർ, കുത്തന്നൂർ ഐയിരു മനക്കൽ, നെല്ലിശ്ശേരി മഠം, കെ.പി. എസ്സ് മണി അയ്യർ, ലക്ഷ്മീനാരായണയ്യർ, സുബ്രഹ്മണ്യയ്യർ തുടങ്ങിയ ജന്മിമാരും തിരുവാലത്തൂർ, തിരുമനക്കോട് ക്ഷേത്ര ദേവസ്വങ്ങളും ആയിരുന്നു ഈ ഭൂവുടമകൾ.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെയുള്ള സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ ത്യാഗസുരഭിലമായ പങ്കുവഹിച്ച ദേശാഭിമാനികളും ഇവിടെ ജീവിച്ചിരുന്നു. ഇവരിൽ പ്രധാനി കല്ലേപ്പുള്ളി കെ. ആർ. കൃഷ്ണൻകുട്ടി പണിക്കരായിരുന്നു. നിയമലംഘന പ്രസ്ഥാനം കൊടുമ്പിരി കൊണ്ട നാളുകളിൽ റയിൽ പാളം തകർന്ന് അട്ടിമറി സംഘടിപ്പിച്ചു എന്ന കുറ്റമാരോപിച്ച് ബ്രിട്ടീഷ് ഗവർമെണ്ട് ഇദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ശ്രീ കോഴിപ്പുറത്ത് മാധവമേനോൻ തുടങ്ങിയ ദേശീയ നേതാക്കളോടൊപ്പം ശ്രീ കൃഷ്ണൻകുട്ടി പണിക്കരെ ബെല്ലാരി, സേലം തുടങ്ങിയ ജയിലുകളിൽ തടവിലിട്ടു. പിന്നീട് പാലക്കാട്ട് കോട്ടക്കുമുകളിൽ ത്രിവർണ്ണ പതാക ഉയർത്താൻ ശ്രമിച്ചതിന് അദ്ദേഹത്തെ വീണ്ടും മർദ്ദിക്കുകയും ജയിലിലടക്കുകയും ചെയ്തു. ദേശീയ പ്രസ്ഥാനത്തിന്റെ ജാഥ നയിച്ചതിന് ഇവിടുത്തെ നാട്ടു പ്രമാണിമാർ അദ്ദേഹത്തെ ക്രൂരമായി മർദ്ദിച്ചതും നമ്മുടെ കാരണവന്മാരുടെ മനസ്സുകളിൽ നിന്ന് ഇന്നും മാഞ്ഞുപോയിട്ടില്ല.

1940-തുകളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കടന്നുവരവ് പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹ്യജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. യശഃശരീരരായ ശ്രീ. പി. കുഞ്ഞിരാമൻ മാസ്റ്ററും, ആലത്തൂർ ആർ. കൃഷ്ണൻ, മുണ്ടക്കോട് ചന്ദ്രൻ തുടങ്ങിയവരിലൂടെയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇവിടെ പ്രവർത്തനം ആരംഭിച്ചത്.

1950കളുടെ ആദ്യം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കർഷകസമരങ്ങൾ വളർന്നുവന്നു. 'കൃഷിഭൂമി കർഷകന്' എന്ന മുദ്രാവാക്യങ്ങളുയർത്തി നടത്തിയ സമരങ്ങൾക്ക് കൊട്ടേക്കാട്ട് എം. വി. വാസു, കെ. പി. കണ്ടുണ്ണി തുടങ്ങിയവർ നേതൃത്വം കൊടുത്തു. മലബാറിൽ അലയടിച്ചുയുർന്നുവന്ന കർഷക സമരത്തോടൊപ്പം പങ്കുചേർന്നുകൊണ്ട് നടത്തിയ പോരാട്ടങ്ങൾ നമ്മുടെ ജനങ്ങളുടെ സാമൂഹ്യ രാഷ്ട്രീയ ബോധത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തി.

ഭൂപരിഷ്കരണത്തിന്റെ ഫലമായി ഭൂമിയുടെ ഉടമാവകാശം 12 ജന്മികളിൽ നിന്നും കർഷകരുടെ കൈകളിലേക്ക് വന്നുചേർന്നത് സാമൂഹ്യജീവിത നിലവാരത്തിൽ വമ്പിച്ച മാറ്റങ്ങളാണ് വരുത്തിത്തീർത്തത്. മഹാഭൂരിപക്ഷം സാധാരണക്കാർ ഭൂ ഉടമസ്ഥരായി മാറി. പിന്നീട് എ.കെ.ജി.യുടെ നേതൃത്വത്തിൽ നടന്ന മിച്ചഭൂമിസമരത്തിൽ നമ്മുടെ പ്രദേശത്ത് നിന്നും സ്ത്രീകളുൾപ്പെടെ 13 പേർ വിയ്യൂർ സെന്ററൽ ജയിലലിൽ അടയ്ക്കപ്പെട്ടു. ധാരാളം പാവപ്പെട്ട കർഷക തൊഴിലാളികൾക്ക് സ്വന്തമായി ഭൂമി കിട്ടിയത് ത്യാഗോജ്ജ്വലമായ ആ സമരത്തിൽ കൂടിയായിരുന്നു എന്ന സത്യം വിസ്മരിക്കാൻ ആവില്ല. മിനിമം കൂലിക്കും ജോലി സ്ഥിരതക്കും വേണ്ടി നിരന്തരം പോരാട്ടത്തിലൂടെ വളർച്ച പ്രാപിച്ച സുസംഘടിതമായ ഒരു കർഷക തൊഴിലാളി പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിലുണ്ട്.

1950കളിലെ മലമ്പുഴ ഡാമിന്റെ നിർമ്മാണവും അതിനോടനുബന്ധിച്ചുള്ള ജലസേചന പദ്ധതിയും നമ്മുടെ കാർഷിക ഭൂമിയുടെ ഉൽപാദനക്ഷമതയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കി.

1964 ജനുവരി 1 ന് ഇന്നത്തെ രൂപത്തിലുള്ള മരുതറോഡ് പഞ്ചായത്ത് നിലവിൽ വന്നു. അതിനുമുമ്പ് കൊട്ടെക്കാട്, കല്ലേപ്പുള്ളി, മരുതറോഡ് എന്നീ മൂന്ന് ഗ്രാമ പഞ്ചായത്തുകൾ നിലവിലുണ്ടായിരുന്നു. സർവ്വശ്രീ. രാമകൃഷ്ണൻ, വി. പത്മനാഭൻ, കുട്ടിശങ്കര മേനോൻ എന്നിവരായിരുന്നു ഈ ഗ്രാമപഞ്ചായത്തുകളിലെ അവസാനത്തെ പ്രസിഡന്റുമാർ. പിന്നീട് പഴയ മരുതറോഡ് ഗ്രാമ പഞ്ചായത്തും കൊട്ടെക്കാട്, കല്ലേപ്പുള്ളി ഗ്രാമ പഞ്ചായത്തുകളുടെ കുറെ ഭാഗങ്ങളും ചേർത്തുകൊണ്ട് രൂപം കൊണ്ടതാണ് ഇപ്പോഴുള്ള മരുതറോഡ് പഞ്ചായത്ത്. ബാക്കിയുള്ള കല്ലേപ്പുള്ളി ഗ്രാമ പഞ്ചായത്തിന്റെ കുറേ പ്രദേശങ്ങൾ പാലക്കാട് മുനിസിപ്പാലിറ്റിയിലും കൊട്ടേക്കാട് ഗ്രാമപഞ്ചായത്തിലെ വാരണി, കാഞ്ഞിരക്കടവ്, കുനുപ്പുള്ളി, ആരക്കാട്, ആറങ്ങോട്ടുകുളമ്പ് തുടങ്ങിയ പ്രദേശങ്ങൾ മലമ്പുഴ പഞ്ചായത്തിലും ഉൾപ്പെട്ടു.

പഞ്ചായത്തിന്റെ ആദ്യകാലത്ത് കൈപൊക്കി വോട്ടു ചെയ്യുന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. രഹസ്യ ബാലറ്റ് സമ്പ്രദായപ്രകാരം ആദ്യ തെരെഞ്ഞെടുപ്പ് നടന്നത് 1964 -ൽ ആണ്. പുതുതായി നിലവിൽ വന്ന മരുതറോഡ് പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് ആലമ്പള്ളം വി. പത്മനാഭനായിരുന്നു.

**പട്ടിക - 1**

| കാലയളവ് | പ്രസിഡന്റുമാർ |
|---|---|
| 1964 - 1966 | വി. പത്മനാഭൻ |
| 1966 - 1967 | എം. വി. സുകുമാരൻ |
| 1967 - 1985 | അച്യുതൻ |
| 1980 - 1985 | കെ. മാധവമേനോൻ |
| 1988 - 1995 | എ. പ്രഭാകരൻ |
| 1995 - | എസ്. രാധാമണി. |

വികസനരംഗത്ത് പഞ്ചായത്തിൽ എടുത്തുപറയാവുന്ന തരത്തിൽ ശീഘ്രഗതിയിലുള്ള മാറ്റങ്ങൾ ഉണ്ടായത് ശ്രീ. എ. പ്രഭാകരന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയുടെ കാലഘട്ടത്തി ലായിരുന്നു.

## *വിദ്യാഭ്യാസ സാംസ്കാരിക രംഗം*

1905 - ൽ കൊട്ടെക്കാടും കല്ലേപ്പുള്ളിയിലും രണ്ടു പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിച്ചതോടുകൂടിയാണ് നമ്മുടെ പ്രദേശത്തെ ആധുനിക വിദ്യാഭ്യാസത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. ഇതിൽ ആദ്യകാലത്ത് രാമനാഥപുരം ഗോപാലകൃഷ്ണയ്യർ മാസ്റ്ററും അമ്പതു കളിൽ പി. കുഞ്ഞിരാമൻ മാസ്റ്ററും നമ്മുടെ പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. നമ്മുടെ പഞ്ചായത്തിലെ ചെമ്മങ്കാട് മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ആരംഭിച്ച എൽ. പി. സ്കൂളും ആദ്യകാലത്ത് വിദ്യാകേന്ദ്രങ്ങളിൽ ഒന്നായിരുന്നു. എരട്ടയാൽ സ്ക്കൂളിന്റെ പുനരു

ദ്ധാരണത്തിന് കുഞ്ഞിരാമൻ മാസ്റ്ററുടെ നേതൃത്വത്തിൽ പൗര സംഘം രൂപീകരിച്ച് ജനങ്ങൾ നടത്തിയ സന്നദ്ധ പ്രവർത്തനം അമ്പതുകളിൽ ഉയർന്നുവന്ന കൂട്ടായ്മയുടേയും സംഘ ബോധത്തിന്റെയും ഓർമ്മകളായി ജനമനസ്സുകളിൽ ഇന്നും നില നിൽക്കുന്നു.

1947 -ൽ കൊട്ടെക്കാട് ആരംഭിച്ച പൊതുവായന ശാലയും 1957 -ൽ എരട്ടയാലിൽ ആരംഭിച്ച ഉദയ കേരള ഗ്രന്ഥശാലയും ആയിരുന്നു പഞ്ചായത്തിലെ ആദ്യകാല വിജ്ഞാന കേന്ദ്രങ്ങൾ.

കൃഷിക്കാർക്കും കർഷകതൊഴിലാളികൾക്കും യുവ ജനങ്ങൾക്കും മഹിളകൾക്കും സംഘടനകൾ ഉണ്ടെങ്കിലും അതിൽ കർഷകരുടേയും സ്ത്രീകളുടെയും പ്രസ്ഥാനങ്ങൾ വേണ്ടത്ര സംഘടിതമോ സജീവമോ അല്ല.

പഞ്ചായത്തിലെ പഴയ പ്രശ്നങ്ങൾ പലതും പുതിയ പ്രശ്നങ്ങൾക്ക് വഴിമാറുകയാണ്. കാർഷിക രംഗത്ത് ഉണർവ് നഷ്ടപ്പെടുകയും കൃഷിയോടുള്ള താല്പര്യം കുറയുകയും ചെയ്തി ട്ടുണ്ട്. സ്ഥായിയായി തൊഴിലവസരങ്ങൾ തേടുന്ന പുതിയ തലമുറയ്ക്ക് ആശ്വാസമേകാൻ കഴിയുന്ന കാർഷിക - വ്യവസായ മേഖലകളിൽ ഉൾക്കാഴ്ചയോടുകൂടിയ വികസന തന്ത്രങ്ങളും ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു പുത്തൻ വികസനശൈലിയും സ്വീകരിക്കേണ്ടതുണ്ട്. സാമൂഹ്യ-സാമ്പ ത്തിക രംഗങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ട ബഹുഭൂ രിപക്ഷം സ്ത്രീകളെ സമൂഹ നിർമ്മാണത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരാൻ ബോധപൂർവ്വമായ ഇടപെടലുകൾ അനിവാര്യ മാണ്. ഇന്ന് നിലനിൽക്കുന്ന ഇത്തരം പ്രശ്നങ്ങളെ മനസ്സി ലാക്കി പരിഹരിക്കുന്നതിലൂടെ മാത്രമെ നമ്മുടെ പഞ്ചായ ത്തിന് ഇനി മുന്നോട്ടു പോകുവാൻ ആവുകയുള്ളു.

അധികാരം ജനങ്ങളിലേക്ക്



4

# ഭൂപ്രകൃതിയും വിഭവങ്ങളും

## *1. ഭൂപ്രകൃതി*

സമുദ്ര നിരപ്പിൽ നിന്നും 457 അടി ഉയരത്തിൽ പാലക്കാടിന്റെ കിഴക്കു ഭാഗത്തു സ്ഥിതി ചെയ്യുന്ന പ്രദേശമാണ് മരുതറോഡ് പഞ്ചായത്ത്. വടക്കു പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്ന ഈ ഭൂ പ്രദേശം സമതലങ്ങളും താരതമ്യേന ഉയർന്ന പ്രദേശങ്ങളും ഇൽക്കൊള്ളുന്നതാണ്. തെക്കു ഭാഗത്ത് എൻ. എച്ച്. 47 നോട് ചേർന്ന കണ്ടാത്തുപ്പാറ കുന്നക്കാട് പ്രദേശത്ത് അര കിലോമീറ്റർ വിസൃതിയിൽ പാറക്കെട്ടുകൾ കാണപ്പെടുന്നു. കല്ലേപ്പുള്ളിക്ക് തൊട്ടു കിഴക്കു ഭാഗത്തും ചെറിയ തോതിൽ പാറക്കെട്ടുകൾ ഉണ്ട്. പടലിക്കാട്, കുന്നങ്കാട്, കല്ലേപ്പുള്ളി, ചരിഞ്ഞ പ്രദേശങ്ങളും കാളിപ്പാറ ചെറിയ ചരിവോടുകൂടിയ സമതല പ്രദേശവും മണലി, എരട്ടയാൽ, സൂര്യചിറ, എന്നീ പ്രദേശങ്ങൾ സമതലങ്ങളുമാണ്. ഭൂപ്രകൃതി അനുസരിച്ച മരുതറോഡിനെ മൂന്നു മേഖലകളായി തിരിക്കാം.

1. ഉയർന്ന പ്രദേശം
2. ചരിഞ്ഞ പ്രദേശം
3. സമതലം

| ഭൂപ്രകൃതി മേഖലകൾ | | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന സമതലം | 80 | 5 .3 % |
| 2. | ചെറു ചെരിവ് | 560 | 35 .2 % |
| 3. | സമതലം | 948 | 59 .69 % |
| | ആകെ | 1588 | 100% |

# ഭൂവിനിയോഗം



## മൺതരങ്ങൾ

പഞ്ചായത്തിന്റെ വടക്കൻ ഭൂപ്രദേശങ്ങളിൽ പശിമയുള്ള കളിമണ്ണും തെക്കോട്ട് വരുന്തോറും പൊതുവെ ചെമ്മണ്ണും മണലും കലർന്നതാണ് പ്രധാനമൺതരങ്ങൾ.

പഞ്ചായത്തിന്റെ വടക്കു ഭാഗത്തുകൂടി ഒഴുകുന്ന കോരയാർ പുഴയിൽ വേനൽകാലത്ത് വെള്ളമുണ്ടാവാറില്ല.

മാർച്ച് ഏപ്രിൽ മാസങ്ങളിൽ ചുരം കടന്നു വരുന്ന ചൂട് കാറ്റ് വരണ്ട കാലാവസ്ഥയ്ക്ക് കാരണമാകുന്നു.

## 2. ജനപ്രകൃതി

മരുതറോഡിലെ ജനസംഖ്യ 27438 ആണ്. ഇതിൽ 13434 പുരുഷന്മാരും 14004 സ്ത്രീകളുമാണ്. ആകെ ജനസംഖ്യയിൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം 3771 ആണ്.

പട്ടിക ജാതിയിൽപ്പെട്ട ആളുകൾ മൊത്തം ജനസംഖ്യയുടെ 14.55 ശതമാനം വരും. വൃദ്ധരേയും കുട്ടികളേയും ഒഴിച്ചു നിർത്തിയാൽ തൊഴിലെടുക്കാൻ ശേഷിയുള്ളവരിൽ 45.72% പേർക്കാണ് തൊഴിലുള്ളത്. ഇവരിൽ 30% സ്ത്രീകളാണ്.

## സാക്ഷരതാ നിലവാരം :-

സാക്ഷരതയിൽ സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ് നമ്മുടെ സ്ഥാനം. ഏകദേശം 19,000 ത്തോളം പേരാണ് സാക്ഷരരായിട്ടുള്ളത്. ഇത് ആകെ ജനസംഖ്യയുടെ 70%ത്തോളമേ വരികയുള്ളൂ.

## തൊഴിലും വരുമാനവും :-

കാർഷിക രംഗത്തെ മുരടിപ്പും തൊഴിൽ ദിനങ്ങളുടെ കുറവും കാരണം വരുമാനത്തിന് മറ്റുമേഖലകളിലേക്ക് തൊഴിൽ തേടി പോകുന്നവരുടെ എണ്ണം വർദ്ധിച്ചു വരികയാണ്.

കെട്ടിട നിർമ്മാണമേഖലയും, കഞ്ചിക്കോട് വ്യവസായ മേഖലയും പ്രദാനം ചെയ്ത പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള തൊഴിൽ സാദ്ധ്യതകളാണ് രൂക്ഷമായ തൊഴിലില്ലായ്മയെ ഒരു പരിധിവരെയെങ്കിലും തടഞ്ഞു നിർത്തുന്നത് വ്യവസായ മേഖലയിലേക്ക് പോകുന്ന ഏറെപേരും അവിദഗ്ധകരും അസംഘടിതരുമാണ്. തന്മൂലം മെച്ചപ്പെട്ട വേതനമോ ജോലി സ്ഥിരതയോ ഇവർക്ക് ലഭിക്കുന്നില്ല.

**പട്ടിക – 3**

| നമ്പർ | ഇനം | എണ്ണം | സ്ത്രീ | പുരുഷൻ |
|---|---|---|---|---|
| 1 | ജനസംഖ്യ | 27438 | 14004 | 13434 |
| 2 | പട്ടികജാതി / പട്ടികവർഗ്ഗം | 3993 | 2038 | 1955 |
| 3 | തൊഴിലുള്ളവർ | 7583 | 2274 | 5309 |
| 4 | സാക്ഷരർ | 19206 | 9027 | 10179 |
| 5 | കർഷകർ (കൃഷി മുഖ്യവരുമാനമായി സ്വീകരിച്ചവർ) | 1559 | – | – |

## 3. ജലപ്രകൃതി

### മഴ :-

വർഷത്തിൽ ശരാശരി 2024.4 മി.മീറ്റർ മഴയാണ് നമുക്ക് കിട്ടുന്നത്. ഇത് സംസ്ഥാനശരാശരിയേക്കാൾ വളരെ താഴെയാണ്. പാലക്കാട് ചുരത്തോട് ചേർന്നുള്ള മരുതറോഡിന്റെ ഭൂമി ശാസ്ത്രപരമായ കിടപ്പ് ഇതിന്നൊരു കാരണമാകാം. മാർച്ച് - ഏപ്രിൽ മാസങ്ങളിൽ അന്തരീക്ഷ ഊഷ്മാവ് 38° സെന്റിഗ്രേഡ് മുതൽ 42 ഡിഗ്രി സെന്റിഗ്രേഡ് വരെ ഉയർന്നുവരുന്നു.

### ജലസ്രോതസ്സുകൾ :-

5.9 കി.മീറ്റർ തോരയാർപുഴയും 4.8 കി. മീറ്റർ തിരുമുണ്ടിക്കാട് തോടും, 8, കി. മീറ്റർ വരുന്ന മലമ്പുഴ കനാലും, 15 സെന്റു മുതൽ 2 1/4 ഏക്രു വരെ വിസ്തീർണ്ണമുള്ള 112 കുളങ്ങളും ഉൾപ്പെടുന്നതാണ് നമ്മുടെ സ്വഭാവിക ജലസ്രോതസ്സുകൾ.

### മണ്ണൊലിപ്പ് :-

അരുകുടി, പടലിക്കാട്, കുങ്കുമക്കാട്, പ്രദേശങ്ങളിൽ സാരമായ തോതിൽ മണ്ണൊലിപ്പ് ഭീഷിണി നേരിടുന്നു.

ഭൂമി ശാസത്രപരമായ പ്രത്യേകതകൾ കാരണം മഴവെള്ളത്തിന്റെ ഏറിയ പങ്കും തിരുമുണ്ടിക്കാട് തോടും, കോരയാർ പുഴയും വഴി വളരെ വേഗം പുറത്തേക്ക് ഒഴുകി പോകുന്നു.

**പട്ടിക - 4**

### മഴയുടെ ശരാശരി തോത് 95 - "96

| | | |
|---|---|---|
| 1 | തുലാവർഷം | 474. മീ. മീറ്റർ |
| 2. | കാലവർഷം | 1394 മി. മീറ്റർ |
| 3 | ഇടമഴ | 156 മി. മീറ്റർ |

**പട്ടിക - 4** *"95 - ൽ കിട്ടിയ ആകെ മഴവെള്ളം*

| | |
|---|---|
| ആകെ ഭൂവിസ്തൃതി | 19.68 ച.കി.മി. |
| ഒരു വർഷം കിട്ടുന്ന ആകെ മഴവെള്ളം | 39.84 ദശലക്ഷം ഘനമീറ്റർ |

# 5

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

# 5.1 കൃഷി ജലസേചനം



ഒരു കാർഷിക ഗ്രാമമായിരുന്ന നമ്മുടെ പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയിൽ 54.61% കൃഷി നിലങ്ങളും 34.14% കൃഷിയോഗ്യമായ പുരയിടങ്ങളുമാണ്. നെല്ലറയുടെ പ്രധാന ഭാഗമായ നമ്മുടെ ഭൂപ്രദേശം ഭൂപരിഷ്ക്കരണംവരെ 12 ഓളം ജന്മിമാരുടെയും ക്ഷേത്ര ദേവസ്വങ്ങളുടെയും ഉടമസ്ഥ യിലുമായിരുന്നു. കൃഷിഭൂമി കൃഷിക്കാർക്ക് എന്ന മുദ്രാ വാക്യം ഉയർത്തി നടത്തിയ ഉജ്ജ്വലമായ കർഷക സമരങ്ങ ളും, ശ്രീ. ഇ. എം. എസ്., ഗവൺമെന്റിന്റെ വിപ്ലവകരമായ ഭൂപരിഷ്കരണ നടപടികളും ജന്മിത്തം അവസാനിപ്പിച്ചപ്പോൾ നമ്മുടെ കർഷകരും ഭൂമിയ്ക്ക് അവകാശികളായി മാറി.

### *സസ്യ ഇനങ്ങൾ :-*

ഇവിടത്തെ മുഖ്യ കൃഷി നെല്ലായിരുന്നു. ചെറിയ തോതിൽ തെങ്ങും പയറുവർഗ്ഗങ്ങളും വാഴയും കൃഷിചെയ്തി രുന്നു. ജലസേചന സൗകര്യം അധികം ഇല്ലാതിരുന്ന നമ്മുടെ മണ്ണിൽ കരിമ്പനകളും പുളിമരങ്ങളും ആര്യ വേപ്പും മുളങ്കാടുകളും ധാരാളമായി 70കൾ വരെ ഉണ്ടായിരുന്നു.

ഏറ്റിറക്കങ്ങളോടുകൂടിയ നമ്മുടെ ഭൂപ്രദേശത്ത് പാട ങ്ങളിൽ ആവശ്യത്തിന് വെള്ളമില്ലാതിരുന്നതുകൊണ്ട് ഒരുപ്പൂ കൃഷിയാണ് ചെയ്തുവന്നിരുന്നത്. പഞ്ചായത്തിന്റെ വടക്ക് കൊട്ടേക്കാട് പ്രദേശത്തുള്ള കറിനാദ്ധ്വാനികളായ കർഷകർ നീരൊഴുക്കുള്ള അടുപ്പുകൂട്ടി മല മുതൽ എലിവാലു വരെയുള്ള താഴ്വാരങ്ങളിൽ പോയി കൃഷിചെയ്തിരുന്നു.

മൊത്തം കർഷകരിൽ 68%വും രണ്ടു ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട കർഷകരും നാമ മാത്ര കർഷകരുമാണ്. 2354 കർഷക കുടുംബങ്ങളിൽ കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചവർ 1559 പേരാണ്. 1950കൾ വരെ ഒന്നാം വിള കഴിഞ്ഞാൽ ജലസേചന സൗകര്യത്തിന്റെ കുറവുമൂലം കൃഷി നിലങ്ങൾ കാലികളെ മേയ്ക്കാൻ ഉപയോഗിച്ചിരുന്നു. പറമ്പു കൃഷി താരതമ്യേന കുറവാ യിരുന്നു. ആ കാലങ്ങളിൽ മഴയേയും കുളങ്ങളേയും ആശ്രയിച്ചാണ് കൃഷി ചെയ്തുവന്നിരുന്നത്. ഒരു പൂവൽ കൃഷി കഴിഞ്ഞാൽ കുളങ്ങളുടെ സമീപത്തുള്ള ഭൂമിയിൽ "പള്ള കൃഷി" എന്നറിയപ്പെട്ടിരുന്ന പച്ചക്കറി കൃഷി വ്യാപക മായിരുന്നു.

1957 ൽ മലമ്പുഴ കനാൽ വന്നതോടുകൂടി 2-ാം പൂവൽ കൃഷി 622 ഹെക്ടറായി വർദ്ധിച്ചു. പഞ്ചായത്തിലെ

പാടശേഖരങ്ങളിൽ മലമ്പുഴ കനാലിന്റെ ആയക്കെട്ടു പ്രദേശത്ത് ഇരുപ്പൂവിന് ആവശ്യമായ വെള്ളം സമയത്തിന് കിട്ടുന്നില്ല എന്ന പരാതി കർഷകർക്കും പാടശേഖര കമ്മിറ്റികൾക്കുമുണ്ട്. വാളയാർ പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്ത് കഴിഞ്ഞ ഒരു ദശകമായി വെള്ളം കിട്ടാത്തതു കൊണ്ട് മഴയെ ആശ്രയിച്ച് കൃഷി ചെയ്യേണ്ടുന്നവസ്ഥയിലാണ് കർഷകർ. ഈ പ്രദേശത്ത് കൂടി കടന്നു പോകുന്ന തിരുമുണ്ടിക്കാട് തോട് വേനൽക്കാലത്ത് വരണ്ട് ഉണങ്ങി കിടക്കുന്നു. മഴക്കാലമായാൽ കരകവിഞ്ഞ് കൃഷിയ്ക്ക് നാശം വരുത്തിക്കൊണ്ട് പഞ്ചായത്തിന് പുറത്ത് കല്പാത്തി പുഴയിൽ പോയി ചേരുന്നു.

## ജലസേചന സൗകര്യമില്ലാത്ത പ്രദേശങ്ങൾ

വാളയാർ ആയക്കെട്ട് പ്രദേശത്തുൾപ്പെടുന്ന കുപ്പിയോട്, മരുതറോഡ്, ഇരട്ടയാൽ, കിഴക്കേത്തറ, അരുകുടി, നാമ്പള്ളം മുതലായ പ്രദേശങ്ങളിൽ വെള്ളത്തിന്റെ ദൗർലഭ്യംകാരണം രണ്ടാം വിള നെൽകൃഷി ഉണങ്ങിപോകുക സാധാരണമാണ്. ഇവിടെ മൂപ്പുകുറഞ്ഞ വിത്തിനങ്ങളും മഴയുടെ കാരുണ്യവും ആശ്രയിക്കേണ്ട സ്ഥിതിയിലാണ് കൃഷിക്കാർ.

പഞ്ചായത്തിൽ കൃഷിയ്ക്ക് അനുയോജ്യമായ 840 ഹെക്ടർ ഭൂമിയുണ്ടെങ്കിലും അതിൽ 202 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യമില്ല. ഈ പ്രദേശങ്ങളിൽ മഴയെ ആശ്രയിച്ചും കുളം, കിണർ എന്നിവയെ ആശ്രയിച്ചും ജലസേചനം നടത്തിവരുന്നു. ബാക്കിവരുന്ന 622 ഹെക്ടർ കൃഷിഭൂമി വാളയാർ മലമ്പുഴ പദ്ധതികളുടെ ആയക്കെട്ട് പ്രദേശങ്ങളിൽ ഉൾപ്പെടുന്നവയാണ്.

**പട്ടിക – 6**

### *വിളയും വിസ്തീർണ്ണവും*

| | വിള | വിസ്തീർണ്ണം |
|---|---|---|
| 1. | നെല്ല്<br>(a) ഒന്നാം വിള<br>(b) രണ്ടാം വിള<br>(c) മൂന്നാം വിള | <br>700 ഹെക്ടർ<br>622 ഹെക്ടർ<br>ഇല്ല |
| 2. | തെങ്ങ് | 85 ഹെക്ടർ |
| 3. | വാഴ | 23 ഹെക്ടർ |
| 4 | മരച്ചീനി | 2 ഹെക്ടർ |
| 5. | പയറുവർഗ്ഗങ്ങൾ | 14 ഹെക്ടർ |
| 6. | പച്ചക്കറികൾ | 12 ഹെക്ടർ |
| 7. | ഇഞ്ചി – മഞ്ഞൾ | 4 ഹെക്ടർ |
| | ആകെ | 840 ഹെക്ടർ |

1-ാം വിളയിൽ 2520 ടണ്ണും 2-ാം വിളയിൽ 2170 ടണ്ണും നെല്ല് ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ട്. വർഷത്തിൽ നാളികേര ഉല്പാദനം ഏകദേശം 1,70,000ത്തോളം മാത്രമാണ്.

57 മുതൽ 77 വരെയുള്ള കാലഘട്ടങ്ങളിൽ നെല്ലുല്പാദനം വളരെ കൂടുതലായിരുന്നുവെങ്കിലും പിന്നീട് അത് കുറഞ്ഞുവന്നു. കൃഷി ചെയ്തുകൊണ്ടിരുന്ന ഭൂമിയിൽ ഏകദേശം 150 ഹെക്ടറോളം കഴിഞ്ഞ 7 വർഷത്തിനുള്ളിൽ ഹൌസിംഗ് കോളനികൾക്കുവേണ്ടി നികത്തപ്പെടുകയും തരിശിടുകയും ചെയ്തിട്ടുണ്ട്. 5,6,7,8,9 വാർഡുകളിൽ നിലവിലുള്ള കൃഷിഭൂമി വ്യാപകമായി നികത്തപ്പെടുന്ന പ്രവണത ഗുരുതരമായി തുടരുന്നു.

77 നു മുമ്പു വരെ കൃഷിക്കാർ വ്യാപകമായി ഉപയോഗിച്ചിരുന്ന ജൈവവളം രാസവളത്തിന് വഴിമാറി. ഇതു മൂലം 1500 ലോഡ് ജൈവവളമാണ് പ്രതിവർഷം നമ്മുടെ പ്രദേശത്തു നിന്ന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നത്. അശാസ്ത്രീയവും നിയന്ത്രണാതീതവുമായ തോതിൽ രാസവളം ഉപയോഗിക്കുന്നതിന്റെ ഫലമായി മണ്ണിന്റെ ഘടനയിൽ വരുന്ന മാറ്റം കഴിഞ്ഞ 12 വർഷങ്ങൾക്കിടയിൽ ഫലപ്രദമായി പരിശോധിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ 10 വളം - കീടനാശിനി ഡെപ്പോകളും ഒരു സഹകരണ ബാങ്ക് ശാഖ ഉൾപ്പെടെ 4 ധനകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൃഷിക്കാരുടെ ആവശ്യത്തിന് വേണ്ടത്രയളവിൽ വേണ്ട സമയ

പട്ടിക - 7

## *രാസവളങ്ങളുടെ ഉപയോഗം*

| വർഷം | നൈട്രജൻ വളം | ഫോസ്ഫേറ്റ് വളം | പൊട്ടാഷ് വളം |
|---|---|---|---|
| 1990 | 240 ടൺ | 375 ടൺ | 150 ടൺ |
| 1991 | 250 ടൺ | 400 ടൺ | 150 ടൺ |
| 1992 | 260 ടൺ | 450 ടൺ | 170 ടൺ |
| 1993 | 260 ടൺ | 430 ടൺ | 150 ടൺ |
| 1994 | 250 ടൺ | 450 ടൺ | 160 ടൺ |
| 1995 | 240 ടൺ | 375 ടൺ | 150 ടൺ |

പട്ടിക – 8

## കഴിഞ്ഞ 6 വർഷങ്ങളിലെ കീടനാശനിയുടെ ഉപയോഗം

| വർഷം | ദ്രാവകം | പൊടി |
|---|---|---|
| 1990 | 160 ലിറ്റർ | 15 കി.ഗ്രാം |
| 1991 | 170 " | 25 " |
| 1992 | 165 " | 25 " |
| 1993 | 175 " | 30 " |
| 1994 | 180 " | 60 " |
| 1995 | 185 " | 80 " |

ങ്ങളിൽ കൃത്യമായി വായ്പ ലഭിക്കാത്ത പ്രശ്നങ്ങളുമുണ്ട്. എല്ലാ കർഷകരും കാർഷിക ബാങ്കുകളിൽ അംഗങ്ങൾ പോലുമല്ല എന്ന വസ്തുത കൂടി ഈ അവസരത്തിൽ കാണേണ്ടതുണ്ട്. കർഷകരുടെ ആവശ്യങ്ങൾക്കായി ഒരു അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇത് വേണ്ടത്ര ഫലപ്രഥമല്ല.

### വിത്തിനങ്ങളും ഉല്പാദനക്ഷമതയും :-

ചന്നിനായകം, ചമ്പാൻ, കഴമ, തുടങ്ങിയ വിത്തിനങ്ങളായിരുന്നു മുമ്പ് ഉപയോഗിച്ചിരുന്നത്. അതിന്റെ വിളവ് 10 മേനി മുതൽ 15 മേനിവരെയായിരുന്നു. ഇന്ന് കാണുന്ന രോഗങ്ങൾ ഒന്നും അവയ്ക്ക് ഇല്ലായിരുന്നു എന്ന പ്രത്യേകതയും, വളങ്ങൾ ഇത്രത്തോളം ആവശ്യമില്ലായിരുന്നു എന്ന വസ്തുതയും ശ്രദ്ധേയമാണ്.

ജയ, പവിഴം, മഷൂരി, ജ്യോതി, പൊന്മണി തുടങ്ങിയ വിത്തിനങ്ങൾ ഒന്നാം വിളയ്ക്കും പവിഴം, ആതിര, കാഞ്ചന, പൊന്നി, പൊന്മണി, ആലപ്പുഴ മട്ട, തുടങ്ങിയ ഇനങ്ങൾ രണ്ടാം വിളയ്ക്കും ഉപയോഗിക്കുന്നു. ഒരു ഹെക്ടർ ഭൂമിയിൽ നിന്നും ശരാശരി 3500 കിലോ മുതൽ 3750 കിലോ വരെയാണ് നെല്ലുല്പാദനം (15 മുതൽ 22 മേനി വരെ).

3-ാം വിള ഇല്ലാത്തതു മൂലം പാടശേഖരങ്ങൾ മൊത്തത്തിൽ തരിശിടുന്ന അവസ്ഥമാറ്റി പയറു വർഗ്ഗങ്ങളും പച്ചക്കറിയും ഇടവിളകളായി കൃഷിചെയ്യാൻ ഒരു ശ്രമവും നടത്താത്തത് കാർഷിക വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തുന്നു. ആധുനിക കാർഷിക സങ്കേതങ്ങൾ ഉപയോഗിച്ച്, ഇങ്ങിനെ തരിശിടുന്ന മണ്ണിനെ പ്രത്യുല്പാദനപരമാക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് 9 പാടശേഖര സമിതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇവയിൽ പലതും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല.

പട്ടിക –9

## *പാടശേഖരസമിതിയും വിളക്രമങ്ങളും*

| നമ്പർ | പാടശേഖരസമിതി | ഒന്നാംവിള | രണ്ടാം വിള |
|---|---|---|---|
| 1. | കല്ലേപ്പുള്ളി – മണലി | 72 ഹെക്ടർ | 72 ഹെക്ടർ |
| 2. | ആലമ്പള്ളം | 116 ഹെക്ടർ | 100 ഹെക്ടർ |
| 3. | കിഴക്കേത്തറ – അരികുടി | 56 ഹെക്ടർ | 41 ഹെക്ടർ |
| 4. | കോഴിയമ്പാടം | 45 ഹെക്ടർ | 42 ഹെക്ടർ |
| 5. | ചീനിക്കാട് | 78 ഹെക്ടർ | 70 ഹെക്ടർ |
| 6. | കുശക്കുഴി | 50 ഹെക്ടർ | 50 ഹെക്ടർ |
| 7. | കരിക്കാട് – പീലിക്കാട് | 106 ഹെക്ടർ | 100 ഹെക്ടർ |
| 8. | കുപ്പിയോട് | 80 ഹെക്ടർ | 70 ഹെക്ടർ |
| 9. | മരുതറോഡ് ചെമ്പലോട് | 97 ഹെക്ടർ | 77 ഹെക്ടർ |
| | ആകെ | 700 ഹെക്ടർ | 622 ഹെക്ടർ |

പട്ടിക –10

## *ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ*

| നമ്പർ | ബാങ്ക് | 95 – 96 വായ്പ |
|---|---|---|
| 1 | യൂണിയൻ ബാങ്ക് | 32 ലക്ഷം |
| 2 | നെടുങ്ങാടി ബാങ്ക്<br>a) ചന്ദ്രനഗർ ശാഖ<br>b) കൊട്ടേക്കാട് | 160 ലക്ഷം |
| 3 | പാലക്കാട് സർവ്വീസ് സഹകരണ ബാങ്ക് | 199 ലക്ഷം |
| | ആകെ | |

## ജലസേചന സ്രോതസ്സുകൾ :-

120 കുളങ്ങളും 4.8 കി.മീറ്റർ നീളം വരുന്ന തിരുമുണ്ടിക്കാട് തോടും, 8 കി.മീറ്റർ മലമ്പുഴ കനാലും 50 കി.മീറ്റർ കാഡാ തോടുകളും 5 കി. മീറ്ററോളം കോരയാർ പുഴയും ചേർന്നതാണ് നമ്മുടെ കൃഷിക്ക് ഉപയോഗി ക്കാവുന്ന ജലസ്രോതസ്സുകൾ. കുളങ്ങൾ കൂടുതലും തൂർന്ന് കൊണ്ടിരിക്കുകയാണ്. കയ്യേറ്റം മൂലം തോടിന്റെ വിസ്തൃതിയും വളരെയേറെ കുറഞ്ഞിട്ടുണ്ട് കാലവർഷത്തിലും തുലാവർഷത്തിലും ഇടമഴകളിലും കൂടി ശരാശരി 40 ദശലക്ഷം ഘ.മീറ്റർ മഴവെള്ളമാണ് നമ്മുടെ പ്രദേശത്ത് കിട്ടുന്നത്. നമ്മുടെ പ്രദേശത്ത് ഒരു വർഷം ഏകദേശം 200 സെ.മീറ്ററിൽ താഴെ കിട്ടുന്ന മഴവെള്ളം സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്.

**പട്ടിക – 11**

### ഭൂവുടമസ്ഥരുടെ എണ്ണം

| ഭൂവി വിസ് തൃതി | 1–10 സെന്റ് വരെ | 10–25 സെന്റ് | 25–50 സെ.വരെ | 50സെന്റ് മുതൽ 1ഏ.വരെ | 1ഏക്ര മുതൽ 2ഏ.വരെ | 2ഏക്ര 5ഏക്ര | 5ഏക്ര മുകളിൽ |
|---|---|---|---|---|---|---|---|
| എണ്ണം | 2813 | 2636 | 851 | 601 | 426 | 197 | 48 |

## കാർഷിക തൊഴിൽ രംഗം:-

കാർഷിക മേഖലയിലെ തൊഴിൽ ദിനങ്ങളുടെ കുറവും ഭൂമി തരിശിടലും Real estate കാരുടെ രംഗ പ്രവേശവും ഉല്പാദന ചെലവിലെ വർദ്ധനവും മൂലം കൃഷി യോടുള്ള താല്പര്യക്കുറവും എല്ലാംകൂടിചേർന്നപ്പോൾ ഉണ്ടായ കർഷിക മുരടിപ്പുകാരണം കർഷകതൊഴിലാളികളിൽ ഒരു വിഭാഗം മറ്റു മേഖലകളിലേക്ക് പോകുകയാണ്. ഏകദേശം 1200ഓളം കർഷകതൊഴിലാളികളാണ് ഇന്ന് ഈ രംഗത്തു ള്ളത്. ഇവരുടെ ശരാശരി കൂലി നിരക്ക് പൂരുഷന് 70 രൂപയും സ്ത്രീക്ക് 30 രൂപയുമാണ്.

1987ലാണ് കൃഷിഭവൻ നമ്മുടെ പഞ്ചായത്തിൽ നിലവിൽ വന്നത്. ഒരു കൃഷി ആപ്പീസറും 3 കൃഷി അസിസ്റ്റന്റുമാരും ഉള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണ മായ തോതിൽ കർഷകർക്ക് ലഭിക്കുന്നില്ല. ഒരു പൂർണ്ണ സമയ കൃഷി ആപ്പീസറുടെ അഭാവം പരിഹരിക്കേണ്ടതുണ്ട്. സ്വന്തമായിട്ട് കൃഷിഭവന് കെട്ടിടമില്ല. ഇപ്പോഴത്തെ വാടക കെട്ടിടത്തിൽ വേണ്ടത്ര സൗകര്യമില്ല.

## പ്രശ്നങ്ങൾ

1. 12 വർഷമായി മണ്ണിന്റെ ഗുണനിലവാരം ഫലപ്രദമായി പരിശോധിച്ചിട്ടില്ല.
2. 5,6,7,8,9 വാർഡുകളിൽ വ്യാപകമായി കൃഷി നിലങ്ങൾ നികത്തിവരുന്നു.
3. 202 ഹെക്ടർ സ്ഥലത്ത് 2-ാം വിളയ്ക്കും മൊത്തം കൃഷി സ്ഥലങ്ങളിൽ 3-ാം വിളയ്ക്കും ജലസേചന സൗകര്യമില്ല.
4. വാളയാർആയക്കെട്ട് പ്രദേശത്ത് 10 വർഷമായി വെള്ളം കിട്ടുന്നില്ല.
5. 50 കി.മി. ദൈർഘ്യമുള്ള കാഡാ കനാൽ പലേടത്തും പൊട്ടിപൊളിഞ്ഞും തൂർന്നും കിടക്കുന്നു.
6. മലമ്പുഴ കനാലിൽ നിന്നും ആവശ്യത്തിന് വെള്ളം കിട്ടുന്നില്ല.
7. കൃഷി രോഗങ്ങൾ തടയുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടില്ല. കൊട്ടേക്കാട് പ്രദേശത്ത് മുഞ്ഞരോഗം ഗുരുതരമായ കൃഷിനാശം ഉണ്ടാക്കുന്നു.

8. നല്ല നടീൽവസ്തുക്കളുടെ അപര്യാപ്തത.

9. അശാസ്ത്രീയമായ രീതിയിലുള്ള രാസവളപ്രയോഗം.

10. ആവശ്യത്തിന് ട്രാക്ടറും, ട്രില്ലർ, പമ്പുസെറ്റുകൾ, സ്പ്രേയറുകൾ ഇവയുടെ അപര്യാപ്തത.

11. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടാനോ മാർക്കറ്റിങ്ങിനോ സംവിധാനം ഇല്ല.

12. ബാങ്കുകളിൽ നിന്ന് വേണ്ട സമയത്ത് ആവശ്യമായ അളവിൽ വായ്പ ലഭിക്കുന്നില്ല.

13. നെല്ല് സംസ്കരണത്തിന് ആവശ്യമായ റൈസ് മില്ലുകളുടെ അഭാവം.

14. രാസവളത്തിനും കീടനാശിനിക്കും അടിയ്ക്കടി ഉണ്ടാകുന്ന വില വർദ്ധനവ്.

15. ജലസേചനത്തിന് ഉപയോഗിച്ചിരുന്ന കുളങ്ങളുടെ നശീകരണം.

16. തിരുമുണ്ടിക്കാട് തോടിന്റെ വിസ്തൃതിയും ആഴവും കൈയ്യേറ്റം മൂലം കുറഞ്ഞുവരുന്നു.

## സാദ്ധ്യതകൾ

1. കൃഷിനിലങ്ങൾ നികത്തുന്നത് കർശനമായി തടയുക.

2. ജനകീയ പങ്കാളിത്തത്തോടെ **മണ്ണുപരിശോധന** നടത്തുക.

3. 2-ാം വിളയ്ക്കും 3-ാംവിളയ്ക്കും ആവശ്യമായ സ്ഥല **ജല മാനേജ്മെന്റ്** ആവിഷ്കരിയ്ക്കുക.

4. കോരയാർ പുഴയിൽ അരികുടി, കരിമങ്കാട്, പടലികാട് എന്നീ ഭാഗങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ **വലിയ തടയണകൾ** കെട്ടുക.

5. തിരുമുണ്ടിക്കാട് തോടിൽ സൂര്യച്ചിറ, അയ്യപ്പൻകാട്, പാഞ്ചീരിക്കാട്, വരാട്, തേക്കോണി, മന്ത്രിക്കാട്, എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിക്കുകയും തോടിന്റെ സർവ്വേ നടത്തി വേണ്ടത്ര സംരക്ഷണത്തോടുകൂടി അതിന്റെ വിസ്തൃതി പുനഃസ്ഥാപിക്കുക.

6. ജലസേചന സൗകര്യത്തിന് വേണ്ടി താഴെ പറയുന്ന പൊതു കുളങ്ങളും സർണ്ടർ ചെയ്യുന്നതിന് തയ്യാറുള്ള സ്വകാര്യ കുളങ്ങളും പുനഃരുദ്ധരിക്കാൻ പരിപാടി ആവിഷ് കരിക്കുക.

**പട്ടിക – 12**

## *പുനരുദ്ധരിക്കേണ്ട കുളങ്ങൾ*

| നമ്പർ | പൊതുകുളം | സ്വകാര്യ കുളങ്ങൾ | വാർഡ് |
|---|---|---|---|
| 1 | **കൊട്ടപ്പള്ളം,മങ്കരകുളം,അട്ടക്കുളം** | **പുത്തൻകുളം** | 1 |
| 2. | **കിഴക്കേത്തറ,കൊട്ടെക്കാട്,അമ്പലകുളം ചെമ്മങ്കാട്, തട്ടാൻകുളം** | **പറക്കുളം** | 3 |
| 3. | | **കുഴിയക്കാട് കുളം** | 4 |
| 4. | **പാഞ്ചിരിക്കാട് തൃക്കുളം, ആലമ്പള്ളം 4 സെന്റ് കുളം** | **ഊരൽകുളം കെക്കേക്കാട് ഏരി** | 5 |
| 5. | **നെല്ലിയങ്കുളം 2 ഏക്ര 15 സെന്റ്** | **പെരുമാട്ടികുളം, പുന്നർകുളം** | 6 |

| നമ്പർ | പൊതുകുളം | സ്വകാര്യ കുളങ്ങൾ | വാർഡ് |
|---|---|---|---|
| 6 | ചെമ്പലോട് മറഞ്ഞകുളം, ചന്ദ്രനഗർകുളം | – | 7 |
| 7 | ചന്ദ്രനഗർ കോളനി കുളം, തെക്കുമുറി പഞ്ചായത്ത്കുളം, കൽമണ്ഡപം, ശ്മശാനകുളം, അയ്യപ്പൻകുളം | പഴൂർ കുളം | 8 |
| 8 | കല്ലക്കുളം, കടയങ്കോട്, മിച്ചഭൂമി കുളം, പുളക്കാട് കുളം | ഞാറണ കുളം | 9 |
| 9 | ബസ്സ്റ്റോപ്പ് കുളം | ഇല്ലത്ത്കുളം, കിഴക്കേ ആനപ്പാറകുളം, മുളിക്കുളം പൊട്ടക്കുളം | 10 |
| 10 | ഹെബ്ബാർകുളം, പൊതുകുളം | ഇരുപ്പക്കാട് കുളം | 11 |

7. മലമ്പുഴ കനാലിൽ നിന്ന് പാഞ്ചിരിക്കാട്, കരിങ്കരപ്പുള്ളി, തെക്കേക്കുന്നം, വണ്ടിത്തോട് എന്നിവിടങ്ങളിൽ **ലിഫ്റ്റ് ഇറിഗേഷൻ** ഏർപ്പെടുത്തുക. തെക്കേകുന്നത്ത്, ചെമ്പ ലോട്, കൽമണ്ഡപം, കല്ലേപ്പുള്ളി പഞ്ചായത്തിനു മുന്നിൽ തടയണകൾ കെട്ടുക.

8. 50 കി.മി. വരുന്ന **കാടാചാലുകൾ** സംരക്ഷിക്കുകയും കൂടുതൽ പ്രദേശത്തേക്ക് നീട്ടുകയും ചെയ്യുക.

9. ആവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യ മാക്കുന്നതിന് പഞ്ചായത്തിന്റെ വടക്കും തെക്കും ഓരോ **അഗ്രോ ക്ലിനിക്കുകൾ** സ്ഥാപിക്കുക.

10. കാർഷികോല്പന്നങ്ങളുടെ സംഭരണ വിതരണത്തിന് **പൊതു വിപണന മാർക്കറ്റ്** സ്ഥാപിക്കുക.

11. ഗ്രൂപ്പ് ഫാമിങ്ങ് മുഖേന അത്യുല്പാദനശേഷിയുള്ള **വിത്തുല്പാദനം** തുടങ്ങുക.

12. **ജൈവവളം** പുറത്തേക്ക് കടത്തുന്നത് നിരുത്സാഹപ്പെ ടുത്തുകയും ജൈവവള പ്രയോഗത്തിന് വേണ്ടത്ര പ്രച രണം നൽകുകയും ചെയ്യുക.

13. **വാട്ടർ ഷെഡ്** പദ്ധതി നടപ്പിലാക്കുക.

14. **ഭൂജല ലഭ്യത** നിർണ്ണയിക്കുവാൻ ജലപര്യവേഷണവും വികസനവും എന്ന പദ്ധതി നടപ്പിലാക്കുക.

15. വരൾച്ച ദുരിതാശ്വാസ ജോലി എന്ന പേരിൽ അറി യപ്പെടുന്ന ഭൂജല വകുപ്പിന്റെ പദ്ധതി നടപ്പിലാക്കുക.

16. പയറുകൃഷി വ്യാപകമാക്കുക.

17. വിത്തും വളവും മറ്റും പഞ്ചായത്തിന്റെ നേതൃത്വത്തിൽ നല്കി 2000 കുടുംബങ്ങളിൽ എങ്കിലും **പച്ചക്കറി** കൃഷി നടത്താൻ സമഗ്രമായ പദ്ധതിക്ക് രൂപം നൽ കുക.

18. കുറ്റിമുല്ല, ഓർക്കിഡ്, തുടങ്ങിയ **ഉദ്യാനകൃഷി**യിലൂടെ പൂക്കൾ ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം കൊടുക്കുക.

19. മരച്ചീനി കൃഷി വ്യാപകമാക്കുകയും കൂൺകൃഷി പദ്ധതി ആരംഭിക്കുകയും ചെയ്യുക. നേന്ത്രൻ, പാളയം കോടൻ, ഞാലിപ്പൂവൻ, കൂമ്പില്ലാക്കണ്ണൻ, മുതലായവ വാഴകളുടെ കൃഷി 50 ഹെക്ടറിലേക്ക് കൂടി വ്യാപി പ്പിക്കുക.

20. നമ്മുടെ പ്രദേശത്ത് ഏറ്റവും സുലഭമായി കാണപ്പെ ടുന്ന ആര്യ വേപ്പിൽ നിന്നും ജൈവ കീടനാശിനി

ഉല്പാദിപ്പിക്കാൻ പദ്ധതിയാവിഷ്കരിക്കുക.

21. കാർഷിക വിളകൾക്ക് **ഇൻഷുറൻസ്** ഏർപ്പെടുത്തുകയും ധനസഹായത്തിനുള്ള വരുമാന പരിധി കുറയ്ക്കുകയും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുകയും മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യുക.

22. കൃഷി ഭവന് സ്വന്തമായി കെട്ടിടവും മുഴുവൻ സമയം കൃഷി ആപ്പീസറെ ലഭ്യമാക്കുകയും ചെയ്യുക.

23. പാടശേഖര കമ്മിറ്റി പുനസംഘടിപ്പിച്ച് കാര്യക്ഷമമാക്കുക.

24. ഫാം റോഡുകൾ :-

മന്ത്രിക്കാട് ഹരിജൻ കോളനിമുതൽ തിരുമുണ്ടിത്തോട് വഴി 10-ാം വാർഡ് തേക്കോണി ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഫാം റോഡും, കുപ്പിയോട്, ഇരുപ്പക്കാട് ബന്ധിച്ചുകൊണ്ടുള്ള ഫാം റോഡും, ബി.പി. റൈസ് മില്ലിൽ നിന്നും അരയക്കാട് പാടശേഖരത്തേക്ക് ഫാം റോഡും നിർമ്മിക്കുക.

25. പഞ്ചായത്ത് തല കാർഷിക വികസന സമിതി രൂപീകരിക്കുക.

26. പഞ്ചായത്ത്തല മണ്ണ് - ജലസംരക്ഷണ സമിതി രൂപീകരിക്കുക.



# 5.2

# മൃഗപരിപാലനം മത്സ്യകൃഷി മേഖല



പശു, കാള, പോത്ത്, എരുമ, ആട്, പന്നി, നായ എന്നിവയാണ് പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾ. പരമ്പരാഗതമായി കാർഷിക മേഖലയിൽ ഒഴവുകൾക്കും വണ്ടി വലിക്കുന്നതിനും പാൽ ഉല്പാദനത്തിനും ജൈവവള സ്രോതസ്സായി ആശ്രയിച്ചു വന്നിരുന്നത് കാലികളെയായിരുന്നു. 1957 ൽ മലമ്പുഴ കനാൽ വരുന്നതിന് മുമ്പ് ഒരു പൂവൽ കൃഷി കഴിഞ്ഞാൽ ഏകദേശം 865 ഹെക്ടറോളം പാടശേഖരങ്ങൾ കാലികൾക്ക് മേച്ചിൽ പുറങ്ങളായി കിടന്നിരുന്നു. ട്രാക്ടറുകൾ അടക്കമുള്ള ആധുനിക കൃഷി സൗകര്യങ്ങളുടെ വ്യാപനവും ഗതാഗത സൗകര്യങ്ങളോടു കൂടിയ റോഡുകളുടെ വരവും ഈ രംഗത്തെ കാളകളുടെയും പോത്തിന്റെയും ഉപയോഗം ഗണ്യമായി കുറച്ചു. എങ്കിലും മാംസത്തിനു വേണ്ടിയുള്ള ഇവയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായും കാണുന്നു. ഏകദേശം 1700 - ഓളം കാലികളെയും 900-ത്തോളം ആടുകളേയും മാംസത്തിനു വേണ്ടി ഒരു വർഷം പഞ്ചായത്തിലെ വിവിധ അറവുശാലകളിലൂടെ കശാപ്പു ചെയ്യുന്നുണ്ട്. ഇവയിൽ 95 ശതമാനവും സംസ്ഥാനത്തിന് പുറത്തു നിന്നും കൊണ്ടുവരുന്നവയാണ്.

## പാലുല്പാദനരംഗം :-

പഞ്ചായത്തിലെ ഒരു വർഷത്തെ ശരാശരി പാൽ ഉപഭോഗം 8,21,000 ലിറ്ററോളം വരുന്നുണ്ട്. ഇങ്ങിനെ ഉപയോഗിക്കുന്ന പാലിന്റെ 40 ശതമാനത്തോളം പുറത്തുനിന്നുള്ള ഏജൻസികൾ ഇവിടെ കൊണ്ടുവന്ന് വിൽക്കപ്പെടുന്നുതാണ്. രണ്ട് ക്ഷീര സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ഇതിൽ ബി. പി. എൽ. ജംഗഷനിലുള്ള സംഘം വിതരണത്തിന്നാവശ്യമുള്ള പാൽ ഇപ്പോഴും പുറമെ നിന്ന് വാങ്ങിക്കുന്ന സ്ഥിതിയാണുള്ളത്. കൊട്ടെക്കാട് ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമവുമല്ല. മിൽമ ഉപഭോക്താവിൽ നിന്നും കൂടിയ വില വാങ്ങുന്നുണ്ടെങ്കിലും ഉല്പാദകർക്ക് ന്യായ വില ലഭ്യമല്ല. ഉല്പാദകനും, ഉപഭോക്താവിനും ആശ്വാസകരമല്ലാത്ത തരത്തിൽ ഭരണചിലവ് കൂടുന്നതാകാം ഇതിന് കാരണം. കാലിത്തീറ്റയുടെ വില വർദ്ധനവ് ഉല്പാദന ചിലവിന്റെ വർദ്ധനവിന് കാരണമാകുന്നു. നമുക്ക് ലഭ്യമായ പഞ്ഞിക്കുരു, തവിട്, പുളിങ്കുരു, കപ്പ തുടങ്ങിയവിൽ നിന്നും കാലിത്തീറ്റ ഉണ്ടാക്കുന്നതിന് സാദ്ധ്യതകളുണ്ടെങ്കിലും അതു പ്രയോജനപ്പെടുത്തുന്നതിന് ശ്രമമുണ്ടായിട്ടില്ല. കൃഷിഭൂമിയുടെ വലിയൊരു ഭാഗം നടപ്പുതരിശിടുന്നത് ഒഴിവാക്കികൊണ്ട് തീറ്റപ്പുല്ല് കൃഷിചെയ്യുവാൻ നമുക്ക് കഴിയും.

കാർഷിക മേഖലയിലെ തൊഴിൽ ദിനങ്ങൾ കുറഞ്ഞു

വരുന്നതുമൂലം 600-ഓളം കുടുംബങ്ങളെങ്കിലും കാലിവളർത്തലിൽ ഏർപ്പെട്ടിട്ടുണ്ട്. പക്ഷേ, പാൽ സംഭരണത്തിന് വേണ്ടത്ര സംവിധാനങ്ങളില്ല. 1,6 വാർഡുകൾ ഒഴിച്ചുള്ള പ്രദേശങ്ങ ളിൽ സംഭരണത്തിനും വിതരണത്തിനും ആവശ്യമായ തോതിൽ ക്ഷീര സഹകരണ സംഘങ്ങളും അവയോടനുബന്ധിച്ചുള്ള കേന്ദ്രങ്ങളും ആരംഭിക്കേണ്ടതുണ്ട്. കാലി വളർത്തൽ രംഗത്തുള്ള കൃഷിക്കാർ നേരിടുന്ന മറ്റൊരു പ്രശ്നം രോഗ പ്രതിരോധ കുത്തിവെയ്പുകൾ നടത്തുന്നതിന് ആവശ്യമായ നടപടികളുടെ അപര്യാപ്തതയാണ്. 6 കി.മി. വരെ കന്നുകാലികളെയും

പട്ടിക – 28

## *വളർത്തു മൃഗങ്ങളും – പക്ഷികളും*

| നമ്പർ | മൃഗങ്ങളുടെ ഇനം | കറവയുള്ളത് | | കറവയില്ലാത്തത് | | ആകെ എണ്ണം |
|---|---|---|---|---|---|---|
| | | നാടൻ | സങ്കരം | നാടൻ | സങ്കരം | |
| 1. | പശു | 279 | 477 | 1017 | 622 | 2395 |
| 2. | കാള | – | – | – | | 233 |
| 3. | പോത്ത് | – | – | – | – | 143 |
| 4. | എരുമ | – | – | – | – | 310 |
| 5. | ആട് | – | – | – | – | 749 |
| 6. | പന്നി | – | – | – | – | 35 |
| 7. | പട്ടി | – | – | – | – | 750 |
| 8. | കോഴി | മുട്ടയിടുന്നത് 4050 | | മുട്ടയിടാത്തത് 6700 | | 10750 |
| 9. | താറാവ് | – | | – | | 65 |

കൊണ്ട് യാത്ര ചെയ്യുവേണം മൃഗാശുപത്രിയിലെത്താൻ. കല്ലേപ്പുള്ളിയിലുള്ള മൃഗാശു പത്രിയിൽ വേണ്ടത്ര സൗകര്യങ്ങളില്ലാതാനും.

## കാലിരോഗങ്ങൾ :-

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ, ഉദരരോഗം, വന്ധ്യത, അകിടുവീക്കം, മുടന്തൻ പനി, തുടങ്ങിയവയാണ്. ഇവയുടെ ചികിത്സാ സമ്പ്രദായ

പട്ടിക – 29

### *മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട രോഗ വിവരങ്ങൾ*

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായവ | 76 | 15 | 10 | 10 | – |
| 2. | ശ്വാസകോശ സംബന്ധം | 26 | 4 | 4 | – | – |
| 3. | ഉപാപചയ സംബന്ധം | 33 | 5 | 6 | – | – |
| 4. | ത്വക്ക് രോഗങ്ങൾ | 84 | 15 | 20 | – | – |
| 5. | ധാതു ലവണങ്ങളുടെ അഭാവം | 13 | 4 | 6 | – | – |
| 6. | പരാദ രോഗങ്ങൾ | 96 | 10 | 20 | – | – |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 37 | 8 | 8 | – | – |
| 8. | വന്ധ്യത | 69 | 6 | 3 | – | – |
| 9. | അകിടുവീക്കം | 24 | – | – | – | – |
| 10. | മുടന്തൻ പനി | 42 | – | – | – | – |
| 11. | പകർച്ചവ്യാധികൾ | 3 | – | – | – | – |

ങ്ങളെക്കുറിച്ച് കൃഷിക്കാർക്ക് വേണ്ടത്ര ശരിയായ ധാരണ കളില്ല. ഇവക്ക് പരിഹാരം കാണുന്നതിനുള്ള സൗകര്യങ്ങളും പൊതുവെ കുറവാണ്.

പഞ്ചായത്തിലുള്ള 495 കിടാരികളിൽ കൃത്രിമ ബീജ സങ്കലനം വഴി സൃഷ്ടിക്കപ്പെട്ട കിടാരികൾ 266 എണ്ണം മാത്രമാണ്. പശുക്കുട്ടികളുടെ ആരോഗ്യകരമായ വളർച്ച കറവപ്പശുക്കളുടെ ആരോഗ്യ സംരക്ഷണം എന്നിവയെ സഹായിക്കുന്നതിന് ആവശ്യമായ ധാതുലവണ മിശ്രിതം, വിറ്റാമിൻ സപ്ലിമെന്റ് എന്നിവ നമ്മുടെ പ്രദേശങ്ങളിൽ മിതമായ നിരക്കിൽ ലഭിക്കുന്നില്ല.

നായകളുടെ ശല്യം വളരെക്കൂടുതലുണ്ടെങ്കിലും 750 എണ്ണത്തിനെ മാത്രമേ വീടുകളിൽ സംരക്ഷിക്കുന്നുള്ളു. ഇതിൽ 30 എണ്ണത്തിന് മാത്രമേ പ്രതിരോധ കുത്തിവെയ്പ്പ് നൽകിയിട്ടുള്ളൂ. ജൂലായ് - ആഗസ്റ്റ് മാസങ്ങളിൽ പേപ്പട്ടി ശല്യം കൂടുതലായി കണ്ടുവരുന്നു.

### മുട്ട ഉല്പാദനം. :-

പഞ്ചായത്തിലെ മുട്ടയുടെ ഉപഭോഗം വർഷം ശരാശരി 9 ലക്ഷത്തോളമുണ്ട്. എന്നാൽ ഇതിൽ 3 ലക്ഷോത്തളമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. ഇറച്ചിക്കോഴി വില്പന വളരെ കൂടുതലുള്ള പ്രദേശമാണ് നമ്മുടെതെങ്കിലും ഇവയ്ക്ക് ആവശ്യമായ കോഴികളെ കൊയമ്പത്തൂരിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. വീട്ടമ്മമാരെയും, സ്ക്കൂൾ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് ആയിരം കുടുംബങ്ങളിലെങ്കിലും കോഴി വളർത്തൽ ആരംഭിക്കേണ്ടതുണ്ട്. വളർത്തു കോഴികളിൽ കണ്ടുവരുന്ന കോഴിവസന്ത രോഗത്തിന് ഫലപ്രദമായ ചികിത്സ നടത്തുന്നതായി കാണുന്നില്ല.

മത്സ്യകൃഷി :-

പഞ്ചായത്തിലുള്ള ഒരു വിഭാഗം ആളുകൾ മലമ്പുഴ ഡാമിലേക്ക് പോയി മത്സ്യ ബന്ധനം നടത്തുന്നുണ്ട്. നമ്മുടെ പ്രദേശത്ത് മത്സ്യകൃഷിക്ക് ഉപയോഗിക്കാൻ പറ്റിയ 100 ഓളം കുളങ്ങൾ ഉണ്ടെങ്കിലും അവയെ പ്രയോജനപ്പെടുത്താൻ ശ്രമിച്ചിട്ടില്ല. കട്ടല, തിലോപ്പിയ, തുടങ്ങിയ ഇനം മത്സ്യങ്ങൾ കൃഷിചെയ്യാൻ ആവശ്യമായ ശാസ്ത്രീയ പരിശീലനവും സഹായങ്ങളും ലഭ്യമാക്കിക്കൊണ്ട് ഈ രംഗത്തേക്ക് യുവാക്കളെ കൊണ്ടുവരാൻ കഴിയും. സാധാരണ ജനങ്ങളുടെ മാംസ്യാവശ്യം നിറവേറ്റാനും തൊഴിലവസരം സൃഷ്ടിക്കാനും ഇതുവഴി സാധിക്കും.

### പ്രശ്നങ്ങൾ.

1. കാലികളുടെ രോഗ നിവാരണത്തിനാവശ്യമായ ചികിത്സാ സൗകര്യമില്ല.
2. ക്ഷീര സംഭരണത്തിനും വിപണനത്തിനും ഉള്ള സൗകര്യക്കുറവ്.
3. കാലിത്തീറ്റയുടെ വില വർദ്ധനവ് കാലിത്തൊഴുത്തുകളുടെ അപര്യാപ്തതയും, ശുചിത്വമില്ലായ്മയും.
4. കാലികൾക്ക് പോഷകാഹാരത്തിന്റെ കുറവ്.
5. കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യമില്ലായ്മ.
6. കോഴിത്തീറ്റയുടെ വില വർദ്ധനവ്.
7. കോഴിവസന്തരോഗം തടയാൻ ഫലപ്രദമായ സംവിധാനത്തിന്റെ അപര്യാപ്തത.
8. പേപ്പട്ടി ശല്യം.
9. മത്സ്യകൃഷിക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം ഇല്ലായ്മ

### സാദ്ധ്യതകൾ :-

1. പഞ്ചായത്തിലെ 2 വാർഡുകൾക്ക് വീതം ഒരു ക്ഷീര വ്യവസായ സംഘം ആരംഭിക്കുക.
2. അത്യുല്പാദന ശേഷിയുള്ള കറവപ്പശുക്കളുടെ മിനി ഡയറി യൂണിറ്റുകൾ ആരംഭിക്കുക. ഒരു വർഷം 50 യൂണിറ്റ് (1 യൂണിറ്റ് = 3 മാടുകൾ). 5 വർഷം കൊണ്ട് അവയുടെ എണ്ണം 3,000 ആക്കി ഉയർത്തുക.
3. ബീജസങ്കലന കേന്ദ്രങ്ങൾ 2.5 കി.മി. ഉള്ളിൽ തുടങ്ങണം. (2 കേന്ദ്രങ്ങൾ തമ്മിൽ ഏകദേശം 2.5 കി.മി. ദൂരം വേണം).
4. പഞ്ചായത്തിലെ പുറംപോക്ക് ഭൂമിയും നടപ്പു തരിശ്ശു നിലങ്ങളും തീറ്റപ്പുൽ കൃഷിക്ക് പ്രയോജനപ്പെടുത്താൻ കർഷകരെ സാമ്പത്തികമായി സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

5. പഞ്ഞിക്കുരു, പുളിക്കുര, കപ്പ, തുടങ്ങിയവ ഉപയോഗിച്ച് മിനി കാലിത്തീറ്റ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുക.

6. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണത്തിനും അതിനോടനുബന്ധിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനും കർഷകരെ സാമ്പത്തികമായി സഹായിക്കുക.

7. മുയൽ വളർത്തൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ 4 ഫാമുകൾ ആരംഭിക്കുക.

8. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഓരോ വാർഡിലും ഫാമുകൾ ആരംഭിക്കുക.

9. വീട്ടുമുറ്റത്തെ കോഴി വളർത്തൽ പദ്ധതി പ്രകാരം ഓരോ വീട്ടമ്മക്കും ഓരോ യൂണിറ്റ് (6 കോഴികൾ) നൽകാനുള്ള പദ്ധതികളാരംഭിക്കുക.

10. മേൽ പദ്ധതിയിലേക്ക് കോഴികളെ വിതരണം ചെയ്യുന്നതിലേക്ക് പഞ്ചായത്തിൽ രണ്ട് എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുക.

11. കാലി രോഗ പ്രതിരോധ പ്രവർത്തനത്തിന് പഞ്ചായത്തിലെ എല്ലാ കർഷകർക്കും സൗകര്യം ലഭിക്കുന്ന തരത്തിൽ പഞ്ചായത്തിൽ മദ്ധ്യഭാഗത്ത് വേണ്ടത്ര സംവിധാനങ്ങളോടു കൂടിയ ഒരു മൃഗാശുപത്രി സ്ഥാപിക്കുക.

12. പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ 2 പന്നി ഫാമുകൾ ആരംഭിക്കുക.

13. കന്നുകുട്ടി പരിഹാര പദ്ധതി: സാമ്പത്തിക വരുമാനം കുറഞ്ഞ കർഷകരുടെ കന്നുകുട്ടികളെ പ്രസവം വരേയോ ദത്തെടുത്ത്, സബ്സിഡി നിരക്കിൽ തീറ്റ കൊടുക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുക.

14. പേ വിഷബാധ നിർമ്മാർജന പദ്ധതി ശക്തിപ്പെടുത്തുകയും, വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക.

15. രണ്ട് മാസത്തിൽ ഒരിക്കൽ അലഞ്ഞ് തിരഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

16. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകർക്ക് സബ്സിഡി നിരക്കിൽ വിരമരുന്ന്, വിറ്റാമിൻ സപ്ലിമെന്റ് എന്നിവ വിതരണം ചെയ്യുന്നതിൽ ഉള്ള പദ്ധതി ആവിഷ്ക്കരിക്കും.

17. പഞ്ചായത്തിൽ 3000 മുതൽ 5000 വരെ കറവ പശുക്കൾ ഉള്ള ഡയറി പഞ്ചായത്ത് ആക്കി മാറ്റാൻ സമയ ബന്ധിത പരിപാടി ആവിഷ്ക്കരിക്കുക.

18. അകിടുവീക്ക നിയന്ത്രണത്തിനാവശ്യമായ മിനി കിറ്റുകൾ സൗജന്യമായി കർഷകർക്ക് നൽകുക.

19. ഓരോ വാർഡിലും നിലവിലുള്ള കുളങ്ങളിൽ മത്സ്യകൃഷി ആരംഭിക്കുന്നതോടൊപ്പം സാങ്കേതിക പരിശീലനത്തിനുള്ള സംവിധാനം ഉണ്ടാക്കുകയും കുളങ്ങൾ സംരക്ഷിക്കുകയും ചെയ്യുക.

20. 'മത്സ്യഭവൻ' മത്സ്യം സംഭരിക്കാനും വിപണനം നടത്തുന്നതിനും ആവശ്യമായ സംവിധാനത്തോടുകൂടിയ മത്സ്യഭവൻ ആരംഭിക്കുക.

21. പഞ്ചായത്ത് പ്രദേശത്തുകൂടെ ഒഴുകുന്ന കനാലുകളിലെ ഒപ്പുകളിൽ നിന്നും കന്നുകാലികൾക്ക് പിടിപെടുന്ന മാരകമായ പരാദരോഗങ്ങൾക്ക് നിയന്ത്രണം വരുത്താനും വേണ്ട സംവിധാനം നടപ്പിലാക്കുക.

22. വിദ്യാർത്ഥികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും വളർത്തുന്നതിന്റെ ഭാഗമായി സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ രൂപം നൽകുക.

23. കുടുംബ നാഥകളായ വീട്ടമ്മമാരെ ഉദ്ദേശിച്ച് (സാമ്പത്തിക ശേഷി കുറഞ്ഞ) ഓരോ കുടുംബ നാഥക്കും ഓരോ പശു എന്ന് പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം ഒരു അധിക വരുമാനം ആ കുടുംബത്തിൽ വന്നുചേരും.

24. നല്ല ജെനുസ്സുകളോടുകൂടിയ ആടുകളുടെ എണ്ണം പഞ്ചായത്തിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നല്ല ജെനുസ്സിൽപ്പെട്ട കൊറ്റനാടുകളെ കൊണ്ടുവന്ന് വംശ വർദ്ധനവിന് വേണ്ട സംവിധാനം ആവിഷ്ക്കരിക്കുക.

25. കന്നുകാലികളുടെ ആകസ്മികമായ മരണം മൂലം കർഷകനുണ്ടാക്കുന്ന സാമ്പത്തിക തകർച്ചയെ നേരിടാൻ എല്ലാ കന്നു കാലികൾക്കും സൗ ജന്യ നിരക്കിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.



# 5.3 വ്യവസായം

26. ശുചിത്വമുള്ള മാംസത്തിന്റെ ഉപഭോഗത്തിന് വേണ്ടി ഒരു മാംസ സംസ്കരണ വിപണന യൂണിറ്റ് പഞ്ചായത്തിൽ തുടങ്ങുക

**പശ്ചാത്തലം :-**

ഒരു മുഖ്യ കാർഷികഗ്രാമമെന്ന അവസ്ഥയിൽ നിന്നും 1970 കളിൽ ബി. പി. എൽ. ഇൻഡ്യയുടെ വരവോടു കൂടിയാണ് നമ്മുടെ പ്രദേശം ആധുനിക വ്യവസായ രംഗത്തേക്ക് പ്രവേശിച്ചത്. കേരളത്തിലെ ഏറ്റവും വലിയ വ്യവസായ മേഖലയായി അതിശീഘ്രം വികസിച്ചുവരുന്ന കഞ്ചിക്കോടിനും ജില്ലാ കേന്ദ്രമായ പാലക്കാട് നഗരത്തിനും ഇടയിൽ ദേശീയ പാതയോടു ചേർന്ന് കിടക്കുന്ന ഭൂമിശാസ്ത്രപരമായ പ്രത്യേകതയും നമ്മുടെ പഞ്ചായത്തിനുണ്ട്. കോയമ്പത്തൂരിനേയും പൊള്ളാച്ചി യേയും തൃശൂരിനേയും ബന്ധിപ്പിക്കുന്ന പ്രധാന റോഡുകൾ നമ്മുടെ പ്രദേശത്ത് കൂടി കടന്നു പോകുന്നു. എട്ടു കിലോമീറ്ററിനകത്ത് റയിൽവേ സ്റ്റേഷനും 40 കിലോ മീറ്ററിനുള്ളിൽ വിമാനത്താവളവും ഉള്ളത് നമ്മുടെ പ്രദേശത്തിന്റെ വ്യവസായ വികസനത്തിന് പ്രയോജനപ്പെടുത്താവുന്ന പ്രധാന പശ്ചാത്തല ഘടകങ്ങളാണ്. നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷൻ വ്യവസായ വികസനത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

## വ്യവസായ വികസനത്തിലേയ്ക്ക് :-

ഉപജീവനത്തിന് കൃഷിയെ ആശ്രയിച്ചിരുന്ന ജനങ്ങളിൽ ഒരു വിഭാഗം വ്യവസായ മേഖലയിലേക്ക് പോയി തുടങ്ങി. ഇവരിൽ 70 ശതമാനവും തൊഴിലിൽ സാങ്കേതിക വൈദഗ്ദ്യമൊന്നും ലഭിച്ചിട്ടില്ലാത്തവരാണ്. തൊഴിലുള്ള 7583 പേരിൽ 2712 പേരും വ്യവസായ മേഖലയുമായി ബന്ധപ്പെട്ടു പണിയെടുക്കുന്നവരാണ്. പരോക്ഷമായി തൊഴിൽ ലഭിക്കുന്ന മറ്റൊരു വിഭാഗം കൂടിയുണ്ട്.

വൻകിട വ്യവസായത്തിനാവാശ്യമായ സാധന സാമഗ്രികൾ നിർമ്മിക്കുന്ന നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

ടി. വി., ഫ്രിഡ്ജ്, വാഷിംഗ്മെഷീൻ, ഓഡിയോ സിസ്റ്റം, മെഡിക്കൽ ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവയാണ് വൻകിട സ്ഥാപനമായ ബി.പി.എൽ. നിർമ്മിക്കുന്നത്. 800 ഓളം പേർ നേരിട്ടും 16 സബ്സിഡിയറി യൂണിറ്റുകളിലായി ഇത്രത്തോളം പേർ പരോക്ഷമായും ജോലി ചെയ്യുന്നു. ഇതിലേറെ പേരും സമീപ പഞ്ചായത്തുകളിൽ നിന്നും വരുന്ന ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ പെൺകുട്ടികളാണ്.

സർജിക്കൽ, ഉപകരണങ്ങൾ, ഇലക്ട്രിക്കൽ, റബ്ബർ, മെറ്റൽ, കെമിക്കൽ, കാർഡ്ബോർഡ്, ഐസ്ക്രീം, സോഡാ, ഫർണീച്ചർ, തീപ്പെട്ടി തുടങ്ങി കഞ്ചിക്കോട് വ്യവസായ മേഖലയ്ക്ക് ആവശ മായ നിരവധി എൻജിനീയറിംഗ് ഉല്പന്നങ്ങൾവരെ നിർമ്മിക്കുന്ന 123 ചെറുകിട വ്യവസായ യൂണിറ്റുകൽ ഇപ്പോൾ നടുടെ പ്രദേശത്ത് പ്രവർത്തിച്ചു വരുന്നു.

ഇതിൽ എൻജീനീയറിംഗ് ഘടകങ്ങൾ നിർമ്മിക്കുന്ന 55 ചെറുകിട യൂണിറ്റുകളിലായി 250 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. എന്നാൽ കഞ്ചിക്കോട് വ്യവസായ

പട്ടിക – 13

## ചെറുകിട വ്യവസായ യൂണിറ്റുകൾ

| I എഞ്ചിനീയറിംഗ് | | യൂണിറ്റിന്റെ എണ്ണം |
|---|---|---|
| 1. | മെറ്റൽ റോളിംഗ് | 1 |
| 2. | ബാർട്ടർ വയർ മാനുഫാക്ച്ചറിംഗ് | 1 |
| 3. | ലെയ്ത്ത് വർക്കുഷോപ്പ് | 29 |
| 4. | ഇലക്ട്രോപ്ലേറ്റിംഗ് | 4 |
| 5. | സർജിക്കൽ ഇൻസ്ട്രുമെന്റ് മാനുഫാക്ച്ചറിംഗ് | 2 |
| 6. | സ്റ്റീൽ ഫർണിച്ചർ | 10 |
| 7. | പ്രസ്സ് ടൂൾസ്, മോൾഡ്സ് ഫിക്ച്ചർ | 1 |
| 8. | ടെലിസ്കോപിക് ആന്റിന മാനു | 1 |
| 9. | പ്ലാസ്റ്റിക് മോൾഡിംഗ് / കംപോണൻസ് മാനു. | 1 |
| 10. | പ്ലാസ്റ്റിക് / അലുമിനിയിം ഫാബ്രിക്കേഷൻ | 3 |
| 11. | മാനുഫാക്ചറിംഗ് ഓഫ് വാൾവ് | 1 |
| 12. | അലുമിനിയം റോളിംഗ് വർക്സ് | 2 |

പട്ടിക – 14

## ചെറുകിട വ്യവസായ യൂണിറ്റുകൾ

| II ആട്ടോമൊബൈൽ | | യൂണിറ്റിന്റെ എണ്ണം |
|---|---|---|
| 1. | ഓട്ടോമൊബൈൽ റീ കണ്ടീഷനിംഗ് | 4 |
| 2. | സർവ്വീസ് സ്റ്റേഷൻ | 2 |
| 3. | ടയർ റീ ത്രെഡ്ഡിംഗ് | 3 |
| 4. | ബസ് ബോഡി ബിൽഡിംഗ് | 2 |

തുടങ്ങിയവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മേഖല യാണ്. പാഞ്ചീരിക്കാട്, നെറുകക്കാട്, പ്രദേശങ്ങളിൽ 20 ഓളം കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായ ഈ പരമ്പരാഗതമായ ഈ തൊഴിലിന് ആവശ്യമായ മുള 8.കി.മീറ്ററുകൾക്കപ്പുറമുള്ള മലങ്കാടുകളിൽ നിന്നാണ് കൊണ്ടു വന്നിരുന്നത്. എന്നാൽ ഈ അടുത്ത കാലത്ത് Forest അധികൃതരുടെ ഭീഷണിയും ഉപദ്രവങ്ങളും ഈ പാവപ്പെട്ട മനുഷ്യർക്കെതരെ കൂടി വരുന്നത് ഒരു പ്രശ്നമായിട്ടുണ്ട്. മാത്രമല്ല കെട്ടിട നിർമ്മാണം വ്യാപകമായതോടു കൂടി, സെന്ററിംഗിനും മറ്റും വൻതോതിൽ മുള ആവശ്യമായി വന്നതിനാൽ, ഒരു കാലത്തിവിടെ വൻതോതിൽ ലഭ്യമായിരുന്ന മുളയുടെ ലഭ്യത കുറയുകയും വില കൂട്ടുകയും ചെയ്തു. ഉയർന്ന വില നൽകി വാങ്ങുന്ന മുളകൊണ്ട് നിർമ്മിക്കുന്ന സാധനങ്ങൾ താഴ്ന്ന വിലക്ക് വിൽക്കേണ്ടി വരുന്ന സ്ഥിതികൂടി വന്നപ്പോൾ ഈ രംഗത്തെ പരമ്പരാഗത കൈതൊഴിലുകാർ മറ്റു ഉപജീവന മാർഗ്ഗങ്ങളിലേക്ക് തിരിയുകയാണ്.

പരമ്പരാഗതമായ മറ്റൊരു തൊഴിൽ രംഗം മരപ്പണിക്കാരുടെതാണ്. തെക്കോണി, കല്ലേപ്പുള്ളി, എ.കെ.ജി. നഗർ എന്നീ പ്രദേശങ്ങളാണ് ഈ വിഭാഗക്കാർ ഏറ്റവും കൂടുതൽ കേന്ദ്രീകരിച്ചിരിക്കുന്നത്. മരപ്പണി രംഗത്ത് 500 ഓളം പേരുണ്ട്. മരത്തിൽ മനോഹരമായ കൊത്തുവേല ചെയ്യാൻ കഴിവുറ്റ പ്രതിഭകൾ ഇവിടെ നിന്നും ഇന്ത്യയുടെ നാനാ ഭാഗത്തേക്കും ഈ തൊഴിലുമായി ബന്ധപ്പെട്ട് കഴിയുന്നുണ്ട്. നാടൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് മരംകൊണ്ട് പലഹാര പാത്രങ്ങൾ നിർമ്മിച്ച് Bombay ഉൾപ്പെടെയുള്ള വിദൂര പട്ടണങ്ങളിലേക്ക് Agent മാർ മുഖേന വിൽപ്പന നടത്തുന്നവരും ഇക്കൂട്ടത്തിലുണ്ട്. അതുല്യമായ ശില്പവൈദഗ്ദ്യമുള്ള മരപ്പണിക്കാർ നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടും ഇന്നേറ്റവും കൂടുതൽ Demand വർദ്ധിച്ചുവരുന്ന പൗരാണിക വാസ്തുശില്പ മാതൃ കയിലുള്ള Furniture കൾ നിർമ്മിക്കാൻ കഴിയുന്ന ഒരു മികച്ച സ്ഥാപനം തുടങ്ങാൻ ഇവർക്ക് കഴിയാത്തതിന് കാരണം ഒരു വലിയ മുതൽ മുടക്കിന് പ്രാപ്തിയില്ലാത്ത തുകൊണ്ടാണ്. അതുകൊണ്ടാവാം ഇവർ, ഇവരുടെ ആവാസ കേന്ദ്രങ്ങൾ വിട്ട് വിദൂര ദേശങ്ങളിലേക്ക് പണി യെടുക്കുവാൻ പോകുന്നത്.

നമ്മുടെ പ്രദേശത്ത് സുലഭമായി കണ്ടിരുന്ന കരിമ്പനയുടെ ഈര നിർമ്മിക്കുന്ന 15ഓളം കുടുംബങ്ങളും 50ഓളം പേർ പണിയെടുക്കുന്ന പപ്പട നിർമ്മാണ കുടിൽ വ്യവസായ ങ്ങളുമുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഇരട്ടയാൽ പ്രദേശത്ത് ഒന്നര ദശാബ്ദത്തിനു മുൻപു വരെ 30 ഓളം പേർ പണിയെടു ത്തിരുന്ന ബീഡിതെറുപ്പു വ്യവസായം തകർന്നു. അതിന്റെ പ്രധാന കാരണം കുറഞ്ഞ ചിലവിൽ ബീഡി സംഭരിക്കാൻ മറ്റു പ്രദേശങ്ങളിൽ Sub Contract കൾ കൊടുത്തു കൊണ്ട് ഈ രംഗത്തുണ്ടായിരുന്ന ഉടമകൾ വിതരണ രംഗത്തേക്ക് മാറിയതാണ്.

പൊതുവെ ആധുനുക വ്യവസായരംഗത്ത് അവിദഗ്ദ്ധരായി പണിയെടുക്കുന്നവരിൽ ഭൂരിഭാഗത്തിനും വളരെ താഴ്ന്ന കൂലിയാണ് കിട്ടുന്നത്. ഇവർ ഇന്നും അസംഘടിതരായി നിലകൊള്ളുന്നു. സവിശേഷ ശ്രദ്ധയാകർഷിക്കുന്ന മറ്റൊരു പ്രത്യേകത നമ്മുടെ കാർഷികമേഖലയിൽ 45% തൊഴിലാളികളുടെ കുറവുള്ളപ്പോൾ ആരംഗത്തു കിട്ടുന്ന 30 രൂപ കൂലിയുപേക്ഷിച്ചുകൊണ്ട് 12 ഉം 15ഉം

പട്ടിക - 18 വ്യവസായതൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| വിഭാഗം | തൊഴിലാളികളുടെ എണ്ണം | ശതമാനം |
|---|---|---|
| കളിമൺ | 45 | 1 . 65 % |
| കുട്ട - പരമ്പ് | 42 | 1 . 55 % |
| മരപ്പണി | 505 | 18 . 62 % |
| മറ്റുപരമ്പരാഗതം | 65 | 2 . 4 % |
| തീപ്പെട്ടി | 45 | 1 . 65 % |
| ടെയ്ലറിംഗ് | 30 | 1 . 11 % |
| റൈസ്മിൽ | 55 | 2 . 03 % |
| ആട്ടോമൊബൈൽ എൻജി. യൂണിറ്റ് | 300 | 11 . 06 % |
| മറ്റ് ആധുനിക വ്യവസായം | 1625 | 59 . 92 % |
| 121 എണ്ണം | 2712 | 100 % |

രൂപ കൂലിക്ക് വ്യവസായ മേഖലയിലേക്ക് പണിയെടുക്കാൻ പോകുന്ന നമ്മുടെ പെൺകുട്ടികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നതാണ്.

സ്വയം തൊഴിൽ പദ്ധതി പ്രകാരം രംഗത്തുവരുന്ന ചെറുപ്പക്കാർക്ക് വിജയ സാദ്ധ്യതയുള്ള രംഗം തിരഞ്ഞെടുക്കുന്ന കാര്യത്തിലും, വിവിധ Department കളുടെ Licence കൾ കിട്ടുന്ന കാര്യത്തിലും പ്രോത്സാഹനമോ സാങ്കേതിക നിർദ്ദേശമോ വേണ്ടത്ര കിട്ടുന്നില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സ്ഥിരം സംവിധാനം വേണ്ടുന്നതിന്റെ ആവശ്യകതയിലേക്കാണ് അനുഭവങ്ങൾ വിരൽ ചൂണ്ടുന്നത്. Power cut ഉം Load Shedding ഉം സമീപകാലത്തെ Real Estate പ്രതിഭാസങ്ങളുമെല്ലാം പലരീതിയിലുള്ള തടസ്സങ്ങൾ വ്യവസായ സംരംഭകർക്ക് സൃഷ്ടിക്കുന്നുണ്ട്. മലബാറിലെ ഏറ്റവും വലിയ വ്യവസായ മേഖലയിലെ Management Association ന്റെ പരിശീലന കേന്ദ്രവും പുതിയ വ്യവസായ സംരംഭകർക്ക് പരിശീലനം നൽകുന്ന Departmental കേന്ദ്രവും ഒരു Technical High School ഉം നമ്മുടെ പ്രദേശത്തുണ്ട്. നമ്മുടെ പ്രദേശത്തിന്റെ സമീപത്തുതന്നെയാണ് Govt. Polytechnic നില കൊള്ളുന്നത്. വ്യവസായ മേഖലയിൽ ജോലി ചെയ്യാൻ സ്റ്റേറ്റിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്നവരിൽ വലിയൊരു വിഭാഗം വിദഗ്ദ തൊഴിലാളികളും, സാങ്കേതിക വിദഗ്ദരും നമ്മുടെ പഞ്ചായത്തിലാണ് താമസമുറപ്പി ച്ചിട്ടുള്ളത്. വ്യവസായ വികസനത്തിന് പ്രയോജനപ്പെ ടുത്താൻ കഴിയുന്ന സാദ്ധ്യതകളെല്ലാം വിനിയോഗിക്കാൻ പഞ്ചായത്ത് സമിതി മുൻകൈ എടുക്കണം.

## പ്രശ്നങ്ങൾ

1. Power Cut ഉം Load Shedding ഉം Volt age ക്ഷാമവും വിദ്യുഛക്തി Connection നു വേണ്ടി വരുന്ന കാലതാമസവും വ്യവസായ വികസനത്തിനു തടസ്സം നിൽക്കുന്നു.

2. Subsidy ക്കു വേണ്ടി ചെറുകിട വ്യവസായ സംരംഭകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു.

3. വായ്പാ രംഗത്ത് ബാങ്കുകളുടെ നിഷേധാത്മകമായ നിലപാടുകൾ ചെറുകിടക്കാരെ നിരുൽസാഹപ്പെടുത്തുന്നതിനു കാരണമാകുന്നു. വൻ പലിശക്ക് പണമെടുത്ത് കടക്കെണിയിൽ ചെന്നു വീഴാൻ കാരണമാകുന്നു.

4. വിവിധ Department കളിൽ നിന്നും Licence കൾക്കു വേണ്ടി നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ.

5. വിദഗ്ദരായ തൊഴിലാളികളുടെ അഭാവം.

6. പരമ്പരാഗത വ്യവസായ രംഗത്തെ പഴഞ്ചൻ സാങ്കേതിക വിദ്യയും അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യവും മുതൽ മുടക്കാനുള്ള കഴിവില്ലായ്മയും, ശരിയായ വിപണന സംവിധാനമില്ലായ്മയും.

7. തൊഴിൽ രംഗത്തെ അസംഘടിതാവസ്ഥയും, സേവന, വേതന വ്യവസ്ഥകളുടെ അപര്യാപ്തതയും.

**സാദ്ധ്യത**

1. ബാങ്കിന്റെ പ്രതിനിധികളും വ്യവസായ വിദ്യത്ഛക്തി വകുപ്പുകളുടെ പ്രതിനിധികളും സാങ്കേതിക വിദഗ്ദരും, പഞ്ചായത്ത് പ്രതിനിധികളും സാമൂഹ്യ പ്രവർത്തകരുടെ പ്രതിനിധികളും ഉൾക്കൊള്ളുന്ന ഒരു **വ്യവസായ വികസന സമിതി** പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുക

2. **പഞ്ചായത്തുതല രജിസ്ട്രേഷൻ :_**

പുതിയ തൊഴിൽ സംരഭങ്ങൾക്ക് താൽപര്യമുള്ളവരുടെ പേരുവിവരങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുക.

സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലില്ലാത്ത യുവതീ യുവാക്കളുടെ പേരുകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുക.

3. **സാങ്കേതിക സൗകര്യങ്ങൾ**

പഞ്ചായത്തിലുള്ള മാനേജ്മെന്റ് പരിശീലന കേന്ദ്രത്തിന്റെയും തൊഴിൽ പരിശീലന കേന്ദ്രത്തിന്റെയും ടെക്കിനിക്കൽ ഹൈ സ്ക്കൂളിന്റെയും, സമീപത്തുള്ള പോളി ടെക്നിക്കിന്റെയും സഹായം വ്യവസായ സംരംഭകർക്ക് ഉറപ്പ് വരുത്തുക.

4. കഞ്ചിക്കോട് വ്യവസായ മേഖലയുടെ ആവശ്യങ്ങൾ നിറവറ്റാൻ കഴിയുന്ന തരത്തിൽ ഒരു **മിനി ഇൻഡസ്ട്രിയിൽ എൻഞ്ചനീയറിംഗ് എസ്റ്റേറ്റ്** ആരംഭിക്കുക.

5. **സഹകരണ യൂണിറ്റും - വൈവിധ്യ വൽക്കരണവും**

കളിമൺപാത്ര വ്യവസായങ്ങൾ വൈവിധ്യ വൽക്കരിക്കുകയും മരം കൊണ്ടുള്ള കൊത്തുപണികളുടെ മേഖലയിൽ സഹകരണ അടിസ്ഥാനത്തിലുള്ള യൂണിറ്റ് രൂപീകരിക്കുകയും ചെയ്യുക.

6. പുതിയ വാഹനങ്ങളുടെ ബോഡി നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

7. വെളിച്ചെണ്ണ നിർമ്മാണ ഫാക്ടറിയിലെ വേസ്റ്റ് ഉപയോഗിച്ച് **കന്നു കാലിത്തിറ്റ ഫാക്ടറിക്കുള്ള** സാദ്ധ്യത പ്രയോജനപ്പെടുത്തുക.

8. **കരിമ്പന ഉപയോഗിച്ചുള്ള** ഫർണിച്ചറുകളും കെട്ടിടോപകരണങ്ങളും നിർമ്മിക്കുന്ന ഫാക്ടറി ആരംഭിക്കുക.

9. ഹോളോ ബ്രിക്സ്, സിമന്റ്, കട്ടിള, ജനൽ, ജാളി തുടങ്ങിയ എല്ലാതരം കൺസ്ട്രക്ഷൻ മെറ്റീരിയലും നിർമ്മിക്കുന്ന യൂണിറ്റുകളാരംഭിക്കുക.

10. **ചിലവു കുറഞ്ഞ വീടു നിർമ്മാണം.:-**

**ചിലവു കുറഞ്ഞ** വീടു നിർമ്മിക്കാൻ ഒരു പരിശീലന കേന്ദ്രവും കെട്ടിട നിർമ്മാണ മേഖലയിൽനിന്ന് തെരഞ്ഞെടുക്കുന്ന തൊഴിലാളികളുടെ ഒരു സഹകരണ സംഘവും രൂപീകരിച്ച് ഈ രംഗത്തെ ഇടത്തരക്കാരുടെയും സാധാരണക്കാരുടെയും ആവശ്യങ്ങൾ നിറവേറ്റുക.

11. ബി. പി. എൽ. ഇലക്ട്രോണികസ് കമ്പനിയെ കേന്ദ്രീകരിച്ചുകൊണ്ട് വനിതകളുടെ ഇലക്ട്രേണിക്സ് കംപോനെന്റ് **അസംബ്ലിങ്ങ് യൂണിറ്റുകൾ** ആരംഭിക്കുക.

12. പഞ്ചായത്തിൽ 10 വനിതകൾ വീതം ഉൾക്കൊള്ളുന്ന 5 റെഡിമേയ്ഡ് ഗാർമെന്റസ് യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

13. ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വ്യവസായ

യൂണിറ്റ്.

14. ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുള്ള 2റൈസ് മില്ലുകളും അവയോടനുബന്ധിച്ച് **നെല്ല് സംഭരണ സംസ്കരണ വിപണന കേന്ദ്രവും** ഇതിനോടനുബന്ധിച്ച് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

15. വ്യവസായ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ ഒരു **ലേബർ കോൺട്രാക്ട് സൊസൈറ്റി** പഞ്ചായത്ത്തലത്തിൽ രൂപീകരിക്കുക.

16. നമ്മുടെ പ്രദേശത്തെ തൊഴിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു **ഇൻഫർമേഷൻ സെന്ററും** തൊഴിൽ രഹിതരുടെ പേരുരേഖപ്പെടുത്തുന്ന കേന്ദ്രവും പഞ്ചായത്തിലാരംഭിക്കുക.

17. ഒരു **ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റ്** ആരംഭിക്കുക.

18 ഇന്ധനക്ഷമതയുള്ള അടുപ്പുകൾ നിർമ്മിക്കുന്ന ഒരു യൂണിറ്റാരംഭിക്കുക.

19. കഞ്ചിക്കോട് നൂൽമില്ലുകളുടെ അനുബന്ധമായി ടെക്സ്റ്റൈയിൽ ഡബ്ലിങ്ങ് വേസ്റ്റ് കോട്ടൺ മിൽ യൂണിറ്റിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുക.

20. ഇടത്തരക്കാരും, ഉയർന്ന വരുമാനക്കാരും. അവരുടെ ആവാസകേന്ദ്രമായി തിരഞ്ഞെടുത്തിരിക്കുന്ന നമ്മുടെ പ്രദേശത്ത് ഗാർഹിക ഉപകരണങ്ങൾ നന്നാക്കാൻ കഴിയുന്ന, ചെറുപ്പക്കാരുടെ ഒരു യൂണിറ്റാരംഭിക്കുക.

21. ആവശ്യമുള്ള വീട്ടു സാധനങ്ങൾ ഡോർ ഡെലിവറി നടത്തുന്ന ഒരു **കൺസ്യൂമർ സൊസൈറ്റി** സ്ഥാപിക്കുക.

22. വീട്ടു ജോലിക്ക് ആധുനിക ഗൃഹോപകരണങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലനം നൽകിക്കൊണ്ട് അതിൽ താല്പര്യമുള്ളവരുടെ ഒരു യൂണിറ്റാരംഭിക്കുക.

# 5.4

# വിദ്യാഭ്യാസം



വിദ്യാഭ്യാസരംഗത്ത് സാക്ഷരതയിലടക്കം പിന്നോക്ക ജില്ലയായ പാലക്കാടിന്റെ പൊതു അവസ്ഥയിൽ നിന്നും വളരെയധികം വ്യത്യസ്തമായിരുന്നില്ല നമ്മുടെ പഞ്ചായത്തിന്റെ അവസ്ഥയും. അതിന്റെ പ്രകടമായ ഉദാഹരണമാണ് 27,000 ഓളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ സർക്കാർ മേഖലയിലോ എയിഡട് മേഖലയിലോ ഒരു ഹൈസ്ക്കൂൾ ഇന്നോളമില്ലാത്തത്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ 1905 ലാണ് കൊട്ടേക്കാട് ഒരു യൂ.പി. സ്ക്കൂൾ മാനേജ്മെന്റിന് കീഴിലാരംഭിച്ചത്. അതേ വർഷം തന്നെ രാമനാഥപുരം കിട്ട മാസ്റ്റർ എന്ന ഗോപാല കൃഷ്ണയ്യർ മുൻകൈയ്യെടുത്ത് കല്ലേപ്പുള്ളിയിലാരംഭിച്ച സ്ക്കുളാണ് ഇന്ന് പി. എ. എം. എം. യൂ.പി. സ്ക്കൂളായി അറിയപ്പെടുന്നത്. ഇതിൽ കൊട്ടേക്കാട് സ്ക്കൂൾ 1966 ൽ ഹൈസ്ക്കൂളായി ഉയർത്തിയെങ്കിലും പ്രവർത്തന വൈകല്യവും ശരിയായ ജനകീയ ഇടപെടലും ഇല്ലാത്തതുകാരണം 1972 ൽ വീണ്ടും യൂ. പി. സ്ക്കൂളായി തരം താഴ്ത്തപ്പെടുകയുണ്ടായി. 1962 ൽ ഇരട്ടയാലിൽ പ്രവർത്തിച്ചിരുന്ന എലിമെന്ററി സ്ക്കൂൾ കെട്ടിടം ദുർബലമായി ഇല്ലാതാകുന്ന സ്ഥിതിയിലേക്ക് എത്തിച്ചേർന്നു. ഈ സാഹചര്യത്തിൽ പി. കുഞ്ഞിരാമൻ മാസ്റ്ററുടെ നേതൃത്വത്തിൽ ജനങ്ങൾ ഒരു മാസക്കാലത്തെ സന്നദ്ധ പ്രവർത്തനത്തിലുടെ മരുത റോഡ് തെക്കേത്തറയിൽ ഒരു സ്ക്കൂൾ ഉണ്ടാക്കി പ്രവർത്തനം പുനരാരംഭിച്ചു. ഇന്നിത് സർക്കാർ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ആരംഭിച്ച ചെമ്മങ്കാട് എൽ. പി. സ്ക്കൂൾ ഐക്യ കേരള പിറവിക്കുശേഷം സർക്കാർ ഏറ്റെടുത്തു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ മരുതറോഡ്, കൊട്ടേക്കാട്, പടലിക്കാട്, കുന്നനൂർ, എന്നീ സ്ഥലങ്ങളിലായി 4 എൽ. പി. സ്ക്കൂളുകളും, കൊട്ടേക്കാട് വി. കെ. എൻ. എം. , കല്ലേപ്പുള്ളി പി. എ. എം. എം. എന്നീ പേരുകളിൽ 2 എയിഡഡ് യൂ. പി. സ്ക്കുളുകളും പ്രവർത്തിച്ചു വരുന്നു.

ജില്ലാ ആസ്ഥാനത്തുനിന്നുള്ള ഉദ്യോഗസ്ഥന്മാരും വ്യവസായ മേഖലയിൽ നിന്നുള്ള ആധുനിക വ്യവസായ തൊഴിലാളികളുടെ വരവും, പൊതുവെ ഉയർന്നു വന്ന ഇംഗ്ലീഷ് സ്ക്കൂൾ ഭ്രമവും ഒക്കെയാവാം നമ്മുടെ

പഞ്ചായത്തിലും ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളും 3 എൽ. പി. സ്ക്കൂളുകളും ആരംഭിച്ചതിന്ന് പ്രേരണ. ചന്ദ്രനഗറിൽ മൂകാമ്പികാ എൽ. പി. സ്ക്കൂളും കൊട്ടേക്കാട് എൻ. ഇ. എസ്. ഇംഗ്ലീഷ് മീഡിയം സ്ക്കുളും മരുത റോഡ് എൻ. എസ്. എസ്. ഇംഗ്ലീഷ് മീഡിയം എൽ. പി. സ്ക്കൂളും, ചന്ദ്രനഗർ ഭാരത് മാതാ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കുളുകളുമാണ് ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നത്. ഇതുകൂടാതെ രണ്ട് ടൈപ്പറേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഒര കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട്, ഒരു ടൈലറിംഗ ഇൻസ്റ്റിറ്റ്യൂട്ട് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ബി. പി. എൽ. ജംഗഷനു സമീപം ഉണ്ടായിരുന്ന ജൂനിയർ ടെക്നിക്കൽ സ്ക്കൂൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെട്ടു.

അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ 1028 വിദ്യാർത്ഥികളും പ്രീ. പ്രൈമറി എൽ. പി. സ്ക്കുളുകളിൽ 370 ഓളം കുട്ടികളും പഠിക്കുന്നു. ഇതിൽ ഭൂരിഭാഗം കുട്ടികളും പഞ്ചായത്തിന് പുറത്തുനിന്ന് വരുന്നവരാണ്. അതേ സമയത്തുതന്നെ നമ്മുടെ പഞ്ചായത്തിൽ നിന്നും ഒരു വിഭാഗം കുട്ടികൾ പാലക്കാട് ടൗണിലുള്ള വിവിധ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലും പഠിക്കാൻ പോകുന്നുണ്ട്.

**പട്ടിക _ 19**

**..................................ഗ്രാമ പഞ്ചായത്ത്**

### 9.2 സ്കൂളിന്റെ പൊതുവിവരം

| | സ്കൂളിന്റെ പേര് | ഹൈ. സ്കൂൾ/ യു.പി./ എൽ.പി/ പ്രീ. പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ കോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | [illegible] സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്ത | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | [illegible] | | | | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 | GLP കുന്നനൂർ | LP | ഗവ | – | – | – | 78 | 97 | 175 | 4 | 4 | – | – | 5525Sq.ft. | – | – | ചുറ്റുമതിലില്ല |
| 2 | GLP മരുതറോഡ് | LP | ഗവ | – | – | – | 155 | 127 | 282 | 9 | 9 | – | – | 18.5 സെന്റ് | ഇല്ല | – | വാടകകെട്ടിടം |
| 3 | GLP ചെമ്മങ്കാട് | LP | ഗവ | – | – | – | 121 | 105 | 226 | 7 | 7 | – | – | 81 സെന്റ് | 10 സെന്റ് | – | പ്രാഥമിക സൗകര്യമില്ല |
| 4 | GLP പടലിക്കാട് | LP | ഗവ | – | – | – | 54 | 58 | 112 | 4 | 3 | 1 | – | 84 സെന്റ് | 50 സെന്റ് | – | ചുറ്റുമതിലുണ്ട് |
| 5 | PAMM കല്ലേപ്പുള്ളി | UP | – | ✓ | – | – | 523 | 475 | 998 | 27 | 25 | 2 | 1 | 125 സെന്റ് | 20 സെന്റ് | 10 സെന്റ് | മൂത്രപ്പുരയുണ്ട് സ്റ്റേജ് ഉണ്ട് |
| 6 | VKNM കാളിപ്പാറ | UP | – | ✓ | – | – | 328 | 350 | 678 | 26 | 26 | – | – | – | – | – | ചുറ്റുമതിലില്ല കിണർ അറ്റകുറ്റ പണിനടത്തിയിട്ടില്ല |

പട്ടിക _ 20

സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ അക്കാദമിക് നിലവാരം

| ക്ലാസ് | സ്ക്കൂളിന്റെ പേര് | ആകെ | 30% താഴെ കുട്ടികൾ | 30_40 മാർക്ക് നേടുന്നവർ | 40_50 %നേടുന്നവർ | 50_60 %നേടുന്നവർ | 60% %നേടുന്നവർ |
|---|---|---|---|---|---|---|---|
| | 2 | 3 | 3 | 5 | 6 | 7 | 8 |
| III | മരുതറോഡ് | 68 | 20 | 15 | 14 | 10 | 9 |
| | കുന്നന്നൂർ | 42 | 13 | 10 | 5 | 5 | 9 |
| | കല്ലേപ്പുള്ളി | 113 | 61 | 12 | 18 | 7 | 13 |
| | ചെമ്മങ്കാട് | 55 | 10 | 10 | 15 | 10 | 10 |
| | *കാളിപ്പാറ | 67 | 21 | 14 | 11 | 10 | 11 |
| | പടലിക്കാട് | 31 | 2 | 11 | 5 | 4 | 8 |
| IV | മരുതറോഡ് | 72 | 25 | 20 | 10 | 12 | 5 |
| | കുന്നന്നൂർ | 45 | 15 | 10 | 10 | 5 | 5 |
| | കല്ലേപ്പുള്ളി | 115 | 55 | 17 | 9 | 10 | 24 |
| | ചെമ്മങ്കാട് | 58 | 42 | 5 | 4 | 4 | 3 |
| | *കാളിപ്പാറ | 66 | 20 | 14 | 11 | 10 | 11 |
| | പടലിക്കാട് | 30 | 1 | 6 | 7 | 5 | 11 |
| V | കല്ലേപ്പുള്ളി | 176 | 84 | 41 | 27 | 12 | 12 |
| | *കാളിപ്പാറ | 98 | 32 | 20 | 16 | 11 | 19 |
| VI | കല്ലേപ്പുള്ളി | 161 | 111 | 17 | 14 | 20 | 9 |
| | *കാളിപ്പാറ | 141 | 45 | 30 | 24 | 17 | 25 |
| VII | കല്ലേപ്പുള്ളി | 195 | 171 | 41 | 13 | 14 | 14 |
| | *കാളിപ്പാറ | 151 | 50 | 32 | 26 | 19 | 25 |

* ശരാശരി കണക്ക്.

പഞ്ചായത്തിലെ വിവിധ ഗവ. എൽ. പി. സ്ക്കൂളുകളിലും രണ്ട് എയ്ഡഡ് യൂ.പി. സ്ക്കൂളുകളിലുമായി 2527 വിദ്യാർത്ഥികളും 73 അദ്ധ്യാപകരും നിലവിലുണ്ട്. ഈ വിദ്യാർത്ഥികളിൽ 1237 പേർ പെൺകുട്ടികളാണ്. ഈ മേഖലയിൽ പഠിക്കുന്ന കുട്ടികളിൽ 54%വും പരീക്ഷകളിൽ ശരാശരി 40 മാർക്കിനു താഴെ നേടുന്നവരാണ്. അതിൽ തന്നെ 33% വിദ്യാർത്ഥികളുടേയും 30ൽ താഴെയാണ്. 17% കുട്ടികൾ മാത്രമാണ് 60 മാർക്കിൽ കൂടുതൽ നേടുന്നത്. മലയാളം മീഡിയത്തിലെ 6 സ്ക്കൂളുകളും 1,2,3,6,7,11 വാർഡുകളിലാണ് സ്ഥിതിചെയ്യുന്നത്. ഈ സ്ക്കൂളുകൾക്ക് ചുറ്റുമതിലോ വേലിയോ പോലുമില്ലാത്തവയാണ്.

പട്ടികജാതി വിഭാഗത്തിലുള്ള 571 വിദ്യാർത്ഥികളിൽ 274 പെൺകുട്ടികളാണ്. തോറ്റു പഠിക്കുന്നവരുടെ എണ്ണം 65 ആണ്. ഇതിൽ 40 ഉം ആൺകുട്ടികളാണ്. എൽ. പി. - യൂ.പി. വിഭാഗത്തിൽ പഠനം നിർത്തിവെച്ച 31 കുട്ടികളിൽ 10 കുട്ടികൾ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരാണ്. സാമ്പത്തിക സാമൂഹ്യകാരണങ്ങളാൽ കൊഴിഞ്ഞുപോയവരാണ് ഇക്കൂട്ടർ.

പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ ഇല്ലാത്തതുകൊണ്ട് നമ്മുടെ കുട്ടികൾ ഹൈസ്ക്കൂൾ വിഭാഗത്തിന് 8കിലോമീറ്റർ അകലെയുള്ള കഞ്ചിക്കോട്, പാലക്കാട്, എലപ്പുള്ളി എന്നി വിടങ്ങളിലേക്ക് പോകേണ്ടി വരുന്നു.

മുൻകാലങ്ങളിൽ നമ്മുടെ വിദ്യാർത്ഥികളിൽ നല്ലൊരു പങ്കിനും മെച്ചപ്പെട്ട ഉയർന്ന വിദ്യാഭ്യാസം ലഭിക്കാത്തതിന് ഇതും ഒരു മുഖ്യ കാരണമായി ഈ കടമ്പകളെല്ലാം കടന്നവരിൽ ഒരു ചെറിയ വിഭാഗമാണ് ഉന്നത വിദ്യാഭ്യാസത്തിന് പോയിട്ടുള്ളത്. 3 വയസ്സിനും 5 വയസ്സിനും ഇടയിലുള്ള സാധാരണക്കാരുടെ കുട്ടികൾ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗന വാടികളിൽ പോകുന്നുണ്ട്. എന്നാൽ ഇതിൽ ഒന്നിനു മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. നമ്മുടെ സമൂഹ ത്തിൽ ഉന്നതമായ ജീവിത സൗകര്യങ്ങളോടുകൂടിയ ഹൌ സിംഗ് കോളനികളിലെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് തിളക്കമേറിയ വിജയങ്ങൾ കരസ്ഥമാക്കുന്നവരാണ്. 95 - 96 വർഷത്തിൽ തന്നെ എസ്. എസ്. എൽ. സി. ക്കും, പ്രീ-ഡിഗ്രിക്കും ഡിസ്റ്റിംഗഷനോടുകൂടി ഉയർന്ന റാങ്കുകൾ ഇവർ കരസ്ഥമാക്കിയിരുന്നു.

നമ്മുടെ നാട്ടിൻപുറത്തെ സ്ക്കൂളുകളിൽ നിരക്ഷരരായ കുട്ടികളുടെ തോത് വളരെക്കൂടുതലാണ്. ഇവരുടെ നിര ക്ഷരത നിർമ്മാർജ്ജനത്തിന് ഫലപ്രദമായ നീക്കങ്ങളൊന്നും ഇതുവരെ നടന്നിട്ടില്ല. പ്രാഥമിക സൗകര്യങ്ങളോ വേണ്ടത്ര പഠനോപകരണങ്ങളോ ഇല്ലാത്ത ഈ സ്ക്കൂളുകളിൽ അദ്ധ്യാപകരും സജീവമായി ഇടപെടേണ്ടതുണ്ട്. ഈ കാര്യത്തിൽ പഞ്ചായത്ത് ഭരണ സമിതിയും ഗ്രാമ സഭകളും നമ്മുടെ കുട്ടികളുടെ ഒരു നല്ല ഭാവിക്കുവേണ്ടി സമയോചിതമായ ഇടപെടലുകളും സഹായങ്ങളും നിർവഹിക്കേണ്ടതുണ്ട്. സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയെക്കുറിച്ച് ഗ്രാമ സഭകളിൽ ചർച്ചകളും നിർദ്ദേശങ്ങളും ഉയർന്നു വന്നു. കുന്നനൂർ ഗവ. എൽ. പി. സ്ക്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങളോ ഉറപ്പുള്ള കെട്ടിടമോ ഇല്ല. അറ്റ കുറ്റ പണികൾ പോലും നടത്താത്ത ഈ സ്ക്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പടലിക്കാട്, ചെമ്മങ്കാട്, എൽ. പി. സ്ക്കൂളുകളിൽ വൈദ്യുതി ഇല്ല. ചമ്മങ്കാട് എൽ. പി. സ്ക്കൂളിന് മൂത്രപ്പുരയോ പാചക പുരയോ ഇല്ലാത്തവയാണ്. നമ്മുടെ പഞ്ചായത്തിലെ ആറ് സർക്കാർ - എയ്ഡഡ് സ്ക്കൂളുകളിൽ വേണ്ടത്ര ഫർണീച്ചറുകളോ ഓഫീസ് സൗകര്യങ്ങളോ ഇല്ല. കുന്നനൂർ സ്ക്കൂളിന് ആവശ്യത്തിന് ബ്ലാക്ക് ബോർഡുകൾ പോലും ഇല്ല. മിക്ക സ്ക്കൂളുകളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. ചെമ്മങ്കാട് സ്ക്കൂളിൽ അതിനുള്ള സൗകര്യം പോലും ഇല്ല. പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ അധികവും രണ്ട് കിലോ മീറ്ററിലധികം സഞ്ചരിച്ചാണ് എൽ. പി. സ്ക്കൂളുകളിലേക്ക് പോകുന്നത്. ഇവരുടെ പഠന നിലവാരത്തെക്കുറിച്ച് മുകളിൽ സൂചിപ്പിച്ചിരുന്നുവല്ലോ. ഇവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ വേണ്ടി ക്ലാസ്സ് മുറികളേയും സ്ക്കൂളിനേയും അടിസ്ഥാനമാക്കിയും ഗ്രാമസഭതലത്തിൽ അയൽ കൂട്ടങ്ങൾ രൂപീകരിച്ചും വിദ്യാഭ്യാസ കോംപ്ലെക്സ് ഏർപ്പെടുത്തിയും പരിഹാരം കാണേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗം അഭിമുഖീകരിക്കുന്ന പ്രശ്നം താഴെപ്പറയുന്നവയാണ്.

1. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്
2. ആവശ്യത്തിന് ഹൈസ്ക്കൂൾ, യൂ. പി., എൽ. പി. സ്ക്കൂളുകൾ ഇല്ല.

3. പഠനോപകരണങ്ങൾ വേണ്ടത്ര ഇല്ല.

4. പഠന നിലവാരം മോശമാണ്.

5. വർഷംതോറും വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നു.

6. പി. ടി. എ. സജ്ജീവമല്ല.

7. വേണ്ടത്ര യാത്രാ സൗകര്യം ഇല്ല.

8. വിദ്യാർത്ഥികൾക്ക് പഠനത്തിലുള്ള താല്പര്യക്കുറവ്.

സാദ്ധ്യതകൾ :-

1. തുടർ സാക്ഷരത പദ്ധതി നടപ്പിലാക്കണം.

2. പി.ടി.എ. കളിൽ വിദ്യാഭ്യാസ തൽപ്പരരെയും സാമൂഹിക പ്രവർത്തകരെയും ഉൾപ്പെടുത്തണം.

3. അദ്ധ്യാപകരെ അദ്ധ്യാപനം ഒഴികെയുള്ള ജേലിയിൽ നിന്ന് ഒഴിവാക്കുക.

4. മഹിളാ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് മാതൃസംഗമ പരിപാടി ഫലപ്രദമാക്കണം.

5. അദ്ധ്യയന ആരംഭത്തിൽ തന്നെ ആവശ്യത്തിന് അദ്ധ്യാപകരുണ്ടെന്ന് ഉറപ്പു വരുത്തണം.

6. ക്ലാസ് മുറികളുടെ അടിസ്ഥാനത്തിൽ മൂന്നു മാസത്തിലൊരിക്കൽ രക്ഷകർത്താക്കളുടെ യോഗം വിളിച്ച് വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തണം.

7. മരുതറോഡ്, കുന്നനൂർ, ചെമ്മങ്കാട് എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി ഉയർത്തുക.

8. 8,9 വാർഡുകളിൽ എൽ.പി. സ്കൂളുകൾ ആരംഭിക്കുക. പഞ്ചായത്തിന്റ മദ്ധ്യഭാഗത്ത് ഹൈസ്കൂൾ ആരംഭിക്കുക.

9. എല്ലാ സ്കൂളുകളിലും രണ്ടു മൂത്രപ്പുരകളും, രണ്ടു കക്കൂസുകളെങ്കിലും ജനകീയ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ പഞ്ചായത്ത് ഭരണ സമിതി മുൻകൈ എടുക്കുക.

10. കുടിവെള്ളം എത്തിക്കാൻ സമയബന്ധിത പരിപാടി ആവിഷ്കരിക്കുക.

11. വിവിധ വിദ്യാലയ അദ്ധ്യാപക രക്ഷകർതൃ സമിതികളെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തടിസ്ഥാനത്തിൽ വിദ്യാഭ്യാസ സമിതി രൂപീകരിക്കുക.

12. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റഫ്രെഷർ കോഴ്സുകൾ നടത്തുക, വിദ്യാർത്ഥികൾക്കായി കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക കായിക പരിശീലനം ഉറപ്പുവരുത്തുക പരീക്ഷകൾ ചിട്ടപ്പെടുത്താൻ സഹായിക്കുക.

13. സ്ക്കൂളുകളിൽ പാഠ പുസ്തകങ്ങൾ യഥാസമയം എത്തിക്കാൻ നടപടി സ്വീകരിക്കുക.

14. ഉച്ചകഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്തം ജനകീയ സഹകരണത്തോടെ പഞ്ചായത്ത് ഭരണ സമിതി ഏറ്റെടുക്കുക.

15. സ്ക്കൂൾ വിദ്യാഭ്യാസ കോംപ്ലെക്സുകൾ ഫലപ്രദമാക്കുക.

## പട്ടിക 21

### സർക്കാർ / എയ്ഡഡ് സ്ക്കൂളുകളിലെ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

| | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെഎണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | | | | പഠനം നിർത്തിയവർ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻ | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തി |
| ഡേർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | യവരുടെ എണ്ണം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 168 | 194 | 362 | 44 | 42 | 86 | | | | | | | 2 | 2 | 4 | 3 | 4 | 7 | 11 |
| II | 231 | 203 | 434 | 58 | 38 | 96 | 5 | 3 | 8 | 4 | 12 | 3 | 1 | 4 | 3 | | 3 | | 7 |
| III | 211 | 181 | 392 | 41 | 48 | 89 | 9 | 4 | 13 | 7 | 2 | 9 | | | | 1 | | 1 | 1 |
| VI | 201 | 200 | 401 | 44 | 41 | 85 | 7 | 7 | 14 | 5 | 3 | 8 | 0 | 1 | 1 | 3 | 3 | 6 | 7 |
| V | 145 | 130 | 275 | 44 | 26 | 70 | 5 | 2 | 7 | 3 | 4 | 7 | | | | | | | |
| VI | 155 | 154 | 309 | 29 | 43 | 69 | 6 | 4 | 10 | 6 | 1 | 7 | 0 | 1 | 1 | 2 | 2 | 4 | 5 |
| VII | 179 | 175 | 354 | 37 | 36 | 73 | 8 | 5 | 13 | 8 | 9 | 17 | | | | | | | |
| VIII | | | | | | | | | | | | | | | | | | | |
| XI | | | | | | | | | | | | | | | | | | | |
| X | | | | | | | | | | | | | | | | | | | |
| ആകെ | 1296 | 1237 | 2527 | 297 | 274 | 571 | 40 | 25 | 65 | 37 | 23 | 60 | 5 | 5 | 10 | 12 | 9 | 21 | 31 |

## പട്ടിക 22

### അക്കാദമിക് സൗകര്യങ്ങൾ

| സ്ക്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല. | ലാബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ ഇല്ല. | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം. | മാതൃസംഗമം സജീവം/ സജീവമല്ല | ക്ലാസ് റൂം പി.ടി.എ കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ്റെക്കോർഡർ | ടി.വി. സെറ്റ് | വി.സി.ആർ/വി.സി.പി. | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ്പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| G.L.P.S. കുന്നന്നൂർ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 4 | 198 | 3 | 1 | സജീവം | |
| P.A.M.U.P.S. കല്ലേപ്പിള്ളി | ഉണ്ട് | ഉണ്ട് | പരിമിതം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 18 | 18 | 194 | 3 | 2 | സജീവം | |
| V.K.N.M.U.PS കാളിപ്പാറ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20 | 20 | 195 | 0 | 0 | നിർജീവം | |
| G.L.P.S. കൊട്ടേക്കാട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 5 | 195 | ഇല്ല | 3 | സജീവം | പ്രവർത്തിക്കുന്നു • |
| G.L.P.S. പടലിക്കാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 198 | ഇല്ല | 1 | സജീവം | |
| G.L.P.S. മരുതറോഡ് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 11 | 195 | ഇല്ല | 3 | സജീവം | |

• പി. ടി. എ. പ്രവർത്തിക്കുന്നില്ല

## പട്ടിക – 23

സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ

| സ്ക്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| ഗവഃഎൽ. പി. സ്ക്കൂൾ, കുന്നന്നൂർ | 175 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ഗവഃഎൽ. പി. സ്ക്കൂൾ, മരുതറോഡ് | 282 | 9 | 2 | 1 | ഉണ്ട് | ഉണ്ട് |
| ഗവഃഎൽ. പി. സ്ക്കൂൾ, ചെമ്മൻകാട് | 226 | 7 | 1 | ഇല്ല | ഇല്ല | ഇല്ല |
| ഗവഃഎൽ. പി. സ്ക്കൂൾ, പടലിക്കാട് | 112 | 4 | 2 | 1 | ഉണ്ട് | ഇല്ല |
| പി. എ. എം . എം. യു. പി. സ്ക്കൂൾ, കല്ലേപ്പുള്ളി | 998 | 27 | 2 | 1 | ഉണ്ട് | ഉണ്ട് |
| വി. കെ. എൻ. എം. യു. പി. സ്ക്കൂൾ, കാളിപ്പാറ | 678 | 26 | 2 | ഇല്ല | ഉണ്ട് | ഉണ്ട് |
| ഭാരത്മാതാ, ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് ഹൈസ്ക്കൂൾ | 1028 | 30 | 4 | 8 | ഉണ്ട് | ഉണ്ട് |

# 5.5 കുടിവെള്ളവും പൊതുജനാരോഗ്യവും



മനുഷ്യ സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയിൽ സുപ്രധാന സ്ഥാനമുള്ള ശുദ്ധജലം മതിയായ അളവിൽ ലഭിക്കാത്ത ഒരു പ്രദേശമാണ് നമ്മുടേത്. കടുത്ത വരൾച്ച അനുഭവപ്പെടുന്ന ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് നമ്മുടെ പ്രദേശം വിധേയമാകുന്നു. 2704 കുടുംബങ്ങൾക്കുമാത്രമാണ് കിണറുകൾ ഉള്ളത്. വേനൽക്കാലമാവുമ്പോൾ പകുതിയോളം കിണറുകളിലും വെള്ളം വെറ്റുന്നു. 46% കുടുംബങ്ങൾ മലമ്പുഴ ശുദ്ധജല വിതരണത്തേയും, 32 കുഴൽ കിണറുകളേയുമാണ് കുടിവെള്ളത്തിനുവേണ്ടി ആശ്രയിക്കുന്നത്. എന്നാൽ വേനൽക്കാലത്ത് മലമ്പുഴ ശുദ്ധജല പദ്ധതിയിൽ നിന്നും ദിവസങ്ങളോളം വെള്ളം കിട്ടാത്ത അവസ്ഥയുമുണ്ട്. ഇതിന്റെയൊക്കെ ഫലമായി വരൾച്ചക്കാലത്ത് രേഖപ്പെടുത്തപ്പെട്ട പകർച്ച വ്യാധി രോഗങ്ങളിൽ 25%ൽ ഏറെയും ജലജന്യ രോഗങ്ങളാണ്. കഴിഞ്ഞ 3 വർഷങ്ങൾക്കിടയിൽ ഈ രോഗം വർദ്ധിച്ചു വരുന്നതായി കാണുന്നു.

പട്ടിക - 24

## കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | ആറ്റിരിപ്പ്, കുളപ്പറമ്പ്<br>കുന്നങ്കാട് വടക്കേ അറ്റം | കിണർ<br>പൈപ്പ് ലൈൻ 350 മീ. നീട്ടണം |
| 2. | അയക്കേക്കാട്<br>ചീനിക്കാട്<br>നാല് സെന്റ് കോളനി കിഴക്കുഭാഗം | കിണർ<br>300 മീ. പൈപ്പ് ലൈൻ നീട്ടണം<br>200 മീ. പൈപ്പ് ലൈൻ നീട്ടണം |
| 3. | കല്ലമ്പറമ്പ്<br>നാമ്പള്ളം അരുകുടി | കുഴൽ കിണർ<br>നിലവിലുള്ള പൈപ്പ് ലൈനിൽ ടാപ്പുകൾ ഇടണം |
| 4. | കല്ലേപ്പുള്ളി, ആലമ്പള്ളം<br>വരാട്<br>കുറുപ്പത്ത് വീട് മാരിയമ്മൻ കോവിലിന് സമീപം<br>മന്ത്രിക്കാട് കോളനിയിൽനിന്നും വടക്കോട്ട്<br>കുഴിയക്കാട് നെയ്തരപുള്ളി, ആശാരിത്തറ<br>മൂശാരിത്തറ മുനിയപ്പൻ കോവിലിന് സമീപം | 250 മീറ്റർ<br><br>200 മീറ്റർ<br>250 മീറ്റർ<br>500 മീറ്റർ<br>200 മീറ്റർ |
| 5. | ഇരുപ്പക്കാട്<br>പി. എ. എം. യു. പി. സ്ക്കൂൾ<br>കൂത്തിലാട്<br>നാല് സെന്റ് കോളനി | 500 മീറ്റർ പൈപ്പ് ലൈൻ<br>300 മീറ്റർ പൈപ്പ് ലൈൻ<br>500 മീറ്റർ പൈപ് ലൈൻ<br>കുഴൽ കിണറിൽ പമ്പിംഗ് സംവിധാനം കല്ലേപ്പുള്ളിയിൽ നിന്ന് കണക്ഷൻ കൊടുക്കണം. |
| 6. | കാഞ്ഞിക്കുളം<br>തെക്കേത്തറ<br>വടക്കേത്തറ | 250 മീറ്റർ പൈപ്പ് ലൈൻ<br>250 മീറ്റർ പൈപ്പ് ലൈൻ<br>200 മീറ്റർ പൈപ്പ് ലൈൻ |

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 7 | പനങ്കുളം | 400 മീറ്റർ |
| | കിഴക്കേ ചെമ്പലോട് | 200 മീറ്റർ |
| | കിഴക്കേ ചെമ്പലോട് മുതൽ പഞ്ചായത്ത് കിണർ വരെ | 500 മീറ്റർ |
| | മുണ്ടക്കോട് അതൃത്തി മുഞ്ഞക്കോട് കിണർ തൊടി | 400 മീറ്റർ |
| 8 | എടക്കാട് | 100 മീറ്റർ |
| | പഴൂർ തെക്കുമുറി | 250 മീറ്റർ |
| | ഓട്ടൂർക്കാട് | 150 മീറ്റർ |
| | വടക്കേ കൽമണ്ഡപം | 250 മീറ്റർ |
| | വടക്കുമുറി | 500 മീറ്റർ |
| | സഹ്യാദ്രി കോളനി | 200 മീറ്റർ |
| | മണലി | 200 മീറ്റർ |
| 9 | മന്ദമ്പള്ളം | 300 മീറ്റർ |
| | പൂളക്കാട് | |
| | കല്ലുങ്കുളം | |
| 10 | കിഴക്കേ ആനപ്പാറ | 300 മീറ്റർ |
| | നടുവിൽ വീട് | 200 മീറ്റർ |
| | പടിഞ്ഞാറെ ആനപ്പാറ | 300 മീറ്റർ |
| 11 | കൊളയക്കോട് | കുഴൽ കിണർ |

നമ്മുടെ പഞ്ചായത്തിലെ 11 വർഡുകളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് മേൽ വിവരിച്ചവ. നിലവിലുള്ള പൈപ്പ് ലൈൻ 8 1/2. കി.മി. കൂടി ഈ പ്രദേശങ്ങളിലേക്ക് നീട്ടേണ്ടതുണ്ട്. അതുകൊണ്ടുമാത്രം കുടിവെള്ള ക്ഷാമം ഇന്നത്തെ സാഹചര്യത്തിൽ പരിഹരിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം നിലവിൽ പൈപ്പ് ലൈൻ ലഭ്യമായ പ്രദേശങ്ങളിൽ പോലും വേണ്ടത്ര വെള്ളം കിട്ടുന്നില്ല. നിലവിലുള്ള കിണറുകളിൽ കേടുവന്ന് നശിച്ചുകൊണ്ടിരിക്കുന്നവ പുനരുദ്ധരിച്ച് സംരക്ഷിക്കാൻ ഗ്രാമ സഭകളുടെ മുൻകയ്യോടെ പരിപാടികൾ ആവിഷ്ക്കരിക്കണം. നിലവിലുള്ള കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നത് ചുറ്റുമുള്ള കിണറുകളുടെ വെള്ളത്തിന്റെ അളവ് ഉയർത്തുന്നതിനും നിലനിർത്തുന്നതിനും സഹായകരമായിരിക്കും. മറ്റൊരു പ്രശ്നം റോഡരികിലുള്ള പൈപ്പുകൾ പൊട്ടിത്തകരുന്നതു മൂലം അമൂല്യമായ കുടിവെള്ളം പാഴായിപ്പോകുന്നു എന്നതാണ്.

1. പഞ്ചായത്ത്തല പദ്ധതി.

കോരയാർ പുഴയിൽ പടലിക്കാട് ഭാഗത്ത് ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സഹായ ത്തോടെ ഒരു വലിയ ടാങ്ക് നിർമ്മിച്ച് ഒരു ശുദ്ധജല പദ്ധതിക്ക് രൂപം കൊടുക്കുക. പഞ്ചായത്തിലെ 1, 2, 3, 4, 5, 10, 11, വാർഡുകളിലെ കുടിവെള്ളക്ഷാമം ശാശ്വത മായി പരിഹരിക്കാൻ കഴിയും.

2. പൈപ്പ് ലൈൻ

നിലവിലുള്ള മലമ്പുഴ ശുദ്ധജല വിതരണ പദ്ധതിയു ടേയും കുഴൽ കിണർ കുടിവെള്ള പദ്ധതിയുടേയും പൈ പ്പ് ലൈനുകൾ 81/2 കി. മി. വിവിധ പ്രദേശങ്ങളിലേക്ക് നീട്ടണം.

3. ചെറുകിട ശുദ്ധജല പദ്ധതി

നശിച്ചുകൊണ്ടിരിക്കുന്ന 100 ഓളം കുളങ്ങളും വേനൽ കാലത്ത് വരണ്ടുകിടക്കുന്ന 1300 ഓളം കിണറുകളും പുന രുദ്ധരിച്ച് സംരക്ഷിക്കാൻ പരിപാടി തയ്യാറാക്കുക.

നിലവിൽ കിട്ടുന്ന കുടിവെള്ളം ശുദ്ധീകരിച്ചതാണെന്ന് ഉറപ്പുവരുത്തുകയും വാഹനങ്ങൾ കയറി കേടു വരാതിരി ക്കാൻ പൈപ്പു ലൈനുകൾ റോഡിന്റെ നിരപ്പിൽ നിന്നും 2 1/2 അടിയെങ്കിലും താഴ്ത്തി സ്ഥാപിക്കണം. അറ്റകുറ്റ പ്പണികൾ തീർക്കാനുള്ള ചുമതല പഞ്ചായത്തിനെ ഏൽപ്പി ക്കണം.

## ആരോഗ്യം

നമ്മുടെ പഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ പകുതി വരെ നാട്ടു വൈദ്യ കുടുംബങ്ങളേയും മന്ത്രവാദങ്ങളേയും ക്ഷേത്രങ്ങളിലെ വെളിച്ചപ്പാടുമാരേയും ഒക്കെ രോഗനിവാര ണത്തിന് ആശ്രയിക്കുന്ന പതിവുണ്ടായിരുന്നു. പഞ്ചായ ത്തിനെ തൊട്ടുകിടക്കുന്ന പാലക്കാട് പട്ടണത്തിലെ കൃഷ്ണാ ആശുപത്രിയിലെ അപ്പാത്തികിരിയുടെ വരവോടെ നമ്മുടെ പ്രദേശത്തു നിന്നും ജനങ്ങൾ ആധുനിക വൈദ്യ ശാസ്ത്ര ത്തിന്റെ സമ്പ്രദായങ്ങൾ സ്വീകരിച്ചു തുടങ്ങി.

ചെമ്മൻകാട് പ്രാഥമിക ആരോഗ്യ കേന്ദ്രം, കൊട്ടേ ക്കാട് ആയുർവ്വേദ ആശുപത്രി, ഇരട്ടയാലും, ആനപ്പാറ യിലുമുള്ള ഐ. പി. പി. സെന്ററുകൾ, 5-ാം വാർഡിലുള്ള മാതൃ ശിശ്രൂഷ കേന്ദ്രം എന്നിവയാണ് നമ്മുടെ പഞ്ചായ ത്തിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ. ഇതു കൂടാതെ സ്വകാര്യ മേഖലയിൽ 'ദയാ'ഡിസ്പെൻസറി എന്ന ഒരു സ്ഥാപനം കൂടിയുണ്ട്. ആയൂർവ്വേദാശുപത്രിയിലും, പി. എച്ച്. സി. യിലും കിടക്കകളോ വേണ്ടത്ര ചികിത്സാ സൗകര്യങ്ങളോ ഇല്ല.

പട്ടിക 25

ജനന മരണ രജിസ്ട്രേഷൻ

| വർഷം | ജനനം | മരണം |
|---|---|---|
| 93 - 94 | 51 | 121 |
| 94 - 95 | 66 | 136 |
| 95 - 96 | 46 | 113 |

നമ്മുടെ പഞ്ചായത്തിലെ ദമ്പതികളിൽ 60% വും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. 90% കുട്ടികൾക്ക് ആരോഗ്യ വകുപ്പും അംഗനവാടി പ്രവർത്തകരും സംയൂക്തമായി പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ട്. 14 വയസ്സിനു താഴെയുള്ള 21 കുട്ടികൾ അംഗവൈകല്യങ്ങൾ ബാധിച്ചവരാണ്. 15 കുട്ടികൾ മന്ദബുദ്ധികളും.

56% കുട്ടികളിലും പോഷരാഹാരകുറവ് അനുഭവപ്പെടുന്നതായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക 26

## പോഷക കുറവുള്ള കുട്ടികളുടെ വിവരം

| | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1വയസ്സിനു താഴെ | 69 | 64 | 65 | 72 | 46 | 39 | - | 1 |
| 1-3 വയസ്സ് | 102 | 106 | 178 | 184 | 101 | 102 | 1 | 3 |
| 3-6 " | 198 | 188 | 180 | 182 | 80 | 81 | 4 | 5 |

1 -ാം ഗ്രേഡ് - ലഘുവായ പോഷക കുറവുള്ള

2 -ാം ഗ്രേഡ് - മിതമായ പോഷക കുറവുള്ള

3 -ാം ഗ്രേഡ് - ഗുരുതരമായ പോഷക കുറവുള്ള

പട്ടിക 27

## പകർച്ച വ്യാധി വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 93 - 94 | 1562 | 2042 | 60 | 2600 |
| 94 - 95 | 1691 | 1879 | 86 | 3192 |
| 95 - 96 | 1815 | 2410 | 75 | 3867 |

ത്വക്ക് രോഗങ്ങൾ കഴിഞ്ഞ 5 വർഷത്തിനിടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ദേശീയ മലേറിയ നിർമാർജ്ജന പദ്ധതി പ്രകാരമുള്ള രക്ത പരിശോദന വേണ്ടത്ര ബോധവൽക്കരണം ഇല്ലാത്തതുകൊണ്ടും രക്ത പരിശോധനക്ക് ആവശ്യമായ സാധനങ്ങളുടെ അപര്യാപ്തത മൂലവും വിജയിച്ചില്ല. എല്ലാ ബുധനാഴ്ചകളിലും പി. എച്ച്. സി., യിലും മാസത്തിലൊരിക്കൽ ഇരട്ടയാൽ, ആനപ്പാറ സബ് സെന്ററുകളിലും കുഴിയക്കാട് അംഗന വാടിയിലും പ്രതിരോധ കുത്തിവെയ്പിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്കും ചികിത്സയ്ക്കുവേണ്ടി 7. കി.മി. അപ്പുറത്തുള്ള ജില്ലാ ആശുപത്രിയെ ആശ്രയിക്കേണ്ടിവരുന്നു.

40% വീടുകൾക്കുമാത്രമാണ് കക്കുസുകൾ ഉള്ളത്. ബാക്കിയുള്ളവർ പ്രാഥമിക ആവശ്യത്തിന് പറമ്പുകളെ ഉപയോഗിക്കുന്നു. ഇവരെ കൂടാതെ തമിഴ്നാട്ടിൽ നിന്നും കൂലിപ്പണിക്ക് വന്നുകൊണ്ടിരിക്കുന്നവരിൽ ഒരു വലിയ വിഭാഗം ഈ ആവശ്യം നിറവേറ്റാൻ നിരത്തു വക്കുകളും ഉപയോഗിക്കുന്നു. പാലക്കാട് ടൗണിലുള്ള വൻകിട ഇടത്തരം ഹോട്ടലുകളിൽ നിന്നും മാംസാവശിഷ്ടങ്ങളുൾപ്പെടെയുള്ള മാലിന്യങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ 7,8,6,4 വാർഡുകളിലെ പല പ്രദേശങ്ങളിലുമാണ് കൊണ്ടുതള്ളുന്നത്. ഇതെല്ലാം വലിയ പൊതുജനാരോഗ്യ പ്രശ്നമായി മാറിയിട്ടുണ്ട്. ഇതു കൂടാതെ വ്യാപകമായ കൊതുകുശല്യവും നമ്മുടെ പ്രദേശത്തുണ്ട്. ഇതിന്റെയൊക്കെ ഫലമാവാം ത്വക്കുരോഗങ്ങളും പകർച്ചവ്യാധികളും വ്യാപകമാകുന്നതിന് കാരണം.

നമ്മുടെ പഞ്ചായത്തിൽ 10 ശ്മശാനങ്ങൾ ഉണ്ടെങ്കിലും കൽമണ്ഡപം ഒഴികെയുള്ളവ സംരക്ഷിക്കാൻ ഒരു സംവിധാനവും നിലവിലില്ല. കൽമണ്ഡപത്ത് ഒരു വൈദ്യുത ശ്മശാനം ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. 60% കുടുംബങ്ങൾക്ക് കക്കൂസില്ല
2. ബി. പി. എൽ. ജംഗഷനിലും, കൽമണ്ഡപം, മണലി, കല്ലേപ്പുള്ളി എന്നീ പ്രദേശങ്ങളിൽ തമിഴ് നാട്ടിൽ നിന്നും കൂലിപ്പണിക്ക് വരുന്നവരുടെ ചേരികൾ രൂപം കൊള്ളുന്നു.
3. ത്വക്ക് രോഗങ്ങളും പകർച്ചവ്യാധികളും വർദ്ധിക്കുന്നു.
4. മാലിന്യങ്ങൾ നശിപ്പിക്കപ്പെടുന്നില്ല. കൊതുകു ശല്യം പെരുകുന്നു.
5. ശ്മശാനങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.
6. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വേണ്ടത്ര സ്ഥല സൗകര്യമോ മരുന്നുകളോ ഇല്ല.

സാദ്ധ്യതകൾ

1. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 10 കിടക്കകളോടു കൂടിയ ചികിത്സാ സൗകര്യം ഏർപ്പെടുത്തണം.
2. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തം സ്ഥലവും കെട്ടിടവും വേണം.
3. പഞ്ചായത്തിന് അനുവദിക്കപ്പെട്ട ഹോമിയോ ആശുപത്രി ചെമ്പലോട് സ്ഥാപിക്കുക.
4. സംസ്ഥാന അടിസ്ഥാനത്തിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചുകൊണ്ട് പീലിക്കാട് പടലിക്കാട് പ്രദേശത്ത് നിരാലംബരായ സാമൂഹ്യ പ്രവർത്തകർക്ക് ഒരു വൃദ്ധ സദനം സ്ഥാപിക്കുക.
5. വരുന്ന 2 വർഷത്തിനുള്ളിൽ 3000 കക്കൂസുകൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
6. ശ്മശാനങ്ങളുടെ അതിർത്തികൾ അളന്ന് തിട്ടപ്പെടുത്തി ചുറ്റുമതിലുകൾ കെട്ടുക.
7. കൊതുകുനിവാരണത്തിന് പദ്ധതി ആവിഷ്ക്കരിക്കുക
8. മാലിന്യങ്ങൾ സംസ്കരിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
9. നിലവിലുള്ള പദ്ധതികളിൽ നിന്നും കിട്ടുന്ന കുടിവെള്ളം ശുദ്ധീകരിച്ചതാണെന്ന് ഉറപ്പുവരുത്തുക.
10. സബ്സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
11. പഞ്ചായത്തിലുള്ള അറവുശാലകളുടെ ശുചിത്തവും, മാംസത്തിന്റെ ഗുണനിലവാരവും ഉറപ്പുവരുത്തുക.
12. നേഷണൽ ഹൈവേയുടെ ഇരുവശവും വളർന്നു വരുന്ന ഹോട്ടലുകളിലെ ഭക്ഷണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടാക്കുക.
13. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഉപഭോക്തൃ സംരക്ഷണ സമിതിക്ക് രൂപം കൊടുക്കുക.
14. പഞ്ചായത്ത്തല ആരോഗ്യ സംരക്ഷണ സമിതി രൂപീകരിക്കുക



# 5.6 ഗതാഗതം ഊർജ്ജം

## ഗതാഗതം

നമ്മുടെ പൂർവ്വീകർ കാർഷിക ആവശ്യത്തിനു വേണ്ടി ഗതാഗതയോഗ്യമല്ലാതിരുന്ന പല ഇടവഴികളും കാളവണ്ടിക്കും മറ്റും സഞ്ചരിക്കാൻ കഴിയുന്ന പാതകളാക്കി മാറ്റി.

നമ്മൾ അറിയുന്ന ആദ്യത്തെ റോഡിന്റെ നിർമ്മാണം നടന്നത് 1769 ലായിരുന്നു. മൈസൂർ സുൽത്താനായിരുന്ന ഹൈദരാലിയുടെ പീരങ്കിപടയ്ക്ക് പാലക്കാട്ടേയ്ക്ക് കടന്നുവരാൻ വാളയാർ നിന്നും കാടുവെട്ടിതെളിച്ചുണ്ടാക്കിയ പാതയാണ് പിൽക്കാലത്ത് എൻ. എച്ച്. 47 ആയി മാറിയത്. ഈ റോഡ് 6-ാം വാർഡിന്റെ കിഴക്കേ അതൃത്തിയിൽ വെച്ച് നമ്മുടെ പഞ്ചായത്തിലേക്ക് പ്രവേശിച്ച് ചന്ദ്രനഗർ ഭാഗത്തുവെച്ച് രണ്ടായി തിരിഞ്ഞ് ഒന്നു പാലക്കാട്ടേയ്ക്കും മറ്റൊന്ന് തൃശ്ശൂരിലേക്കും പോകുന്നു.

മധുരയിൽ നിന്നും പൊള്ളാച്ചിയിൽ നിന്നും പാലക്കാട്ടേയ്ക്കു വരുന്ന പി. ഡബ്ല്യൂ. ഡി. റോഡ് 9-ാം വാർഡിന്റെ അതൃത്തിയിൽ കൂടി ബി. പി. എൽ. കൂട്ടുപാത ജംഗഷ്നിൽ വെച്ച് ദേശീയ പാതയിൽ ചേരുന്നു.

ഇങ്ങനെ കോയമ്പത്തൂരിനെയും പൊള്ളാച്ചിയേയും പാലക്കാടിനേയും തൃശ്ശൂരിനേയും ബന്ധിപ്പിക്കുന്ന ഓരോ റോഡുകളും കൂടിചേരുന്നത് നമ്മുടെ പ്രദേശത്ത്വെച്ചാണ്. ഇവയ്ക്ക് നമ്മുടെ നാടിന്റെ വികസന പ്രക്രിയയിൽ സുപ്രധാനമായ സ്ഥാനമാണുള്ളത്.

നമ്മുടെ പഞ്ചായത്തിനെയും മുൻസിപാലിറ്റിയേയും വേർതിരിച്ചുകൊണ്ട് കൽമണ്ഡപം മുൻസിപ്പൽ കോളനിയിൽ നിന്നും ആരംഭിക്കുന്ന പി. ഡബ്ല്യൂ. ഡി. റോഡ് മാങ്കാവ് മണലി ഭാഗത്തുകൂടി കല്ലേപ്പുള്ളിയിൽ വന്ന് ചേരുന്നു.

പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള കൊട്ടേക്കാട്

ബസ്സ്റ്റോപ്പിൽ നിന്നാരംഭിക്കുന്ന റോഡ് കാളിപ്പാറ വഴി കല്ലേപ്പുള്ളി ജംഗ്ഷനിൽ വെച്ച് പാലക്കാട് റോഡുമായി സന്ധിക്കുന്നു.

കല്ലേപ്പുള്ളിയിൽനിന്നുമാരംഭിക്കുന്ന വേനോലി റോഡ് കുഴിയക്കാട്, മന്ത്രിക്കാട്, തെക്കേങ്കുന്നം, ചെമ്മങ്കാട് വഴി വേനോലിയിലേക്ക് പോകുന്നു.

നാഷണൽ ഹൈവേയും പി. ഡബ്ല്യൂ. ഡി. റോഡുകളും പഞ്ചായത്ത് റോഡുകളും ഉൾപ്പെടെ ഗതാഗതയോഗ്യമായ 82 കി.മി. റോഡ് നിലവിലുണ്ട്.

19. 68 ച.കി.മി. വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു ച.കി.മി. ന് 4.16 കി.മി. റോഡുണ്ട്. ഇത് സംസ്ഥാന ശരാശരിയായ 3.2 കി.മി. ൽ നിന്നും വളരെ ഉയർന്നു നിൽക്കുന്നു. ഇതുകൂടാതെ നിരവധി ഹൈൗസിംഗ് കോളനികൾ പുതുതായിനിലവിൽ വന്ന സ്ഥലങ്ങളിൽ എല്ലാം കൂടി 30 കി.മി ഓളം റോഡ് കോളനിക്കാരുടെ അധീനതയിലുണ്ട്.

വികസനമെന്നാൽ റോഡ് നിർമ്മാണമാണെന്ന് സങ്കൽപ്പത്തിലേക്ക് നാം അറിഞ്ഞോ അറിയതോയോ ചെന്നുപ്പെട്ടിരിക്കുന്നു.,

പഞ്ചായത്തിലാകെ 26.95 കി.മി. ടാർ റോഡുണ്ട്. ഇത് ഒരു ച.കി.മി. ന്ന് 1.37 കി. മീറ്റർ വരും. ഇന്നു നിലവുലുള്ള റോഡിന്റെ 67% ടാർ ചെയ്യേണ്ടതായിട്ടുണ്ട്.

ഏകദേശം 200 ലക്ഷത്തോളം രൂപ നിലവിലുള്ള മെറ്റൽ റോഡ് ടാർ ചെയ്യുവാൻ മാത്രം വേണ്ടിവരും. നമ്മുടെ പഞ്ചായത്തിന്റെ ഒരു വർഷത്തെ മൊത്തം വരുമാനത്തിന്റെ 8 മടങ്ങ് തുക ഈ ആവശ്യത്തിന് വേണ്ടി വരും. നമ്മുടെ പഞ്ചായത്തിലെ റോഡുകൾക്കൊന്നും ഓടകൾ ഇല്ലാത്തതുകൊണ്ട് മഴക്കാലമാകുമ്പോൾ ഉണ്ടാകുന്ന കേടുപാടുകൾ തീർക്കാൻ ഭീമമായ തുക വേറെ കണ്ടെത്തേണ്ടിയിരിക്കുന്നു. സ്വാഭാവിക നീർച്ചാലുകളുടെ നാശം കൃഷിയെ സാരമായി ബാധിക്കുന്നു.

ഈ സാഹ ചര്യങ്ങളൊക്കെ നിലവിലിരിക്കെ എല്ലാ ഗ്രാമസഭകളിൽ നിന്നും പുതിയ റോഡുകളുടെ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. നമ്മുടെ വിഭവശേഷി കൂടി പരിഗണിച്ചുകൊണ്ട് മുൻഗണനാക്രമം നിശ്ചയിച്ച് വിപുലമായ തോതിൽ ജനകീയ പങ്കാളിത്തത്തോടെ വേണം ഇവയുടെ നിർമ്മാണം നിർവ്വഹിക്കുവാൻ.

നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും അവയെ സംരക്ഷിക്കാൻ പരിപാടികൾ പ്രത്യേകം ആവിഷ്ക്കരിക്കുകയും ചെയ്യണം.

## റോഡ് ഗതാഗതം.

വാഹനങ്ങളുടേയും യാത്രക്കാരുടേയും വലിയ തിരക്കനുഭവപ്പെടുന്ന രണ്ട് കേന്ദ്രങ്ങളാണ് ബി. പി. എൽ. ജംഗ്ഷനും ചന്ദ്രനഗറും. കൊടുമ്പു പഞ്ചായത്തിന്റെയും ബി. പി. എൽ. ന്റെയും സഹകരണത്തോടെ ബി.പി.എൽ ജംഗ്ഷനിൽ ഒരു ബസ് വെയിറ്റിംഗ്ഷെഡ് നിർമ്മിക്കുകയും ഗതാഗത കുരുക്ക് ഒഴിവാക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ട്രാഫിക് സംവിധാനം ഏർപ്പെടുത്താൻ ജില്ലാ അധികാരികളിൽ സമ്മർദ്ധം ചെലുത്തണം.

ചെമ്മങ്കാട്, കല്ലേപ്പുള്ളി വഴി, രണ്ട് ബസ്സും പാലക്കാട് കല്ലേപ്പുള്ളിവഴി ഒലവക്കോട്ടേക്ക് 2 ബസ്സുകളും കൊട്ടേക്കാട് കല്ലേപ്പുള്ളി വഴി പാലക്കാട്ടേയ്ക്ക് 6 ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്.

പാലക്കാട് - കല്ലേപ്പുള്ളി - കൊട്ടേക്കാട് റൂട്ടിൽ സർവ്വീസ് നടത്തുന്ന ചില ബസ്സുകൾക്ക് പടലിക്കാട് വരെ റൂട്ട് പെർമിറ്റുണ്ടെങ്കിലും അവർ സർവ്വീസ് നടത്തുന്നില്ല. സംസ്ഥാനത്തെ ആദ്യത്തെ അംബേദ്കർ കോളനി പടലിക്കാട് ഭാഗത്തെ വലിയ ഒരു ജനവിഭാഗത്തിന് യാത്രാ സൗകര്യം ബോധപൂർവ്വം നിഷേധിച്ചതായി ഗ്രാമ സഭകളിൽ ശക്തമായ പരാതി ഉയർന്നു വന്നിട്ടുണ്ട്.

കല്ലേപ്പുള്ളി, ചന്ദ്രനഗർ, പിരിവുശാല, ബി. പി. എൽ. ജംഗ്ഷൻ എന്നിവിടങ്ങളിലായി 100 അധികം ഓട്ടോറിക്ഷകളും 6 ജീപ്പുകളും, 2 കാറുകളും സർവ്വീസ് നടത്തുന്നുണ്ട്.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾക്ക് ഓടകൾ നിർമ്മിച്ച് മഴക്കാലത്ത് റോഡുകൾക്ക് ഉണ്ടാകുന്ന തകർച്ച ഒഴിവാക്കുക.

2. നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിന് ഗ്രാമ സഭകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും അറ്റകുറ്റ പണികൾക്ക് ഇടനിലക്കാരെ ഒഴിവാക്കുകയും ചെയ്യുക.

3. നിലവിലുള്ള മെറ്റൽ റോഡുകൾ മുൻഗണനാ ക്രമത്തിൽ ടാർ ചെയ്യുക.

4. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ തന്നെ കൽവർട്ടുകളും ഓവുചാലുകളും നിർമ്മിച്ച് നീരൊഴുക്കിന് സൗകര്യമുണ്ടാക്കുക.

5. നിലവിലുള്ള ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള വരുമാനം ഇല്ലാത്തതുകൊണ്ട് പുതിയ റോഡുകളുടെ നിർമ്മാണത്തിന് മനുഷ്യദ്ധ്വാനവും സമ്പത്തും സമാഹരിക്കുവാൻ ഗ്രാമസഭകൾ നേതൃത്വം കൊടുക്കുക.

6. പാലക്കാട്, കൊട്ടേക്കാട് ബസ്സ് സർവ്വീസ് പടലിക്കാട്ടിലേക്ക് പുനഃസ്ഥാപിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.

7. കല്ലേപുള്ളിയിലും ബി. പി. എൽ. ജംഗഷനിലും ഓരോ ഓട്ടോ സ്റ്റാൻഡുകൾ നിർമ്മിക്കുക.

8. ബി. പി. എൽ. ജംഗഷനിൽ ബസ് വെയിറ്റിംഗ് ഷെഡും ട്രാഫിക് ക്രമീകരണവും ഉണ്ടാക്കുക.

## പട്ടിക – 1 *ടാർ റോഡുകൾ*

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം കി.മി. | വീതി മീറ്റർ |
|---|---|---|---|---|---|
| 1 | 5, 6, 7 | ദേശീയപാത 47 | ഇന്ത്യാ ഗവർമെണ്ട്. | 4 | 12 |
| 2 | 6, 9 | പൊള്ളാച്ചി റോഡ് | പി. ഡബ്ല്യൂ, ഡി. | 21/2 | 8 |
| 3 | 7, 8 | ചന്ദ്രനഗർ – പാലക്കാട് | പി. ഡബ്ല്യൂ, ഡി. | 1 | 8 |
| 4 | 4, 8 | കല്ലേപ്പുള്ളി – മണലി | പി. ഡബ്ല്യൂ, ഡി. | 2 | 8 |
| 5 | 4, 3 | കല്ലേപ്പുള്ളി – കിഴക്കേത്തറ | പി. ഡബ്ല്യൂ, ഡി. | 2.91 | 4 |
| 6 | 1, 4 | കല്ലേപ്പുള്ളി – കൊട്ടേക്കാട് | പി. ഡബ്ല്യൂ, ഡി. | 3 | 4 |
| 7 | 1 | കാളിപ്പാറ – കൊട്ടപ്പള്ളം | പഞ്ചായത്ത് | 1.30 | 3.6 |
| 8 | 2 | പടലിക്കാട് ബസ്സ്റ്റോപ്പ് | പഞ്ചായത്ത് | 2 | 3.6 |
| 9 | 2 | പടലിക്കാട് – ചിനിക്കാട് | പഞ്ചായത്ത് | .5 | 3.6 |
| 10 | 2, 3 | എണ്ണപ്പാടം – ചെമ്മൻകാട് | പഞ്ചായത്ത് | 1.25 | 3.6 |
| 11 | 3, 5 | ചെമ്മങ്കാട് – ഇരുപ്പക്കാട് | പഞ്ചായത്ത് | 1 | 3.6 |
| 12 | 4,5,7,8,11 | കല്ലേപ്പുള്ളി – പിരിവുശാല | പഞ്ചായത്ത് | 3.44 | 3.6 |
| 13 | 5 | കൂട്ടുപാത – കുപ്പിയോട് | പഞ്ചായത്ത് | 1 | 3.6 |
| 14 | 6 | എ.കെ.ജി. നഗർ റോഡ് | പഞ്ചായത്ത് | 1.5 | 3.6 |
| 15 | 6 | കാഞ്ഞിക്കുളം | പഞ്ചായത്ത് | .3 | 3.6 |
| 16 | 7 | ജയാനഗർ റോഡ് | പഞ്ചായത്ത് | 1.25 | 3.6 |
| 17 | 7, 8 | ചന്ദ്രനഗർ – തെക്കുമുറി | പഞ്ചായത്ത് | 1.25 | 3.6 |
| 18 | 7, 8, 11 | ചന്ദ്രനഗർ കോളനി റോഡ് | പഞ്ചായത്ത് | 3 | 3.6 |
| 19 | 2 | എണ്ണപ്പാടം – കിഴക്കേ ആനപ്പാറ | പഞ്ചായത്ത് | 1 | 3.6 |

## പട്ടിക – 2 കോൺക്രീറ്റ് റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | നീളം മീറ്റർ. | വീതി മീറ്റർ |
|---|---|---|---|---|---|
| 1 | 1 | അരിമ്പ്രതൊടി | പഞ്ചായത്ത് | 200 | 3.6 |
| 2 | 4 | കുഴിയക്കാട് | പഞ്ചായത്ത് | 500 | 3.6 |
| 3 | 4 | മന്ത്രിക്കാട് | പഞ്ചായത്ത് | 250 | 3.6 |
| 4 | 5 | ആലമ്പള്ളം – I.H.D.P. കോളനി | പഞ്ചായത്ത് | 450 | 3.6 |
| 5 | 6 | പുതുക്കുളങ്കര റോഡ് | പഞ്ചായത്ത് | 400 | 3.6 |
| 6 | 6 | പുത്തൻപുര | പഞ്ചായത്ത് | 300 | 3.6 |
| 7 | 6 | കാഞ്ഞിക്കുളം | പഞ്ചായത്ത് | 100 | 3 |
| 8 | 9 | ശങ്കരത്ത് കാട് | പഞ്ചായത്ത് | 250 | 3.6 |

## പട്ടിക – 3 മെറ്റൽ റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | നീളം കി. മി.. | വീതി മീറ്റർ |
|---|---|---|---|---|---|
| 1 | 1 | കരുമൻകാട് പുഴ | പഞ്ചായത്ത് | 1 | 3.6 |
| 2 | 1 | അരിമ്പ്രതൊടി – കുന്നങ്കാട് | പഞ്ചായത്ത് | .8 | 3.6 |
| 3 | 1 | മുക്രങ്കാട് പുഴ | പഞ്ചായത്ത് | .5 | 3.6 |
| 4 | 3 | കിഴക്കേത്തറ – അരുകുടി | പഞ്ചായത്ത് | 1.25 | 3.6 |
| 5 | 4 | ആശാരിത്തറ | പഞ്ചായത്ത് | 1.25 | 3 |
| 6 | 5 | പിരിവുശാലാ – ആലമ്പള്ളം | പഞ്ചായത്ത് | 1.5 | 3.6 |
| 7 | 5 | ന്യൂ കോളനി | പഞ്ചായത്ത് | .5 | 3.6 |
| 8 | 5 | ചാരക്കുടി റോഡ് | പഞ്ചായത്ത് | .45 | 3.6 |
| 9 | 5 | നരിക്കോട് | പഞ്ചായത്ത് | .7 | 3.6 |
| 10 | 5 | എക്സ്റ്റൻഷൻ റോഡ് | പഞ്ചായത്ത് | 2.5 | 3.6 |
| 11 | 5 | കുപ്പിയോട് – പാഞ്ചീരിക്കാട് | പഞ്ചായത്ത് | 1 | 3.6 |
| 12 | 6 | പുതുകുളങ്കരക്കാവ് റോഡ് | പഞ്ചായത്ത് | .9 | 3.6 |
| 13 | 6 | കണ്ടാത്തുപാറ റോഡ് | പഞ്ചായത്ത് | .5 | 3.6 |

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | നീളം കി. മി.. | വീതി മീറ്റർ |
|---|---|---|---|---|---|
| 14 | 6 | ടെമ്പിൾ റോഡ് (എ.കെ.ജി. നഗർ) | പഞ്ചായത്ത് | .4 | 4 |
| 15 | 7 | പിരിവുശാല - ചെമ്പലോട് | പഞ്ചായത്ത് | 1 | 3.6 |
| 16 | 7 | ചെമ്പലോട് - പനങ്കളം | പഞ്ചായത്ത് | .5 | 3.6 |
| 17 | 7 | ചന്ദ്രനഗർ കോളനി | പഞ്ചായത്ത് | 4 | 8 |
| 18 | 7 | ശാന്തികോളനി റോഡ് | പഞ്ചായത്ത് | 1 | 3.6 |
| 19 | 7 | ആറുമുഖൻ ഗാർഡൻസ് | പഞ്ചായത്ത് | .8 | 3.6 |
| 20 | 8 | തെക്കുമുറി - മണലി | പഞ്ചായത്ത് | 1.25 | 3.6 |
| 21 | 8 | കനാൽ ബണ്ട് റോഡ് | പഞ്ചായത്ത് | 1.20 | 8 |
| 22 | 8 | ടി. കെ. വി. നഗർ റോഡ് | പഞ്ചായത്ത് | .75 | 3.6 |
| 23 | 8 | ശ്മശാനം റോഡ് | പഞ്ചായത്ത് | .5 | 3.6 |
| 24 | 9 | പ്ലാങ്കാട് റോഡ് | പഞ്ചായത്ത് | 1.5 | 3.6 |
| 25 | 9 | പൂളക്കാട് റോഡ് | പഞ്ചായത്ത് | 1 | 3.6 |
| 26 | 9 | ശങ്കരത്ത് കാട് | പഞ്ചായത്ത് | .3 | 3.6 |
| 27 | 10 | തേക്കോണി - ആനപ്പാറ | പഞ്ചായത്ത് | 1 | 5 |
| 28 | 10 | ബസസ്റ്റോപ്പ് പടിഞ്ഞാരെ ആനപ്പാറ | പഞ്ചായത്ത് | 1 | 8 |
| 29 | 10 | തെക്കേക്കുന്നം കിഴക്കേ ആനപ്പാറ | പഞ്ചായത്ത് | .8 | 3.6 |
| 30 | 11 | ആലമ്പള്ളം കല്ലേപ്പുള്ളി കനാൽബണ്ട് റോഡ് | പഞ്ചായത്ത് | 1 | 8 |
| 31 | 11 | വരാഡ് - ആലമ്പള്ളം | പഞ്ചായത്ത് | .5 | 3.6 |
| 32 | 11 | തെക്കുമുറി സ്ക്കൂൾ റോഡ് | പഞ്ചായത്ത് | .5 | 3.6 |
| 33 | 11 | കല്ലേപ്പുള്ളി പി.എ.എം.എം. യൂ.പ. സ്ക്കൂൾ | പഞ്ചായത്ത് | .3 | 3.6 |

## പട്ടിക - 4 പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് | നമ്പർ | റോഡിന്റെ പേര് | മതിപ്പുചിലവ് | ഏകദേശം ദൂരം കി. മി.. | വീതി മീറ്റർ |
|---|---|---|---|---|---|
| I | 1 | കുന്നങ്കാട് - മുക്രങ്കാട് | | | |
| | 2 | കാളിപ്പാറ - കളപ്പറമ്പ് | | | |
| | 3 | കോരയാർപുഴക്ക് കുറുകെ പാലവുംറോഡും | | | |
| II | 4 | അയക്കെക്കാട് സ്ഥലത്തേക്ക് | | | |
| | 5 | മഠത്തിൽ പറമ്പ് - കിഴക്കേ ആനപ്പാറ | | | |
| | 6 | മുക്രങ്കാട്പറമ്പ് വായനശാല - എണ്ണപ്പാടം | | | |
| | 7 | അയക്കേക്കാട് - അരിമ്പ്രതൊടി | | | |
| III | 8 | കിഴക്കെതറ - നാമ്പള്ളം | | | |
| | 9 | നാമ്പള്ളം ആൽതറ മുതൽ കൊട്ടേക്കാട് കനാൽ വരെ | | | |
| | 10 | ചെമ്മങ്കാട് - കൂട്ടുപാത | | | |
| | 11 | കിഴക്കേത്തറ - നാമ്പള്ളം പുഴയിൽ പാലം നിർമ്മിക്കുക | | | |
| IV | 12 | കല്ലേപ്പുള്ളി - ആശാരിത്തറ റോഡ് | | | |
| | 13 | കുഴിയക്കാട് - മിൽമ ജംഗ്ഷൻ | | | |
| | 14 | പുളിക്കൽ വീട് - പറക്കുളം റോട്ട് | | | |
| | 15 | മന്ത്രിക്കാട് ഹരിജൻകോളനി റോഡ് | | | |
| V | 15 | കുപ്പിയോട് ഭാഗത്ത് പുതിയ റോഡ് | | | |
| | 16 | കുപ്പിയോട് _ കല്ലേപ്പുള്ളി സ്ക്കൂൾ | | | |
| | 17 | കുപ്പിയോട് - പാഞ്ചിരിക്കാട് -ആലമ്പള്ളം | | | |
| | 18 | കണിയക്കാട്ട് പറമ്പ് - കുപ്പിയോട് | | | |
| | 19 | സൂര്യനഗർ കോളനി റോഡ് | | | |
| VI | 20 | പുതുക്കുളം ആർ - വടക്കേത്തറ | | | |
| | 21 | ഏ.കെ.ജി. നഗർ - മേട്ടിൽപുര റോഡ് | | | |
| | 22 | കാണിക്കുളത്ത് നിന്ന് പടിഞ്ഞാറ് ഭാഗത്ത് | | | |

| വാർഡ് | നമ്പർ | റോഡിന്റെ പേര് | മതിപ്പുചിലവ് | ഏകദേശം ദൂരം കി. മി.. | വീതി മീറ്റർ |
|---|---|---|---|---|---|
| VII | 23 | പിരിവുശാല – ശാന്തികോളനി – കൊടുമ്പ്പഞ്ചായത്തതിർത്തിവരെ | | | |
| VIII | 24 | മണലി റൗണ്ട് റോഡ് | | | |
| | | കനാൽ വരമ്പ് – പഴൂർ പറമ്പ് റോഡ് | | | |
| IX | 25 | എരട്ടയാൽ പള്ളി മേട് – വടക്കോട്ട് റോഡ് നിർമ്മാണം | | | |
| | 26 | പൂളക്കാട് – പുതുശ്ശേരി റോഡ് | | | |
| | 27 | മന്ദമ്പള്ളം അമ്പലത്തിലേക്കുള്ള റോഡ് | | | |
| X | 28 | മങ്കരപുര – തേക്കോണി റോഡ് | | | |
| | 29 | തേക്കോണി – പടിഞ്ഞാറ് മുറി റോഡ് | | | |
| | 30 | തോക്കോണി – ആനപ്പാറ റോഡ് | | | |
| | 31 | തേക്കോണി – കിഴക്കെ ആനപ്പാറ റോഡ് | | | |
| | 32 | ബസ്സ്റ്റോപ്പ് – ആനപ്പാറ റോഡ് | | | |
| XI | 33 | വടക്കേ ആലമ്പള്ളം റോഡ് | | | |
| | 34 | കല്ലേപ്പുള്ളി സ്കൂൾ റോഡ് | | | |

## ഊർജ്ജം

മരുതറോഡ് പഞ്ചായത്തിൽ വളരെ വിപുലമായ ഒരു വിദ്യുഛക്തി വിതരണ ശൃംഘലയുണ്ട്. കഞ്ചിക്കോട് 66 കെ.വി., പാലക്കാട് 110 കെ.വി., മലമ്പുഴ 110 കെ.വി. സബ് സ്റ്റേഷനുകളിൽ നിന്നാണ് പഞ്ചായത്തിനാവശ്യമായ വൈദ്യുതി ലഭിക്കുന്നത്. നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾ ദിനം പ്രതി ആരംഭിക്കുന്ന നമ്മുടെ പ്രദേശത്ത് വ്യവസായ രംഗവുമായി ബന്ധപ്പെട്ട് വൈദ്യുതി ഉപഭോഗം വളരെ കൂടുതലാണ്.

ഉപഭോക്താക്കളുടെ എണ്ണത്തിലും വൈദ്യുതി ലോഡിലും അതി ശീഘ്രം വന്നുകൊണ്ടിരിക്കുന്ന വർദ്ധനവ് പരിഹരിക്കാൻ 37 ട്രാൻസ്ഫോർമറുകൾ നമ്മുടെ പഞ്ചായത്തിലെ 11 വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ട്. എന്നിട്ടും ആലമ്പള്ളം പോലുള്ള പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ 73% വീടുകൾക്കും വൈദ്യുതി കണക്ഷനുണ്ട്. ആകെ വൈദ്യുതി ഉപഭോക്താക്കളിൽ 4% കാർഷിക ഉപഭോക്താക്കളും 3% വ്യവസായ ഉപഭോക്താക്കളും 5% വ്യാപാര ഉപഭോക്താക്കളുമാണ്.

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ആകെ 12.45 കി.മീ. 11 കെ.വി. ലൈനുകളും 52.1/2 കി.മി. ത്രീ ഫൈയ്സ് ലൈനുകളും 3 കി.മീ. സിംഗിൾ ഫൈയ്സ് ലൈനുകളും ഉണ്ട്.

പഞ്ചായത്തിൽ ആകെ 23 സോഡിയം വേപർ ലൈനുകളും 400 തെരുവ് വിളക്കുകളുമാണ് നിലവിലുള്ളത്.

വ്യാവസായികാവശ്യത്തിനു വേണ്ടി BPL -

| നമ്പർ | കപ്പാസിറ്റി | പേര് | നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|---|---|---|
| 1 | 100 KVA | കാളിപ്പാറ | 2 | 100 KVA | പടലിക്കാട് |
| 3 | 160 KVA | മിൽമ II | 4 | 250 KVA | മിൽമ I |
| 5 | 100 KVA | കല്ലേപ്പുള്ളി ചുങ്കം | 6 | 100 KVA | കല്ലേപ്പുള്ളി I |
| 7 | 100 KVA | കല്ലേപ്പുള്ളി II | 8 | 100 KVA | തെക്കേമുറി |
| 9 | 100 KVA | കൊട്ടേക്കാട് III | 10 | 100 KVA | കൊട്ടേക്കാട് II |
| 11 | 100 KVA | കൊട്ടേക്കാട് I | 12 | 100 KVA | അരുകുടി |
| 13 | 100 KVA | ആലമ്പള്ളം | 14 | 250 KVA | പിരിവുശാല |
| 15 | 160 KVA | കൂട്ടുപാത | 16 | 100 KVA | AKG നഗർ |
| 17 | 160 KVA | നരിക്കോട് I | 18 | 100 KVA | നരിക്കോട് II |
| 19 | 100 KVA | ടയർ കമ്പനി | 20 | 100 KVA | കുപ്പിയോട് I |
| 21 | 100 KVA | കുപ്പിയോട് II | 22 | 100 KVA | മരുതറോഡ് |
| 23 | 100 KVA | ചന്ദ്രനഗർ | 24 | 250 KVA | ചന്ദ്രനഗർ പമ്പ്ഹൗസ് |
| 25 | 250 KVA | മൂകാംബിക സ്ക്കൂൾ | 26 | 250 KVA | പമ്പ്ഹൗസ് |
| 27 | 160 KVA | ചന്ദ്രനഗർ | 28 | 160 KVA | നെറുകക്കാട് |
| 29 | 250 KVA | ഫാബ്ടെക് | 30 | 100 KVA | ജയനഗർ |
| 31 | 63 KVA | സുജയറബ്ബർ വർക്ക്സ് | 32 | 160 KVA | മുണ്ടക്കോട് |
| 33 | 160 KVA | മുണ്ടക്കോട് പമ്പ്ഹൗസ് | 34 | 100 KVA | സാനിയോവിന്റെ സമീപം |
| 35 | 160 KVA | ശാന്തികോളനി | 36 | 250 KVA | BPL SANYO |
| 37 | 250 KVA | BPLഇലക്ട്രോണിക്സ് | | | |

SANYO, BPL ഇലക്ട്രോണിക്സ് യൂണിറ്റുകളായി രണ്ട് പ്രൈവറ്റ് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

അയ്യായിരത്തോളം ഉപഭോക്തക്കളുള്ള നമ്മുടെ പഞ്ചായത്തിൽ 12 കി.മീറ്റർ വരെ അകലെയുള്ള ഓഫീസുകളിൽ പോയാണ് കറന്റ് ചാർജ് അടയ്ക്കുന്നത്.

വ്യവസായ വ്യാപാര സ്ഥാപനങ്ങളും ഹൌസിംഗ് കോളനികളും അനുദിനം പെരുകി വരുന്ന സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ ഇലക്ട്രിസിറ്റി ഓഫീസിന്റെ ആവശ്യ കതയുണ്ട്.

## പ്രശ്നങ്ങൾ

1. 27 % വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.
2. ആലമ്പള്ളം IHDP കോളനിയിൽ വോൾട്ടേജ് ക്ഷാമമുണ്ട്.
3. കറന്റ് ചാർജ് അടയ്ക്കാൻ പാലക്കാട്ടേയ്ക്കും

കഞ്ചിക്കോട്ടേയ്ക്കും പോകേണ്ട സ്ഥിതിയുണ്ട്.

4. നാലമ്പള്ളത്ത് വൈദ്യുതീകരണം നിർത്തിവെച്ചിരിക്കുന്നു.

5. സ്റ്റെപ്പ് അപ് ഉപയോഗിച്ച് വൈദ്യുതി വലിചെടുക്കുന്ന പ്രവണതയുണ്ട്.

## സാദ്ധ്യത

1. കിഴക്കേത്തറ മുതൽ കല്ലമ്പറമ്പ്വരെ വൈദ്യുതി എത്തിക്കുക.
2. നാമ്പള്ളത്ത് നിർത്തിവെച്ചിട്ടുള്ള വൈദ്യുതീകരണം പുനരാരംഭിക്കുക.
3. കേടായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുക.
4. വൈദ്യുതി ലൈനുകൾക്ക് തടസ്സമുണ്ടാക്കുന്ന വൃക്ഷ ശിഖരങ്ങൾ യഥാസമയം മുറിച്ചു മാറ്റുക.
5. മീറ്റർ റീഡിംഗ് സ്പോട് ബില്ലിംഗും കാര്യക്ഷമമാക്കുക.
6. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

7) കത്താത്ത തെരുവു വിളക്കുകൾ മാറ്റുക. തെരുവ് വിളക്കില്ലാത്തിടത്ത് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

8) സാധാരണ ട്യൂബിനേക്കാൾ നാലിരട്ടി വെളിച്ചവും പതിന്മടങ്ങ് ആയുസ്സും ഉള്ള കോമ്പാക്ട് ഫ്ലൂറസന്റ് ലാംബ് സബ്സിഡി അടിസ്ഥാനത്തിൽ വിതരണം നടത്തുക. ഇതിന് അനർട്, എനർജി മാനേജ്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് പദ്ധതികൾക്ക് രൂപം നൽകുക.

9 ഗ്രാമ പഞ്ചായത്തിനകത്തെ ഊർജ്ജ വിതരണത്തിന്റേയും അറ്റകുറ്റപണികളുടെയും മേൽനോട്ടം പഞ്ചായത്തുകളെ ഏല്പിക്കുക.

10 പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു സബ് എൻജിനീയർ ഓഫീസ് സ്ഥാപിച്ചുകൊണ്ട് അയ്യായിരത്തോളംവരുന്ന ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുക.

11 അനർട്ടിന്റെ സഹായത്തോടുകൂടി കോളനികളിൽ സൂര്യവിളക്ക് സ്ഥാപിക്കുക.

12 പഞ്ചായത്തിലെ മുപ്പതോളം ഹൗസിംഗ് കോളനികളിൽ പാചകത്തിന് മുഖ്യമായി ഉപയോഗിക്കുന്നത് ഗ്യാസാണ്. പാചകത്തിന് വൈദ്യുതിയും മണ്ണെണ്ണയും ഉപയോഗിക്കുന്നവരുമുണ്ട്. ആകെ വീടുകളിൽ 70% വും വിറകാണ് ഉപയോഗിക്കുന്നത്. എന്നാൽ ദക്ഷത കൂടിയ അടുപ്പുകൾ നമ്മുടെ പഞ്ചായത്തിലെ വീടുകളിൽ പൊതുവെ ഇല്ല. വിറകിന് ക്ഷാമവും വിലകൂടുതലും അനുഭവപ്പെടുന്ന സാഹചര്യത്തിൽ ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കാൻ അനേർട്ട് സഹായത്തോടെ പദ്ധതിയാവിഷ്ക്കരിക്കുക.

13 പമ്പു സെറ്റുകളിൽ പിടിപ്പിക്കുന്ന ഭാരവും ഘർഷണവും കുറഞ്ഞ ഫ്രിക്ഷൻ ലെസ്സ് ഫുട്ട് വാൾവുകൾ ഉപയോഗിച്ചാൽ പമ്പിങ്ങിനു വേണ്ട ഊർജ്ജം ലഭിക്കാം. അനർട്ടിന്റെ സഹായത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കുക.

14 പഞ്ചായത്തിൽ അടിയന്തിരമായി ഊർജ്ജ സർവെ നടത്താൻ സമയ ബന്ധിതമായ പരിപാടികൾ ആവിഷ്ക്കരിക്കുക.

# 5.7

# പാർപ്പിടവും സാമൂഹ്യക്ഷേമവും



## പാർപ്പിടം

1970 കൾ വരെ കൃഷിയെ മുഖ്യ വരുമാന മാർഗ്ഗമായി ആശ്രയിച്ച് ജീവിച്ചിരുന്നവരായിരുന്ന നമ്മുടെ ഗ്രാമവാസികൾ കഞ്ചിക്കോട് വ്യവസായ മേഖലയുടെ വളർച്ചയും, പാലക്കാട് നഗരത്തിന്റെ സാമീപ്യവും ഗ്രാമ ജീവിതത്തിൽ വരുത്തിയ മാറ്റം പർപ്പിട മേഖലയിലും പ്രതിഫലിക്കപ്പെട്ടു.

ദരിദ്രരും, സാധാരണക്കാരും, ഇടത്തരക്കാരും തിങ്ങി പ്പാർക്കുന്ന പ്രദേശമാണ് മരുതറോഡ്, മലമ്പുഴII, വില്ലേ ജുകൾ ഉൾപ്പെടുന്ന നമ്മുടെ പഞ്ചായത്ത്. ഒരു ചതുരശ്ര കിലോമീറ്ററിൽ 1394 ആണ് നമ്മുടെ ജനസാന്ദ്രത. സംസ്ഥാന ജനസാന്ദ്രത 749 ആണെന്നിരിക്കെ അതിന്റെ ഇരട്ടിയോളമുള്ള ഈ വർദ്ധനവ് നമ്മുടെ ഗ്രാമത്തിന്റെ പാർപ്പിട രംഗം ഉൾപ്പെടെയുള്ള സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലയിലും പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

വ്യവസായ മേഖലയിലെ ജീവനക്കാരിൽ വലിയൊരു വിഭാഗവും, വ്യാപാരികളും വ്യവസായികളും, ജില്ലാ ആസ്ഥാനത്തിലുള്ള ഉദ്യോഗസ്ഥ വൃന്ദത്തിൽ ഒരു വിഭാ ഗവും കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സ്ഥിര വാസ ത്തിന് വന്നുകൊണ്ടിരിക്കുന്നത് നമ്മുടെ പഞ്ചായത്തിലാണ്.

ഇതിന്റെ ആക്കം വർദ്ധിക്കുന്നതിനനുസരിച്ച് പാട ശേഖരങ്ങൾ നികത്തപ്പെടുകയും പുതിയ ഹൗസിങ്ങ് കോളനികൾ രൂപം കൊള്ളുകയും ചെയ്യുന്നു. 5, 7, 8 വാർഡുകളിലാണ് ഇത് കൂടുതൽ പ്രകടമായത്. ഭൂമി യുടെ വില അതി ശീഘ്രം കുതിച്ചുയരുകയാണ്.

## കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ രൂപം കൊണ്ട ഹൗസിംഗ് കോളനികൾ

| | | | |
|---|---|---|---|
| 1. | ഘക്കഘ ഹൗസിങ്ങ് കോളനി | 8 | സഹ്യാദ്രി കോളനി |
| 2. | ശാന്തി കോളനി | 9 | മൈത്രി നഗർ |
| 3. | കനറാ ബാങ്ക് കോളനി | 10 | സൂര്യ നഗർ |
| 4 | അയോദ്ധ്യാ നഗർ | 11 | ശ്രീനഗർ |
| 5. | മണലി ബാങ്ക് കോളനി | 12 | സരയൂ നഗർ |
| 6 | T.K.V. നഗർ | 13 | ജ്യോതി നഗർ |
| 7 | ജയനഗർ | 14 | ആറുമുഖൻ ഗാർഡൻ |
| | | 15 | ചന്ദ്രനഗർ കോളനി എക്സ്റ്റെൻഷൻ |

നമ്മുടെ പഞ്ചായത്തിലെ പാർപ്പിട മേഖലയെ മുഖ്യമായി അഞ്ചായി തിരിക്കാം.

### (1) കുടിലുകൾ

പഞ്ചായത്തിൽ ആകെ 105 കുടിലുകളാണ് ആകെയുള്ളത്. ഇതിൽ താമസിക്കുന്നവരിൽ അധികവും കൂലി വേലചെയ്യാൻ തമിഴ്നാട്ടിൽ നിന്നും മറ്റും നമ്മുടെ സമീപത്തുള്ള വ്യവസായ മേഖലയിലും, നഗരത്തിലും എത്തിച്ചേർന്നവരാണ്. കെട്ടിട നിർമ്മാണ രംഗത്താണ് ഇവർ കേന്ദ്രീകരിച്ചിരിക്കുന്നത്. മണലി, കല്ലേപ്പുള്ളി, കൽമണ്ഡപം, ബി. പി. എൽ. ജംഗഷൻ തുടങ്ങിയ സ്ഥലങ്ങളിലുള്ള പുറമ്പോക്കുകളിൽ ഇവരുടെ വരവ് മൂലം പുതിയ ചേരി രൂപം കൊള്ളുകയാണ്. ഇത് ഉയർത്തുന്ന സാമൂഹ്യ പ്രശ്നം ഗൗരവപൂർവ്വം കാണുകയും ഇവരുടെ പുനരധിവാസത്തിന് മുന്തിയ പരിഗണനകൊടുക്കുകയുംവേണം.

### (2) ഓലപ്പുര

706 ഓലപ്പുരകളാണ് പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളത്. ഇവരിൽ കുറേപ്പേർക്ക് കൈവശ ഭൂമിക്ക് രേഖകൾ ഇല്ലാത്തവരാണ്. 200 ചതുരശ്ര അടിയിൽ കുറവാണ് ഇവയുടെ വിസ്തീർണ്ണം. 1995 വരെ കൈവശ ഭൂമിയിൽ രേഖയുള്ള മുഴുവൻ പട്ടികജാതിക്കാർക്കും വിവിധ ഭവന നിർമ്മണ പദ്ധതികളിൽകൂടി വീട് കെട്ടുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. അത്യാവശ്യ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത അവശേഷിക്കുന്നവർക്ക് ഓലപ്പുര നിവാസികൾക്ക് വീട് നിർമ്മിച്ച് നൽകാനും, പട്ടയം നൽകാനും സമയ ബന്ധിതമായ പരിപാടി ആവിഷ്ക്കരിക്കണം. അത്യാവശ്യ പ്രാഥമിക സൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമ്മിക്കാൻ ഏകദേശം 7 കോടി രൂപയെങ്കിലും മതിപ്പു ചിലവ് കണക്കാക്കാം.

### പാർപ്പിട പ്രശ്നവുമായി ബന്ധപ്പെട്ട വിവരം

| | |
|---|---|
| വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (പഞ്ചായത്ത് രജിസ്ട്രർ/ഗ്രാമസഭ റിപ്പോർട്ട് | 806 |
| IAY / JRY / MWH പദ്ധതികളിൽ വീട് കെട്ടുന്നതിന് ധനസഹായം ലഭിചവരുടെ എണ്ണം | 141 |
| പൂർത്തീകരിച്ചവർ | 84 |

| | |
|---|---|
| കുടിലുകൾ | 105 |
| ഓലപ്പുരകൾ | 706 |
| ഓടിട്ട പുരകൾ | 2338 |
| കോൺക്രീറ്റ് വീടുകൾ | 2404 |
| ഒന്നിൽ കൂടുതൽ നിലയുള്ള വീടുകൾ | 581 |
| ആകെ | 6134 |

### (3) ഓടിട്ട വീടുകൾ

ആകെ വീടുകളിൽ 34% ഓട്ടുപുരകളാണ്. ഇവയിൽ 20 വർഷത്തിന് മുമ്പ് നിർമ്മിച്ചവയെല്ലാം മണ്ണുകൊണ്ടാണ് ചുമര് കെട്ടിയിട്ടുള്ളത്. പിന്നീടാണ് പച്ചക്കല്ലും ചുട്ട ഇഷ്ടികയും ഉപയോഗിക്കാൻ തുടങ്ങിയത്. ഭൂരിഭാഗം വീടുകളിലെയും തറ മണ്ണുകൊണ്ട് തീർത്തവയാണ്. ഇതിൽ 60% വും 200 മുതൽ 500 വരെ ചതുരശ്ര അടി വിസ്തീർണ്ണ മുള്ളവയാണ്. 15% ഓട്ടുപുരകളും ഉടനടി അറ്റകുറ്റപ്പണികൾ നടത്തേണ്ട സ്ഥിതിയിലുള്ളവയാണ്. ഈ വീടുകളിലും പൊതുവെ കക്കൂസുകൾ ഇല്ല.

### (4) കോൺക്രീറ്റ് വീടുകൾ.

48% വീടുകളിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ കോൺക്രീറ്റ് വീടുകളാണ്. ഇവയിൽ അധികവും 4,5,6,7,8,11 വാർഡുകളിലാണ് നിർമ്മിച്ചിട്ടുള്ളത്. വ്യവസായികളും വിദഗ്ദ തൊഴിലാളികളും, വ്യാപാരികളും, ഉദ്യോഗസ്ഥന്മാരും ഉയർന്ന ജീവിത നിലവാരമുള്ള കൃഷിക്കാരുമാണ് ഇതിന്റെ ഉടമസ്ഥരിൽ 90% ഉം, ഇതിൽ 24% വീടുകളും ആഡംബര വസ്തുക്കൾകൊണ്ട് അലങ്കരിക്കപ്പെട്ടവയാണ്. 3000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള ധാരാളം വീടുകളുണ്ട്. ഒരു കുടുംബത്തിനാവശ്യമുള്ളതിലധികം സൗകര്യങ്ങളോടുകൂടിയ ഇത്തര് വീടുകളുടെ നിർമ്മാണം സ്റ്റാറ്റസ് സിംമ്പൽ ആയി പടർന്നു പിടിക്കുന്നു.

1956ൽ നിലവിൽ വന്ന ചന്ദ്രനഗർ ഹൗസിംഗ് സൊസൈറ്റി ഇതുവരെ 417 വീടുകൾക്ക് അനുമതി നൽകി യിട്ടുണ്ട്. സിവിൽ സർവ്വീസിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥ ന്മാരിൽ ഗണ്യമായൊരു വിഭാഗം ഇവിടെയാണ് സ്ഥിര വാസം ഉറപ്പിച്ചിട്ടുള്ളത്.

(5) പട്ടികജാതി കോളനികൾ :-

കേരളത്തിൽ ആദ്യത്തെ അംബേദ്കർ ഗ്രാമം ഉൾക്കൊ ള്ളുന്ന 2. I.H.D.P. കോളനികൾ ഉൾപ്പെടെ 22 പട്ടിക ജാതി കോളനികളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. പട്ടിക ജാതി - പട്ടിക വർഗ്ഗക്ഷേമ വികസന രേഖയുടെ ഭാഗത്ത് ഇതിന്റെ വിശദവിവരം ഉൾപ്പെടുത്തിയിട്ട്.

## വായ്പാ രംഗത്തെ പ്രശ്നങ്ങൾ

സാധാരണക്കാർക്ക് വീടവെയ്ക്കാൻ ആവശ്യത്തിന് വായ്പാ സംവിധാനം പഞ്ചായത്തിൽ കിട്ടുന്നില്ല. അറ്റകുറ്റ പ്പണികൾക്കുപോലും വായ്പാ സൗകര്യങ്ങൾ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ഗ്രാമസഭകളിൽ ഉയർന്നുവന്നു. നിലവിലുള്ള ഭവന വായ്പകളുടെ ഉയർന്ന പലിശനിരക്കും, സാധാരണ ക്കാർക്ക് നൽകാൻ കഴിയാത്ത ജ്യാമ്യോപാധികളും ഗുരു തര പ്രശ്നമായി തുടരുന്നു.

## കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റുപ്രശ്നങ്ങൾ

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റ്, കല്ല്, കമ്പി, വൈദ്യതോപകരണങ്ങൾ തുടങ്ങിയവയുടെ രൂക്ഷമായ വിലവർദ്ധനവ് നിർമ്മാണ ചിലവ് കൂടുന്നതിന് ഒരു കാരണമാണ്. നിർമ്മാണ സാമഗ്രികൾ 90% പഞ്ചായ ത്തിന് പുറത്ത് നിന്ന് കൊണ്ടു വരുന്നവയാണ്. നമുക്ക് അനുയോജ്യമായ ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഇല്ല.

## സാദ്ധ്യതകൾ

### (1) ഭവന നിർമ്മാണ സഹകരണ സംഘം

പഞ്ചായത്ത്തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക. ഭവന നിർമ്മാണത്തിനുള്ള വിവിധ സർക്കാർ പദ്ധതികളുടെ ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

### (2) നിർമ്മാണ സാമഗ്രികളുടെ ഏജൻസി :-

കെട്ടിട നിർമ്മാണ സാമഗ്രികൾ സപ്ലൈ ചെയ്യുന്ന ഒരു സിവിൽ സപ്ലൈസ് ഏജൻസി ബ്ലോക്ക് തലത്തിൽ ആരംഭിക്കുക.

### (3) സർക്കാർ ഭവന സഹായം

I.A.Y., M.W.S., J.R.Y., R.L.E.G.P എന്നിവ പ്രകാരം നൽകുന്ന സഹായം 40000 രൂപയായി ഉയർത്തുക. സർക്കാർ വായ്പക്കുള്ള അപേക്ഷകൾ പഞ്ചാ യത്തു വഴി വിതരണം ചെയ്യുക.

### (4) ബാങ്ക് വായ്പകൾ

സ്ഥിര വരുമാനമില്ലാത്തവർക്ക് ഉൾപ്പെടെ ഭവന

നിർമ്മാണ വായ്പ ലഭ്യമാകത്തക്കവിധം ജ്യാമ്യ വ്യവസ്ഥയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക. അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ വായ്പനൽകാനുള്ള സംവിധാനം കൂടി ഏർപ്പെടുത്തണം.

### (5) ചിലവ് കൂടിയ വീടുകൾ

2 1/2 ലക്ഷം രൂപക്കുമേൽ ചിലവ് ചെയ്ത് വീടു നിർമ്മിക്കുന്നവരിൽ നിന്നും ഒരു വിഹിതം ദുർബ്ബല വിഭാഗങ്ങൾക്ക് വീട് വെക്കാൻ നൽകുന്ന നിയമം കൊണ്ടുവരുക. ലക്ഷങ്ങൾ ധൂർത്തടിച്ചുള്ള ഭവന നിർമ്മാണം നിരുത്സാഹപ്പെടുത്തുക.

### (6) ചിലവുകുറഞ്ഞ വീടുകൾ

ചിലവു കുറഞ്ഞ വീടുകളെക്കുറിച്ചുള്ള പ്രചരണം ഗ്രാമസഭകളുടെ സഹായത്തോടെ ഊർജ്ജിതമാക്കുക. ലഭ്യമായ സാധന സാമഗ്രികൾ ഉപയോഗിച്ച് ഗുണമേന്മയുള്ള ഇത്തരം വീടുകൾ നിർമ്മിക്കാനുള്ള സംവിധാനം പഞ്ചായത്തിൽ ആരംഭിക്കുക.

### (7) ഫ്ലാറ്റ് സമ്പ്രദായം

പരിസ്ഥിതി പ്രത്യാഘാതം ഉണ്ടാകാത്ത തരത്തിൽ ഫ്ലാറ്റ് സമ്പ്രദായത്തോടു കൂടിയ ഹൗസിങ്ങ് കോളനികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

### (8) ഭവന നിർമ്മാണം

വരുന്ന 5 വർഷത്തിനുള്ളിൽ ഇന്നു നിലവിലുള്ള പാർപ്പിട പ്രശ്നം പരിഹരിക്കാൻ വിവധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

### (9) ഹൗസിംഗ് കോംപ്ലെക്സുകൾ

സമുഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങളിൽപ്പെട്ട തോട്, റോഡ്, പുറമ്പോക്കുകളിൽ അന്തിയുറങ്ങുന്നവർക്ക് വീട് വച്ചുനൽകുന്ന പദ്ധതിപ്രകാരം 50 വീതമുള്ള രണ്ട് ഹൗസിംഗ് കോംപ്ലെക്സുകൾ സ്ഥാപിക്കുക.

### (10) സാനിറ്റേഷൻ പദ്ധതി.

സാമ്പത്തികമായിപിന്നോക്കം നിൽക്കുന്ന വിഭാഗക്കാരുടെ വീടുകളോടു ചേർന്ന് കക്കൂസും, കുളിമുറിയും പണിയുന്നതിന് നിലവിൽ നൽകുന്ന സഹായധനത്തിന്റെ തോത് 7500/_ രൂപയായി വർദ്ധിപ്പിക്കുകയും, ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുക ചെയ്യുക.

## സാമൂഹ്യക്ഷേമം

ദരിദ്രരും ദുർബ്ബലരുമായ ജനങ്ങൾ ഉള്ളടത്തോളം ഏതൊരു സമൂഹത്തിനും നേരിടേണ്ടിവരുന്ന സാമൂഹ്യ പ്രശ്നങ്ങൾ നമുക്കുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ 34% കുടുംബങ്ങളും ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നവരാണ്. ആകെയുള്ള ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളിൽ ഏതെങ്കിലും രൂപത്തിലുള്ള സർക്കാർ സഹായം ലഭിച്ചിട്ടുള്ളത് 5%ന് മാത്രമാണെന്ന് I.R.D.P. സർവ്വെ റിപ്പോർട്ടും പഞ്ചായത്തിൽ ലഭ്യമായ കണക്കുകളും സൂചി പ്പിക്കുന്നു.

വിവിധ സർക്കാർ ഏജൻസികൾ നടപ്പാക്കിയിട്ടുള്ള ക്ഷേമ പദ്ധതികൾ മിക്കവയും യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടുന്ന കാര്യത്തിലും ലക്ഷ്യം നേടുന്ന കാര്യത്തിലും പരാജയപ്പെട്ടിരിക്കുന്നു. വിവധ ക്ഷേമ പദ്ധതികളെക്കുറിച്ച് ദുർബ്ബല വിഭാഗങ്ങൾക്കുള്ള അജ്ഞതയും, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണത്തിന്റെ കുറവും, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

### ട്രൈസം - പരിശീലന ലഭ്യത - പട്ടിക

| | |
|---|---|
| ടോയ് മേക്കിംഗ് | 15 |
| മോഡേൺ ടെയ്‌ലറിംഗ് / ഫാഷൻകട്ടിങ്ങ് | 10 |
| സ്വയം തൊഴിൽ കണ്ടെത്തിയവർ | 20 |
| ഇതര മേഖലയിൽ തൊഴിൽ ചെയ്യുന്നവർ | 5 |

95 - 96 ൽ 25 പേർക്കുമാത്രമാണ് ട്രൈസം തൊഴിൽ പരിശീലനം നമ്മുടെ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളത്. കൂടുതൽ പേർക്ക് പരിശീലനം നൽകാനും, ആ കാലയളവിൽ നൽകുന്ന സ്റ്റൈപ്പന്റ് തുക കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇങ്ങനെ പരിശീലനം ലഭിച്ചവർക്ക് ആവശ്യമായ വായ്പാ സൗകര്യം ഏർപ്പെടു

ത്താനും, പുതിയ തൊഴിൽ സംരംഭങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ഇവരെ പ്രോത്സാഹിപ്പിക്കുകയും ഇവരുടെ തൊഴിൽ രംഗം കാലാകാലങ്ങളിൽ വിലയിരുത്തപ്പെടുകയും ചെയ്യേണ്ടതുണ്ട്.

## D.W.C.R.A. സഹായ പദ്ധതി

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം കഴിഞ്ഞ 85-86 മുതൽ 95 - 96 വരെ 67 അംഗങ്ങൾ ഉൾപ്പെടുന്ന 5 സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ രണ്ടെണ്ണം ഇന്ന് പ്രവർത്തിക്കുന്നില്ല. രണ്ടെണ്ണം പ്രവർത്തനരംഗത്ത് കാര്യക്ഷമമല്ലതാനും. ഇവയുടെ പ്രവർത്തനം പരിശോധിക്കുകയോ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്ന ഒരു സമ്പ്രദായം. ഇന്ന് നിലവിലില്ല.

### D. W. C. R. A പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങൾ

| നമ്പർ | തൊഴിൽസംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | അംഗങ്ങൾ | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | ഫുഡ് പ്രൊഡക്ഷൻ യൂണിറ്റ് | 85 - 86 | 18 | തൃപ്തികരമല്ല |
| 2 | ആനപ്പാറ അരിക്കച്ചവടം | 88 - 89 | 19 | തൃപ്തകരമല്ല |
| 3 | ടോയ്മേക്കിംഗ് യൂണിറ്റ്, പടലിക്കാട് | 91 - 92 | 10 | പ്രവർത്തിക്കുന്നു |
| 4 | തെക്കേത്തറ റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് | 93 - 94 | 10 | പ്രവർത്തിക്കുന്നില്ല |
| 5 | ബെൽമെറ്റൽ യൂണിറ്റ് | 95 - 96 | 10 | പ്രവർത്തിക്കുന്നില്ല |

### I. R. D. P. സർവ്വേയും അനുബന്ധക്ഷേമ പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| സർവ്വേ പ്രകാരം കണ്ടെത്തിയ ദരിദ്ര കുടുംബങ്ങൾ | 1959 |
| സർവ്വേ പ്രകാരം കണ്ടെത്തിയ SC / ST കുടുംബങ്ങൾ | 390 |
| നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ | 300 |
| സാമ്പത്തിക സഹായം ലഭിച്ച SC / ST കുടുംബങ്ങൾ | 117 |

## I. R. D. P. ഗ്രാമീണ കൈതൊഴിലുകാരെ സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| സർവ്വേ പ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം | 111 |
| സഹായം ലഭിച്ചവരുടെ എണ്ണം | 36 |
| ഇനി ധനസഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | 75 |

## ടൂൾകിറ്റുകൾ

ഗ്രാമീണ കൈ തൊഴിലുകാർക്ക് ആധുനിക തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതി പ്രകാരം 36 പേർക്ക് ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇനിയും 75- ഓളം പേർ ഈ പദ്ധതി പ്രകാരമുള്ള സഹായത്തിനു വേണ്ടി അപേക്ഷകരായി നിൽക്കുന്നുണ്ട്. യഥാസമയം ഗുണഭോക്താക്കൾക്ക് സഹായം നൽകുകയോ, അർഹതയുള്ളവരെ ശരിയായ മാനദണ്ഡം ഉപയോഗിച്ച് തെരഞ്ഞെടുക്കുകയോ ചെയ്യാത്തതിനെക്കുറിച്ചും പരാതിയുണ്ട്.

## C.R.S.P. കക്കൂസ്

നമ്മുടെ പഞ്ചായത്തിൽ പകുതിയിലേറെ വീടുകളിലും കക്കൂസുകളില്ല. ഇതിന്റെ രൂക്ഷത ഏറ്റവും കൂടുതലുള്ളത്, പ്രത്യേകിച്ച് പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന 220_ ഓളം കോളനികളിലും മറ്റു ദുർബ്ബല വിഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളിലും ആണ്. നമ്മുടെ പഞ്ചായത്തിലും സമീപത്തുമുള്ള സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യമേഖല സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഈ പ്രശ്നം സമയബന്ധിതമായി പരിഹരിക്കാനുള്ള സാധ്യതകളുണ്ട്.

### അനുവദിച്ച കക്കൂസുകൾ

| | |
|---|---|
| കക്കൂസ് ഇല്ലാത്തവരുടെ എണ്ണം | 3004 |
| (I.C.D.S. സർവ്വേ/ഗ്രാമസഭാ റിപ്പോർട്ട്) | |
| C.S.P/C.D/ I.P.D.D.W.S.പദ്ധതികളിലായി | |
| അനുവദിച്ച കക്കൂസുകൾ | 77 |
| പണി പൂർത്തീകരിച്ചവ | 71 |

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബ്ബല വിഭാഗക്കാർക്ക് കക്കൂസ് നിർമ്മിക്കാൻ നൽകുന്ന C.R.S.P പദ്ധതി പ്രകാരം അനുവദിക്കുന്ന തുക കക്കൂസ് സ്ഥാപിക്കാനുള്ള നിർമ്മാണ ചിലവുമായി പൊരുത്തപ്പെടുന്നില്ല. തുക വർദ്ധിപ്പിക്കാനും കൂടുതൽ പേർക്ക് ഇതിന്റെ സഹായം എത്തിക്കാനും അതു ശരിയായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്താനും മുൻഗണന കൊടുക്കണം.

## പെൻഷനുകൾ

വിധവാ പെൻഷൻ, വാർദ്ധക്യ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, വിഗലാംഗ പെൻഷൻ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 599 പേർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

അർഹതയുള്ള മുഴുവൻ പേരെയും കണ്ടെത്താനോ, യഥാസമയം ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനോ ശ്രമിക്കാത്തത് ഗ്രാമസഭകളിൽ പരാതികളായി ഉയർന്നു വന്നിട്ടുണ്ട്. ഇതിന്റെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ ഗ്രാമസഭകളുടെ കൂടി പങ്കാളിത്തം ഉറപ്പു വരുത്തണം.

### പെൻഷനുകൾ / ധനസഹായംസംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| വിധവാ പെൻഷൻ അനുവദിക്കപ്പെട്ടവരുടെ എണ്ണം | 121 |
| വാർദ്ധക്യ പെൻഷൻ അനുവദിക്കപ്പെട്ടവരുടെഎണ്ണം | 43 |
| കർഷകതൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവരുടെ എണ്ണം | 348 |
| കർഷകതൊഴിലാളി പെൻഷന് അപേക്ഷിച്ച് കാത്തിരിക്കുന്നവരുടെ എണ്ണം | 61 |
| വികലാംഗ പെൻഷൻ അനുവദിക്കപ്പെട്ടവരുടെ എണ്ണം | 26 |

## അംഗൻ വാടികൾ

നമ്മുടെ പഞ്ചായത്തിൽ 26 അംഗൻ വാടികൾ ഉണ്ടെങ്കിലും അതിൽ ഒന്നിനു മാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. ഇതിൽ ജോലി ചെയ്യുന്ന വർക്കർമാരും, ഹെൽപ്പർമാരുമായി 52 പേരുണ്ട്. ഈ ജീവനക്കാർക്ക് വളരെ തുഛമായ വേതനം മാത്രമെ ലഭിക്കുന്നുള്ളൂവെങ്കിലും വളരെ ആത്മാർത്ഥമായി അവരുടെ ചുമതലകൾ നിർവ്വഹിക്കാറുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതുകൊണ്ട് വാടക കെട്ടിടങ്ങളിലാണ് അംഗൻ വാടികൾ പ്രവർത്തിക്കുന്നത്. എന്നാൽ ഇതിന് സർക്കാർ നൽകുന്ന വാടക കേവലം 25 രൂപ മാത്രമാണ്. തന്മൂലം അംഗൻ വാടി ജീവനക്കാർ കെട്ടിട വാടക കൊടുക്കാൻ പോലും കഴിയാത്ത ദയനീയ സ്ഥിതിയിലാണ്. കുട്ടികൾക്ക് ആവശ്യത്തിന് കളിപ്പാട്ടം ഇല്ല എന്ന പരാതിയുണ്ട്. ഇതിന്റെ പ്രവർത്തനത്തെ ദോഷകരമായും, ഗുണപരമായും ബാധിക്കുന്ന രണ്ടു ഘടകങ്ങളുണ്ട്. പുതിയ ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളുടെ വരവ് അംഗൻ വാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. എന്നാൽ തൊഴിലെടുക്കാൻ പോകുന്ന പാവപ്പെട്ട അമ്മമാരായ സ്ത്രീകൾക്ക് അവരുടെ കുഞ്ഞുങ്ങളെ നോക്കാനുള്ള ഒരാശ്രയ കേന്ദ്രമായി ഇത് മാറിയിട്ടുണ്ട്. ഒരു കിലോമീറ്റർ റോഡിന് ചിലവാകുന്ന തുക കൊണ്ട് 12 അംഗൻ വാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ചു കൊടുക്കാൻ കഴിയും.

## അംഗൻ വാടികളിൽ നിന്നുള്ള വിവരങ്ങൾ

| | |
|---|---|
| അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 1078 |
| അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 102 |
| അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 122 |

## പൊതു വിതരണ കേന്ദ്രം

നിലവിലുള്ള റേഷൻ കടകൾ വഴി വിതരണം ചെയ്യപ്പെടുന്ന ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തണം. റേഷൻ ഷോപ്പുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം പഞ്ചായത്ത് സമിതിയെ ഏൽപ്പിക്കുന്നത് കൂടുതൽ ഗുമകരമായിരിക്കും. നിത്യോപയോഗ സാധനങ്ങളുടെ ന്യായവില ഷോപ്പുകളായി റേഷൻ കടകളെ മാറ്റേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ കൊട്ടേക്കാടും, മരുതറോഡും ഓരോ മാവേലി സ്റ്റോറുകൾ സ്ഥാപിച്ച് പൊതുവിതരണ മേഖല ശക്തിപ്പെടുത്തണം.

## ക്ഷേമനിധികൾ

നമ്മുടെ പഞ്ചായത്തിലെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ വളരെ ചെറിയൊരു വിഭാഗം മാത്രമെ വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ളൂ. കർഷക തൊഴിലാളി പ്രസ്ഥാനം സുസംഘടിതമായതുകൊണ്ട് ആ ഒരു വിഭാഗം മാത്രമാണ് ഇപ്പോൾ ക്ഷേമനിധിയിലുള്ളത്. 1100- ഓളം പേർ കെട്ടിട നിർമ്മാണ രംഗത്തുണ്ടെങ്കിലും അവരിൽ 90% ഉം ക്ഷേമനിധിയിൽ അംഗങ്ങളുമല്ല സംഘടിതരുമല്ല. ഇവരെയെല്ലാം ക്ഷേമനിധിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഏകദേശം 500- ഓളം തൊഴിലാളികൾ ആർട്ടിസാൻസ് രംഗത്തുണ്ട്. ഇവരിൽ മഹാഭൂരിപക്ഷവും ക്ഷേമനിധിക്കു പുറത്താണ്. ഇവരും ഏറെക്കുറെ അസംഘടിത വിഭാഗത്തിൽപ്പെട്ടവരാണ്.

നമ്മുടെ പഞ്ചായത്തിലെ അർഹരായ എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ 11 ഗ്രാമ സഭകളുടെ സഹായത്തോടെ പഞ്ചായത്തു സമിതി ഒരു സമയബന്ധിത പരിപാടി ആവിഷ്കരിക്കണം.

## പൊതുവിതരണ സംവിധാനത്തെ കുറിച്ചുള്ള വിവരങ്ങൾ

| വർഷം | കർഡുടമകളുടെ എണ്ണം | | | | മണ്ണെണ്ണ | |
|---|---|---|---|---|---|---|
| | NE | E | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റ് വഴി വിതരണം ചെയ്തത്(ലി) | കാർഡു വഴി വിതരണം ചെയ്തത് (ലി) |
| 1991_92 | 1499 | 2511 | 4010 | 901 | 120 | 12517 |
| 1992_93 | 1529 | 2561 | 4090 | 950 | 120 | 12767 |
| 1993 _94 | 1564 | 2613 | 4177 | 976 | 121 | 13046 |
| 1994_95 | 1599 | 2668 | 4267 | 1004 | 121 | 13331 |
| 1995_96 | 1665 | 2787 | 4450 | 1052 | 122 | 17223 |
| | | | | | KL | L |

| വർഷം | ഗുണഭേക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ(ക്വിന്റൽ) | | | | | |
|---|---|---|---|---|---|---|---|---|---|
| | മേജർ (12വയ. മേൽ) | മൈനർ (3_12 വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ ആകെ |
| 1991 92 | 17230 | 3814 | 21044 | 995.1 | _ | _ | _ | 101 | N.A |
| 1992_93 | 17407 | 4100 | 21507 | 1011.7 | _ | _ | _ | 103.2 | N.A |
| 1993_94 | 17607 | 4170 | 21777 | 1024 | 1840 | 3810 | _ | 104.5 | N.A |
| 1994_95 | 17957 | 4200 | 22157 | 1043 | 1610 | 3912 | _ | 106.5 | N.A |
| 1995_96 | 18150 | 4214 | 22364 | 1053.3 | 1680 | 4032 | _ | 107.3 | N.A |
| | | | | | | | | | |

# 5.8 സംസ്കാരം



ഒരു മനുഷ്യ സമൂഹത്തിലെ ധാർമ്മിക വിശ്വാസങ്ങളും, മൂല്യബോധവും, ആചാരാനുഷ്ഠാനങ്ങളും ഉൾക്കൊള്ളുന്നതാണ് സംസ്കാരം. ആഹാരനീഹാരാദികൾക്കപ്പുറം ഈ ഘടകങ്ങളാണ് ഒരു സമൂഹത്തെ പരസ്പരം ബന്ധിപ്പിച്ച് നിർത്തുന്നത്. ഒരു പ്രദേശത്ത് രൂപപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്ന സാഹിത്യം, കല, ഐതീഹ്യം, തുടങ്ങിയവയൊക്കെ, അത് ഏതൊക്കെ രൂപത്തിലുള്ളതായാലും, സംസ്കാരത്തിന്റെ സംവേദിത രൂപങ്ങളാണ്.

മരുത റോഡിന്റെ സംസ്കാരിക പാരമ്പര്യവും ഈ സാമാന്യ സ്ഥിതിയിൽ നിന്നും വ്യത്യാസമല്ല. ജാതി ജന്മി - നാടുവാഴി കാലഘട്ടത്തിൽ നിന്ന് ഇന്നത്തെ രൂപത്തിലേക്കുള്ള മാറ്റങ്ങൾക്കിടക്ക് സംഭവിച്ച വിവിധ സംഘർഷങ്ങളുടെയും, സമന്വയങ്ങളുടേയും രൂപവും ഭാവവും നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ സാംസ്കാരിക പ്രവർത്തനത്തിലും കാണാൻ കിഴിയുന്നുണ്ട്.

ഇന്ന് "കേരളത്തനിമ"യായി ഘോഷിക്കപ്പെടുന്ന കലകളിൽ മിക്കതും പഞ്ചായത്തിലെ പൂർവ്വികർക്ക് പരിചിതമായിരുന്നില്ല. അത്തരം കലാരൂപങ്ങളുടെ ആസ്വാദകർ സമൂഹത്തിലെ ജന്മി - പുരോഹിതന്മാർ ആയിരുന്നതുകൊണ്ടും അത്തരം ആളുകൾ പഞ്ചായത്തു പ്രദേശത്ത് കൂടുതലായി ഇല്ലാതിരുന്നതുകൊണ്ടും ആയിരിക്കാം, ഒരു

പേക്ഷ, അത്തരം കലാ രൂപങ്ങൾക്ക് വലിയ പ്രചാരം ലഭിക്കാതിരുന്നുത്.

മുൻകാലത്ത് ജനങ്ങളുടെ കലാസ്വാദനം പ്രധാനമായും ക്ഷേത്രങ്ങളുമായും, കൊയ്ത്തുമായും ബന്ധപ്പെട്ടതായിരുന്നു. പഞ്ചായത്തിലെ പ്രധാന ആരാധനാലയങ്ങൾ കല്ലേപ്പുള്ളി തൊണ്ടർകുളങ്ങര ഭഗവതി ക്ഷേത്രം, കെട്ടേക്കാട് ഭഗവതി ക്ഷേത്രം പുതുക്കുളങ്ങര ഭഗവതിക്കാവ് തുടങ്ങിയവയും മിക്കവാറും തറകളിൽ ഇന്നും നിലവിലുള്ള ഉച്ചുമാകാളി കൊടം, മാരിയമ്മൻ കോവിൽ തുടങ്ങിയവയുമാണ്. കൂടാതെ നരിക്കോട്ട് മുത്തി, കോലുത്തമ്പുരാൻ തുടങ്ങിയ ചില മൂർത്തികളേയും വിവിധ പ്രദേശത്തെ ജനങ്ങൾ ആരാധിക്കുന്നുണ്ട്. ഹൈന്ദവേതര മത വിഭാഗങ്ങളുടെ ആരാധനാലയങ്ങൾ പഞ്ചായത്തിനകത്തെ തീരെ ഇല്ലെന്ന് തന്നെ പറയാം. എരട്ടയാൽ, പിരിവുശാല, കല്ലേപ്പുള്ളി എന്നിവിടങ്ങളിൽ കൊടുമ്പു പഞ്ചായത്തിലും മുൻസിപ്പാലിറ്റിയിലുമായി നിലകൊള്ളുന്ന മുസ്ലീം ദേവാലയങ്ങളും കല്ലേപ്പുള്ളി, പിരിവുശാല, ഭാഗങ്ങളിൽ നിലവിലുള്ള ക്രിസ്ത്യൻ ദേവാലയങ്ങളുമാണ് പഞ്ചായത്തിലെ ഹൈന്ദവേതര മത വിഭാഗങ്ങൾ ആരാധാനക്കും മറ്റുമായി ഉപയോഗപ്പെടുത്തുന്നത്.

വിവിധ അമ്പലങ്ങളിലും മൂർത്തികളുടെ സവിധത്തിലും നടക്കുന്ന പൂജകളുമായി ബന്ധപ്പെട്ടാണ് മുൻ കാലങ്ങളിൽ ദൃശ്യപ്രധാനമായ കലാരൂപങ്ങൾ അവതരിക്കപ്പെട്ടിട്ടുള്ളത്. ആര്യമാലക്കളി, മാർക്കണ്ഡേയ നാടകം, ഹരിശ്ചന്ദ്ര വിലാസം, ശ്രീ വള്ളി, കർണ്ണകി, തുടങ്ങിയ പുരാണ കലകൾ ദൃശ്യ രൂപത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ പഞ്ചായത്തിന് അകത്തുതന്നെ വൈദഗ്ദ്യമുള്ളവർ ഉണ്ടായിരുന്നെന്ന് പറയപ്പെടുന്നു. പുരാണ നാടകങ്ങളിൽ മിക്കതിലും തമിഴ് ഭാഷയുടെ സ്വാധീനം കൂടുതൽ ഉണ്ടായിട്ടുണ്ട്. സംഭാഷണങ്ങൾ സംഗീത രൂപത്തിലാണ് അവതരിക്കപ്പെട്ടിട്ടുണ്ടായിരുന്നത്.

ഒരു ജനകീയ കലയെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന തരത്തിൽ പ്രചാരം നേടിയിട്ടുള്ളതാണ് പൊറാട്ടൻ കളി. ഇത് പൂജകളും, കൊയ്ത്തും മറ്റുമായി ബന്ധപ്പെട്ടും അല്ലാതെയും മിക്കവാറും തറകളിൽ അവതരിപ്പിക്കുക പതിവായിരുന്നു. ആക്ഷേപഹാസ്യ രൂപത്തിലുള്ള സാമൂഹ്യ വിമർശനം പൊറാട്ടൻ കളിയിലൂടെ സാധിതമാകുന്നു എന്നുള്ളത് ഈ കലയുടെ ആസ്വാദ്യത കൂടുന്നതിന് കാരണമായി. ജാതി വ്യവസ്ഥയിൽ നിലനിന്നിരുന്നതും നിലനിൽക്കുന്നതുമായ സമൂഹത്തിലെ വിവിധ ജാതികളേയും അവരുടെ തൊഴിലിനേയും പ്രതിനിധീകരിക്കുന്ന കഥാപാത്രങ്ങളും അവരുടെ ജീവിത വീക്ഷണങ്ങൾ കഥാതന്തുവുമായി പൊറാട്ടൻ കളിയിൽ അവതരിപ്പിക്കപ്പെടുന്നു. ഒരു കാലത്ത് ജനങ്ങൾക്കിടയിൽ വളരെ കൂടുതൽ പ്രചാരം ലഭിച്ചിരുന്നു ഈ കലാ രൂപം ഇന്ന് അന്യം നിന്നു പോയിരിക്കുന്നു. ചില കാരണവന്മാരെങ്കിലും മനസ്സിൽ കൊണ്ടു നടക്കുന്ന സ്മരണകളിൽ മാത്രമായി പൊറാട്ടൻ കളി മുരടിച്ചതിനു കാരണം, ടി. വി., സിനിമ തുടിങ്ങയ മാദ്ധ്യമങ്ങൾക്ക് വമ്പിച്ച പ്രചാരം ലഭിച്ചതാണ്.

സംസ്കാരികതയുടെ മറ്റൊരു മുഖം ഉത്സവങ്ങളിലാണ് കാണാൻ സാധിക്കുക. പ്രധാന ഉത്സവങ്ങൾ കല്ലേപ്പുള്ളി കുമ്മാട്ടിയും, പുതുകുളങ്ങരക്കാവ് വേലയുമാണ്. വർഷം തോറും പത്തു ദിവസത്തിലധികം നീണ്ടു നിൽക്കുന്ന ഉത്സവമാണ് കല്ലേപ്പുള്ളി തൊണ്ടർ കുളങ്ങര ഭഗവതി ക്ഷേത്രത്തിലെ കുമ്മാട്ടി. ഈ ഉത്സവങ്ങൾ കൂടാതെ ഉച്ചുമാകാളി / മാരിയമ്മ പൂജ വിവിധ തറകളിൽ മേടം, ഇടവും മാസങ്ങളിൽ ഉത്സവ പ്രതീതി ജനിപ്പിക്കുന്ന തരത്തിൽ ആഘോഷിക്കാറുണ്ട്. പഞ്ചായത്തിലെ ചില കുടുംബങ്ങളിലെങ്കിലും നിലവിലുള്ള വെഴുത്തൻ കാവിനോട് അനുബന്ധിച്ച് നടന്നുവരാറുണ്ടായിരുന്ന കളമെഴുത്തും പാട്ടും ഏതാനും വർഷങ്ങളായി ഇല്ലാതായിരിക്കുന്നു.

പഞ്ചായത്തിലെ ക്ഷേത്രങ്ങളുടേയും കോവിലുകളുടേയും ഉത്ഭവത്തെക്കുറിച്ച് ഐതീഹ്യങ്ങൾ പ്രചാരത്തിലുണ്ട്. അമ്പലങ്ങളുടെ ഐതിഹ്യങ്ങളേയും ചരിത്രത്തേയും സംബന്ധിച്ച് കൂടുതൽ വിശദമായി പഠിക്കുന്നത് നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്ന സാമൂഹ്യ രൂപങ്ങളേയും, സംസ്കാരത്തേയും അടുത്തറിയുന്നതിന് സഹായിക്കും.

## ഗ്രന്ഥശാലകൾ

കേരളാ ഗ്രന്ഥശാലാ സംഘത്തിൽ (സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ) അംഗത്വമുള്ള മൂന്നു ഗ്രന്ഥശാലകളാണ് പഞ്ചായത്തിലുള്ളത്. അൻപതുകളിൽ എരട്ടയാൽ പ്രദേശത്ത് പുരോഗമന രാഷ്ട്രീയ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി രൂപം കൊണ്ട ഉദയ കേരള വായനശാല ( ഇന്നത്തെ എ. കെ. ജി. സ്മാരക ഗ്രന്ഥശാല രൂപീകരി

ക്കുന്നതിലും മറ്റും പ്രചോദനം നൽകുന്നതിൽ കുഞ്ഞിരാമൻ മാസ്റ്ററെ പോലുള്ള പുരോഗമന രാഷ്ട്രീയ പ്രവർത്തകർ വഹിച്ച പങ്കിനെ ഈ പ്രദേശത്തെ കാരണവന്മാർ ഇന്നും സ്മരിക്കുന്നു. കർഷകരും കർഷകതൊഴിലാളികളും ബീഡി തൊഴിലാളികളും ചേർന്ന് രൂപം നൽകിയിതാണ് ഈ ഗ്രന്ഥശാല. പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിൽ പോയി രാഷ്ട്രീയ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് തൊഴിലാളികളെ പ്രേരിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുന്ന കാര്യത്തിൽ ഈ ഗ്രന്ഥശാലയുടെ പങ്ക് പ്രധാനപ്പെട്ടതായിരുന്നു.

പുരോഗമനേച്ഛുകളായ ഒരു സംഘം വ്യക്തികൾ രൂപം നൽകിയ പിരിവുശാല യുവജന വായനശാല ഇന്നും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. അഭിമാനിക്കാവുന്ന തരത്തിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാവുന്ന യുവജന വായനശാല പഞ്ചായത്തിന്റെ സാംസ്കാരിക ചിത്രത്തിൽ പ്രധാന സ്ഥാനം ഉൾക്കൊള്ളുന്നു. കൊട്ടേക്കാട് പൊതുജനവായനശാലയാണ് പഞ്ചായത്തിലെ മറ്റൊരു ഗ്രന്ഥശാല. സ്വന്തം സ്ഥലവും കെട്ടിടവുമുള്ള ഈ ഗ്രന്ഥശാലയിൽ സാംസ്കാരിക രംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടതാണ്. പഞ്ചായത്തിന്റെ കീഴിൽ മരുതറോഡ് കണ്ടാത്തു പാറയിൽ സാംസ്കാരിക നിലയവും ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്.

ആയിരക്കണക്കിന് പുസ്തകങ്ങളും കെട്ടിടവും മറ്റു സൗകര്യങ്ങളും ഉള്ള ഈ ഗ്രന്ഥശാലകൾ വിജ്ഞാന പ്രധാന രംഗത്ത് കാലാനുസൃതമായി വളർന്നിട്ടില്ല. ഗ്രന്ഥശാലകളിലെ അംഗങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ലൈബ്രറി ഉപയോഗിക്കുന്ന ആളുകൾ വളരെ കുറവാണ്. ഒരുവിധം മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കുന്നത് റീഡിംഗ് റൂം മാത്രമാണ്.

ഈ ഗ്രന്ഥശാലകളടക്കം പഞ്ചായത്താപ്പീസിലെ രേഖപ്രകാരം 22 വായനശാലകൾ / ക്ലബ്ബുകൾ വിവിധ വാർഡു

**പട്ടിക – 1**

| നമ്പർ | വാർഡ് | ലൈബ്രറി / ക്ലബ്ബ് വായനശാലയുടെ പേര് | പത്രങ്ങളുടെ എണ്ണം | പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന പത്രങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ സ്വഭാവം | ലൈബ്രറി ഉണ്ട് / ഇല്ല |
|---|---|---|---|---|---|---|
| 1 | I | പൊതുജന വായനശാല കൊട്ടേക്കാട് | 2 | 1 | സ്വന്തം | ഉണ്ട് |
| 2 | I | ഐക്യോദയ കലാസമിതി കാളിപ്പാറ | 1 | 1 | വാടക | ഇല്ല |
| 3 | I | പൊതുജന വായനശാല കുന്നംകാട് | 1 | 1 | – | ഇല്ല |
| 4 | II | പുരോഗമന വായനശാല മുക്രംകാട് | 1 | 1 | – | ഇല്ല |
| 5 | II | യുവജനന വായനശാല പടലിക്കാട് | 1 | 1 | – | ഇല്ല |
| 6 | III | ഉപാസന വായനശാല ചെമ്മങ്കാട് | 1 | 1 | – | ഇല്ല |

| നമ്പർ | വാർഡ് | ലൈബ്രറി / ക്ലബ്ബ് വായനശാലയുടെ പേര് | പത്രങ്ങളുടെ എണ്ണം | പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന പത്രങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ സ്വഭാവം | ലൈബ്രറി ഉണ്ട് / ഇല്ല |
|---|---|---|---|---|---|---|
| 7 | IV | യുവജനസംഘം വായന വായനശാല | 1 | 1 | – | – |
| 8 | V | സഫ്ദർഹാഷ്മി കലാസമിതി തെക്കെത്തറ | 1 | 1 | ഷെഡ് | ഇല്ല |
| 9 | V | അംബേദ്കർ വായന ശാല ആലമ്പള്ളം | 1 | 1 | സ്വന്തം | ഇല്ല |
| 10 | VI | പഞ്ചായത്ത് സാംസ് കാരിക നിലയം | | | സ്വന്തം | ഉണ്ട് |
| 11 | VI | കലാധരൻ കലാ സമിതി മരുതറോഡ് | 2 | 2 | സ്വന്തം | ഇല്ല |
| 12 | VI | യുവജനകലാസമിതി ആശാരിത്തറ | 2 | 1 | സ്വന്തം | ഇല്ല |
| 13 | VI | കരുണ വായനശാല കാഞ്ഞിക്കുളം | – | – | സ്വന്തം | ഇല്ല |
| 14 | VI | ശ്രീദേവി സ്പോർട്ട്സ് &ആർടസ് ക്ലബ്ബ് മരുത റോഡ് | 1 | 1 | സ്വന്തം | ഇല്ല |
| 15 | VII | യുവജന വായന ശാല പിരിവുശാല | 3 | 3 | സ്വന്തം | ഉണ്ട് |
| 16 | VIII | ടാഗോർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് ആശാരിത്തറ | 1 | 1 | ഷെഡ് | ഇല്ല |
| 17 | VIII | ഫ്രണ്ട്സ് ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ് നെറുക്കാട്ട് | 1 | 1 | ഷെഡ് | ഇല്ല |
| 18 | IX | AKG സ്മാരക ഗ്രന്ഥ ശാല എരട്ടയാൽ | 3 | 2 | സ്വന്തം | ഉണ്ട് |
| 19 | IX | ശ്രീരാഗം വായന ശാല, കല്ലംകുളം | 1 | 1 | ഷെഡ് | ഇല്ല |

| നമ്പർ | വാർഡ് | ലൈബ്രറി / ക്ലബ്ബ് വായനശാലയുടെ പേര് | പത്രങ്ങളുടെ എണ്ണം | പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന പത്രങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ സ്വഭാവം | ലൈബ്രറി ഉണ്ട് / ഇല്ല |
|---|---|---|---|---|---|---|
| 20 | IX | പ്രതീക്ഷാ വായന ശാല | 1 | 1 | ഷെഡ് | ഇല്ല |
| 21 | X | പുരോഗമന വായന ശാല, തേക്കോണി | 1 | 1 | സ്വന്തം | ഇല്ല |
| 22 | XI | നേതാജി സുഭാഷ് വായനശാല, ആലമ്പള്ളം | 2 | 2 | സ്വന്തം | ഇല്ല |
| 23 | | വിനോദ കലാസമിതി കൊട്ടേക്കാട് | 1 | 1 | സ്വന്തം | ഇല്ല |

കളിലായി നിലകൊള്ളുന്നു. മിക്കവാറും വായനശാലകളിലും ക്ലബ്ബുകളിലും പഞ്ചായത്തുവക ഒരു പത്രമെങ്കിലും വരുത്തുന്നുണ്ട്. സ്വന്തം ഫണ്ടിൽ നിന്നും പത്രമാസികകൾ വാങ്ങുന്ന വായനശാല / ക്ലബ്ബുകൾ കുറവാണ്. പഞ്ചായ ത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 'കേരളോത്സവ'ത്തിൽ അത്യാവശ്യം പങ്കാളിത്തമുണ്ടാക്കാറുള്ളതൊഴിച്ചാൽ ഭൂരിഭാഗം ക്ലബ്ബുകളും വായനശാലകളും പ്രവർത്തിക്കുന്നില്ലെന്നുതന്നെ പറയാം.

## കായികരംഗം

പഞ്ചായത്തിൽ കേരളോത്സവത്തോടനുബന്ധിച്ച് നടക്കുന്ന കായിക മത്സരങ്ങളാണ് ഈ രംഗത്ത് നടക്കുന്ന ഒരു പ്രവർത്തനം. പഞ്ചായത്തിനകത്തുള്ള മിക്ക ക്ലബ്ബുകളുടേയും വായനശാലകളുടേയും കായിക രംഗത്തെ പ്രവർത്തനം കേരളോത്സവത്തിനുവേണ്ടി തട്ടിക്കൂട്ടുന്ന ഏതാനും പരിപാടികൾ മാത്രമാണ്. കായികരംഗത്ത് താല്പര്യം ജനിപ്പിക്കുന്നതിന് ആവശ്യമായ ദൈനംദിന പരിപാടികൾ ക്ലബ്ബുകൾക്കില്ല.

പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന എയിഡഡ് / ഗവർമെണ്ട് സ്ക്കൂളുകളിലും വിദ്യാർത്ഥികളിൽ കായിക സംസ്കാരം വളർത്തുന്നതിന് ആവശ്യമായ പരിപാടികൾ ഇല്ല. പഞ്ചായത്തുതലത്തിൽ സ്ക്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കായിക സാംസ്കാരിക രംഗത്ത് ഒരു കൂട്ടായ്മ വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വായനശാലകളേയും ക്ലബ്ബുകളേയും അംഗങ്ങളാക്കിക്കൊണ്ട് ഒരു സാംസ്കാരിക - കായിക സംഘടന രൂപീകരിക്കുക. ഈ സംഘടന പഞ്ചായത്തിലെ ക്ലബ്ബുകളുടേയും വായനശാലകളുടെയും പ്രവർത്തന നൈരന്തര്യം ഉറപ്പു വരുത്തുകയും പഞ്ചായത്ത് തലത്തിൽ നടത്തേണ്ട കായിക - സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുക.

2. പഞ്ചായത്തിലെ ക്ഷേത്രങ്ങൾ, കാവുകൾ, തുടങ്ങിയവയുമായി ബന്ധപ്പെട്ട ഐതീഹ്യങ്ങളും ചരിത്രങ്ങളും അയ്യപ്പൻപ്പാട്ട്, നല്ലമ്മപ്പാട്ട്, കളമെഴുത്ത് പാട്ട് തുടങ്ങിയ കലാരൂപങ്ങളും ശേഖരിച്ച് ഒരു ചരിത്ര സാംസ്കാരിക സുവനീർ പ്രസിദ്ധീകരിക്കുക.

3. പൊറാട്ടൻ കളി, കുംഭക്കളി തുടങ്ങിയ കലാരൂപങ്ങളെ കേരളോത്സവങ്ങളിലും മറ്റും ഉൾപ്പെടുത്തിക്കൊണ്ട്

നമ്മുടെ പൂർവ്വിക സാംസ്കാരിക രൂപങ്ങളെ അന്യം നിന്ന് പോകാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ പരിപാടികൾ ആരംഭിക്കുക.

4. ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള ഗ്രന്ഥ ശാലകളെ കേന്ദ്രമാക്കിക്കൊണ്ട് മുഴുവൻ ക്ലബ്ബ് / വായന ശാലകളേയും ഉൾപ്പെടുത്തി വായനാശീലം വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

5. വിദ്യാലയങ്ങളിൽ കായിക പ്രവർത്തനം നിർബന്ധി തമാക്കുകയും കൂട്ടായ പ്രവർത്തന മനഃസ്ഥിതി വളർത്താൻ ഉതകുന്ന തരത്തിലുള്ള കായിക പരിപാടികൾ ആവിഷ്ക്ക രിക്കുകയും ചെയ്യുക.

6. പഞ്ചായത്തുതലത്തിൽ വിദ്യാർത്ഥികൾക്കുവേണ്ടി 'കലാകായിക സാംസ്കാരിക സംഗമം' പരിപാടി ആവിഷ് കരിച്ച് നടപ്പിലാക്കുക.

7. കലാകായിക രംഗത്തെ പഞ്ചായത്തുതല പ്രതിഭ കൾക്ക് പ്രോത്സാഹന ധനസഹായം അനുവധിക്കുക.

8. പെൺകുട്ടികളേയും, വനിതകളേയും കായിക സാംസ്കാരിക പ്രവർത്തനത്തിന്റെ പൊതു ധാരയിൽ എത്തിക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കുക. ആത്മ വിശ്വാസം വളർത്തുന്നതും ആരോഗ്യ സംരക്ഷണത്തിന് ഉതകുന്നതുമായ കായിക പ്രവർത്തനങ്ങൾ നടത്തുന്നതിന് മഹിളകൾക്കും അവരുടെ സംഘടനകൾക്കും പ്രോത്സാഹനം നൽകുക.

9. കുട്ടികൾക്കിടയിൽ പ്രാദേശിക പരമ്പരാഗത കളികൾ പ്രോത്സാഹിപ്പിക്കുകയും പുതിയ കളികൾ കണ്ടു പിടിച്ച് പ്രചരിപ്പിക്കുകയും ചെയ്യുക.

10. ഓരോ തറകളിലും 12 വയസ്സിനു താഴെയുള്ള കുട്ടികളുടെ കായിക - സാംസ്കാരിക - ശാസ്ത്ര ക്ലബ്ബുകൾ രൂപീകരിക്കുകയും പഞ്ചായത്തുതലത്തിൽ രക്ഷാധികാരി സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക.

11. കായിക രംഗത്ത് പ്രവർത്തിക്കുന്നവരുടേയും പങ്കെടുക്കുന്നവരുടേയും സുരക്ഷിതത്വത്തിനായി ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി ഏർപ്പെടുത്തുക.

12. സംസ്ഥാന ജില്ലാതലത്തിലുള്ള സ്പോർട്സ് കൗൺസിലുകളുടെ അടിസ്ഥാന യൂണിറ്റ് ഗ്രാമ പഞ്ചായത്തു തലത്തിലേക്ക് വ്യാപിപ്പിക്കാൻ സംസ്ഥാന ഗവർമെണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

13. വായനശാല / ക്ലബ്ബുകൾ ഇല്ലാത്ത വാർഡ് / തറകളിൽ അവ സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് നേതൃത്വവും പ്രോത്സാഹനവും നൽകുക.

# 5.9 വനിത



സാമൂഹ്യ ജീവിതത്തിലെ തുല്യതക്കുവേണ്ടിയും ചൂഷണങ്ങൾക്കെതിരേയും രാജ്യത്ത് പൊതുവേയും നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ചും വനിതകളുടെ സംഘടിത പ്രസ്ഥാനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളുടെ അളവിൽ നമ്മുടെ ഗ്രാമങ്ങളിൽ വലിയ ചലനങ്ങളൊന്നുമുണ്ടായിട്ടില്ല. കൃഷിയിൽ മാത്രം കേന്ദ്രീകരിച്ച് നിലനിന്ന നമ്മുടെ പഞ്ചായത്തിലെ വനിതകൾ വ്യവസായ തൊഴിൽ മേഖലകളിലേക്ക് തിരിഞ്ഞതിന്റെ പ്രതിഫലനം ചെറിയതോതിലെങ്കിലും കാണാൻ തുടങ്ങിയിട്ടുണ്ട്. നമ്മുടെ ജനസംഖ്യയുടെ 51.03% സ്ത്രീകളാണ്. അവരുടെ എണ്ണം 14,000 ഓളം വരും ഇതിൽ പട്ടിക ജാതി / പട്ടിക വർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ 2038 ആണ്. പഞ്ചായത്തിലെ ആകെ തൊഴിലുള്ളവരിൽ 30% സ്ത്രീകളാണ്. ഇവരുടെയെണ്ണം ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം 2274 വരും. ഇതിൽ 1200 ഓളം പേരും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവരാണ്. ഇവരുടെ ഒരു പ്രത്യേകത സുസംഘടിതമായ കർഷകതൊഴിലാളി പ്രസ്ഥാനത്തിൽ കൂടി ജനകീയ സമരങ്ങളിൽ പൊതുവെ പങ്കെടുക്കുന്നു എന്നതാണ്. ഭൂമിക്കുവേണ്ടിയുള്ള സമരങ്ങളിൽ 13 സ്ത്രീകൾ വിയ്യൂർ ജയിലിൽ കിടന്നിട്ടുണ്ട്. കാർഷിക മേഖലയിൽ സ്ത്രീകൾക്ക് 3 മാസമാണ് തൊഴിൽ ലഭിക്കുന്നത്. ഗുരുതരമായ ഈ പ്രശ്നത്തെ മറികടക്കാനുള്ള വഴികളൊന്നും രൂപപ്പെട്ടു വന്നിട്ടുമില്ല. ഏകദേശം 300 ഓളം സ്ത്രീകൾ ഉപജീവനത്തിന് ആശ്രയിക്കുന്നത് കന്നുകാലി വളർത്തലാണെങ്കിലും ഇതിന്നാവശ്യമായ ശാസ്ത്രീയ മാർഗ്ഗനിർദ്ദേശങ്ങളോ കൂട്ടായ്മയോ ഇല്ലാത്തതിന്റെ കുറവ് വളരെയേറെ പ്രകടമാണ്. പാൽ സംഭരണത്തിനുപോലും വേണ്ടത്ര സംവിധാനങ്ങളില്ല.

സ്ത്രീകളുടെ മറ്റൊരു തൊഴിൽ മേഖല കെട്ടിട നിർമ്മാണ രംഗമാണ്. ഈ മേഖലയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. ഇത് ഏതാണ്ട് 600 ഓളം വരും.

കാർഷികമേഖലയിലും കെട്ടിട നിർമ്മാണ മേഖലയിലും കൂടുതൽ അദ്ധ്വാനം നൽകുന്ന ഇവർക്ക് പുരുഷന്കിട്ടുന്ന കൂലിയുടെ പകുതിയേ ലഭിക്കുന്നുള്ളൂ. വമ്പിച്ച തൊഴിൽ സാദ്ധ്യതയുള്ള ടെയ്‌ലറിങ്ങ് രംഗത്ത് 30 ഓളം സ്ത്രീകൾ മാത്രമാണ് തൊഴിൽ ചെയ്യുന്നത്. ആധുനിക തുന്നൽ രീതികൾ സ്വീകരിച്ചുകൊണ്ട റെഡിമേയ്ഡ് ഉല്പന്നങ്ങൾക്കുള്ള സാദ്ധ്യത പ്രയോജനപ്പെടുത്താൻ കഴിയും. ആധുനിക ടെയ്‌ലറിംഗ് പരിശീലനം നമ്മുടെ പഞ്ചായത്തിന്റെ സമീപ ത്തുള്ള പോളി ടെക്നിക്കിൽ നിന്നും ലഭിക്കാനുള്ള സാദ്ധ്യത ഉണ്ടായിട്ടും നമ്മുടെ പെൺകുട്ടികൾ അത് പ്രയോജനപ്പെ ടുത്തുന്നതായി കാണുന്നില്ല. നിരവധി തുണിമില്ലുകൾ നമ്മുടെ സമീപ പഞ്ചായത്തിലുണ്ടെങ്കിലും അതിനോടനു ബന്ധിച്ച് ഡബ്ലിങ്ങ് യൂണിറ്റുകൾ ആരംഭിക്കാനുള്ള അവസരം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

തീപ്പെട്ടി വ്യവസായവുമായി ബന്ധപ്പെട്ട് ഏകദേശം 40 പേർ പണിയെടുക്കുന്നുണ്ട്. ഇലക്ട്രാണിക് കിറ്റുകൾ കൊടുത്തുകൊണ്ട് കോംപനെന്റ്സ് അസംബിൾ ചെയ്തു വാങ്ങിക്കുന്ന ഒരു സമ്പ്രദായം വളരെ വ്യാപകമായി ബി. പി. എൽ. സാനിയോ ഇല്ക്ട്രോണിക്സ് കമ്പനി സ്വീകരിച്ചി ട്ടുണ്ട്. ചെറിയൊരു പരിശീലനമുണ്ടെങ്കിൽ വനിതകൾക്ക് സഹകരണാടിസ്ഥാനത്തിലോ ചെറിയ ഗ്രൂപ്പുകളായോ ഈ സാദ്ധ്യത പ്രയോജനപ്പെടുത്തുവാൻ കഴിയും. എന്നാൽ ഈ മേഖലയിൽ പെൺകുട്ടികൾ സബ് കോൺട്രാക്ടർ മാരുടെ കീഴിൽ വളരെ താഴ്ന്ന കൂലിക്കാണ് പണിയെടു ത്തുവരുന്നത്.

കർഷകതൊഴിലാളി മേഖലയൊഴിച്ച് മറ്റു മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകൾ അസംഘടിതരാണ്. അതു കൊണ്ടുതന്നെ ഇവർ ചൂഷണത്തിനും അവഗണനയ്ക്കും വിധേയരാകുന്നു, കാർഷിക മേഖലയിൽ നിന്നും വ്യാവ സായിക മേഖലയിലേക്ക് കൂടി വളരുന്ന നമ്മുടെ തൊഴിൽ രംഗത്ത് വനിതകളെ നേരിടുന്ന മറ്റൊരു ഗുരുതരമായ പ്രശ്നം അവരുടെ കുട്ടികളെ നോക്കാൻ സംവിധാനമില്ലാ യെന്നതാണ്. നമ്മുടെ പഞ്ചായത്തിൽ തന്നെ 4 ക്രഷ് എങ്കിലും അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്.

സ്ത്രീകളുടെ വിദ്യാഭ്യാസ രംഗത്തെ അവസ്ഥ വളരെ സങ്കീർണ്ണമാണ്. പഞ്ചായത്തിലെ ചന്ദ്രനഗർ പോലുള്ള പ്രദേശങ്ങളിൽ ഉന്നത വിദ്യഭ്യാസം നേടിയ സ്ത്രീകളുണ്ട്. അവരുടെ ജീവിത സാഹചര്യങ്ങളിലും ഇതിന് ആനുപാതി കമായ ഉയർച്ച കാണുവാൻ കഴിയും. കഴിഞ്ഞ S.S.L.C. പരീക്ഷയിൽ 3-ാം റാങ്കുനേടിയ ലിതാഹരി, പ്രി. ഡിഗ്രിക്ക് റാങ്ക് നേടിയ കിരൺമണി, ഡിഗ്രിക്ക് റാങ്ക് നേടിയ കുട്ടികൾ ചന്ദ്രനഗർ പ്രദേശത്തുള്ളവരാണ്. എന്നാൽ മറ്റു പ്രദേശങ്ങ ളിൽ സാക്ഷരതാ നിരക്കുതന്നെ സംസ്ഥാന ശരാശരിയെ ക്കാൾ വളരെ താഴ്ന്നതാണ്. ഹൈസ്ക്കൂൾ വിദ്യാഭ്യാസ ത്തോടെ പഠനം നിർത്തുന്ന പ്രവണതയാണ് പൊതുവി ലുള്ളത്. ഉന്നത വിദ്യാഭ്യാസമോ, സാങ്കേതിക വിദ്യാഭ്യാ സമോ ലഭിച്ചിട്ടില്ലാത്ത ഇവരെയാണ് വ്യവസായ മേഖലയിൽ കുറഞ്ഞ കൂലിക്ക് ചൂഷണത്തിന് വിധേയമാക്കുന്നത്. പൊതുവേ നോക്കിയാൽ ബഹു ഭൂരിപക്ഷം ജനങ്ങളും നേരിടുന്ന ചൂഷണത്തോടൊപ്പം സ്ത്രീയെന്ന നിലയിൽ എല്ലാ മേഖലയിലും അവഗണനയും ഇരട്ടചൂഷണവും നമ്മുടെ വനിതകൾ അനുഭവിക്കേണ്ടി വരുന്നു എന്ന കാര്യം നമ്മുടെ സമൂഹത്തിന്റെ ആകെ പ്രശ്നമായി നാം കാണണം.

നമ്മുടെ പഞ്ചായത്തിൽ 26 അംഗൻവാടികളുണ്ട്. ഇവയിൽ 26 ടീച്ചർമാരും 26 ആയമാരും ജോലി ചെയ്യുന്നു. അംഗൻവാടികളിലെ സൗകര്യങ്ങൾ വളരെ പരിമിതമാണ്.

# പട്ടിക

തൊഴിൽ രംഗവും വേതന നിലവാരവും

| | തൊഴിൽ | തൊഴിൽ എടുക്കുക്കുന്നവരുടെ എണ്ണം | വേതനം |
|---|---|---|---|
| 1 | കർഷകതൊഴിലാളി | 1200 | 30 രൂപ |
| 2 | കെട്ടിടനിർമ്മാണം | 620 | 60 രൂപ |
| 3 | ഇലക്ട്രോണിക്സ്-സബ്സിഡിയറി' യൂണിറ്റുകൾ | 250 | 12 രൂപ |
| 4 | മറ്റുള്ളവർ | 152 | ലഭ്യമല്ല |
| 5 | അംഗൻവാടി ജീവനക്കാർ | 52 | പ്രതിമാസം ടീച്ചർ- 500 രൂപ ആയ- 300 രൂപ |
| | ആകെ | 2274 | |

## പ്രശ്നങ്ങൾ

1. സാമൂഹ്യരംഗത്ത് കടന്നു വരാനുള്ള സ്ത്രീകളുടെ വിമുഖത.

2. സാങ്കേതിക തൊഴിലിനുവേണ്ട അറിവു ലഭിക്കുന്നില്ല.

3. തുല്ല്യ ജോലിക്ക് തുല്ല്യ വേതനമില്ല.

4. തൊഴിൽ മേഖലയിലെ അസംഘടിതാവസ്ഥയും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും.

5. തൊഴിൽ നിയമങ്ങളെ കുറിച്ചുള്ള അജ്ഞത.

6. സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

7. അംഗൻ വാടി ജീവനക്കാർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല.

8. തൊഴിൽ സംരഭങ്ങൾക്ക് പണം മുടക്കുവാനുള്ള കഴിവില്ലായ്മ.

9. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിയും മുമ്പേ പഠനം നിർത്തുന്നു.

10. അന്ധവിശ്വാസങ്ങൾ രൂഢമായി നിലകൊള്ളുന്നു.

## സാദ്ധ്യതകൾ

1. സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിനും സംവിധാനം ഉണ്ടാക്കുക.

2. വിദ്യാഭ്യാസരംഗത്തു നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

3. പച്ചക്കറി കൃഷി, മിനി ഡയറി യൂണിറ്റുകൾ, കോഴി വളർത്തൽ തുടങ്ങിയ രംഗങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ഒറ്റയ്ക്കും സഹകരണാടിസ്ഥാനത്തിലും ഇത് ഏറ്റെടുക്കുന്നതിന് വനിതകളെ പ്രോത്സാഹിപ്പിക്കുക.

4. ഗാർമെന്റ്സ് യൂണിറ്റുകൾ., ടെക്സ്റ്റൈയിൽ ഡബ്ലിങ്ങ് യൂണിറ്റുകൾ, ഇലക്ട്രോണിക്സ് കോംപൊനെന്റ്സ് അസംബ്ലിങ്ങ് യൂണിറ്റുകൾ ആരംഭിക്കുക.

5. കയറ്റുമതി സാദ്ധ്യതയുള്ള ഉദ്യാന കൃഷിയും, കുറ്റിമുല്ല കൃഷിയും തുടങ്ങാൻ വനിതകളെ പ്രോത്സാഹിപ്പിക്കുക.

6. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

7. വിധവ, അഗതി പെൻഷൻ, മാതൃ സഹായ ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ വനിതകൾക്കും ലഭ്യമാക്കുക.

8. തുല്ല്യ ജോലിക്ക് തുല്ല്യ വേതനം ഉറപ്പു വരുത്തുക.

9. തൊഴിൽ നിയമങ്ങളെക്കുറിച്ചും തൊഴിൽ അവസരങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

10. പഞ്ചായത്തിൽ 4 ക്രഷുകൾ സ്ഥാപിക്കുക.

11. മാതൃ ശുശ്രൂഷാ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

12. പഞ്ചായത്തുതല വനിത സമിതി രൂപീകരിക്കുക.

13. സ്ത്രീ ജ്യോതി പദ്ധതി :-

സ്വന്തമായി വരുമാനമുണ്ടാക്കാൻ പര്യാപ്തമായ തൊഴിൽ പദ്ധതികളിൽ ഏർപ്പെടാൻ തൊഴിൽ രഹിതരായ വനിതകൾക്ക് എല്ലാ ഗ്രാമീണ ബാങ്കുകളും വാണിജ്യ ബാങ്കുകളും വഴിനൽകുന്ന വായ്പാ സൗകര്യം ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താൻ വനിതകളെ സഹായിക്കുന്ന ഒരു സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തുക.

14. വനിതാ ഹോസ്റ്റൽ:-

വ്യവസായ മേഖലക്കും, നഗരത്തിനും സമീപമുള്ള നമ്മുടെ പഞ്ചായത്തിൽ മരുത റോഡ് ഭാഗത്ത് ഒരു വനിതാ ഹോസ്റ്റൽ സ്ഥാപിക്കണം.




ഏതൊരു ഗ്രാമീണ സമ്പദ്ഘടനയിലും സുപ്രധാനമായ സ്ഥാനമാണ് ഇന്ന് സഹകരണ സംഘങ്ങൾ വഹിക്കുന്നത്. ഇതിന്നൊരപവാദമാണ് നമ്മുടെ പഞ്ചായത്ത്.

8 സഹകരണ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തു പ്രദേശത്ത് നിലവിലുണ്ടെങ്കിലും അവയിൽ ഭൂരിഭാഗം എണ്ണത്തിന്റെയും നില ശോചനീയമാണ്.

## (1) പാലക്കാട് സർവ്വീസ് സഹകരണ ബാങ്ക്

പാലക്കാട് ടൗൺ 1946 ൽ സ്ഥാപിച്ച സഹകരണ സ്ഥാപനമാണ് പാലക്കാട് സർവ്വീസ് സഹകരണ ബാങ്ക്, പാലക്കാട് മുൻസിപ്പാലിറ്റി, മരുതറോഡ് പഞ്ചായത്ത്, പിരായിരി പഞ്ചായത്ത്, കൊടുമ്പ് പഞ്ചായത്തിന്റെ ഭാഗമായ കരിങ്കരപ്പുള്ളി, പുതുപരിയാരം പഞ്ചായത്തിന്റെ ഭാഗമായ കാവൽപ്പാട് തുടങ്ങി വിപുലമായ ഒരു പ്രവർത്തന പരിധിയുള്ള ഒരു സഹകരണ സ്ഥാപനമാണിത്. ഇതിന്റെ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. പി. വാസുദേവനായിരുന്നു. ശ്രീ. കെ. രാമകൃഷ്ണൻ Ex. M.L.A, ജനാർദ്ധനൻ തുടങ്ങിയ ഈ പഞ്ചായത്തിൽപ്പെട്ട സഹകാരികൾ ഈ ബാങ്കിന്റെ അദ്ധ്യക്ഷസ്ഥാനം വഹിച്ചിട്ടുണ്ട്. ഇതിൽ ആകെ അംഗ സംഖ്യ 8100 ആണ്. 38,89,189 രൂപ ഒഹരിമൂലധനമുള്ള ഈ ബാങ്കിന്റെ ആകെ നിക്ഷേപം 900 ലക്ഷം രൂപയാണ്. ഇതിൽ മരുതറോഡ് പഞ്ചായത്തിൽ വിവിധ വായ്പകളിലായി 197 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ തന്നെ 130 ലക്ഷം രൂപയും സ്വർണ്ണപ്പണയ ഇനത്തിലുള്ള വായ്പയാണ്.

നമ്മുടെ പ്രദേശത്തെ എല്ലാ കർഷകരേയും മറ്റു ഇതര ജനവിഭാഗങ്ങളേയും അംഗങ്ങളാക്കുന്നില്ല എന്ന പരാധി ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിലെ കുടുംബങ്ങളുടെ മിച്ച സമ്പാദ്യത്തിന്റെ 95%വും പഞ്ചായത്തിനകത്തും ടൗണിലുള്ള ദേശസൽകൃത ഷെഡ്യൂൾഡ് ബാങ്കുകളിലേക്കാണ് പോകുന്നത്. അവയാകട്ടെ നിക്ഷേപത്തിന്റെ വളരെ ചെറിയൊരു വിഹിതം മാത്രമേ തിരിച്ച് വായ്പയായി നൽകുന്നുള്ളു. ഈ പശ്ചാതലത്തിൽ പരിശോധിക്കുമ്പോൾ നമ്മുടെ പ്രദേശത്തിന്റെ സാമ്പത്തിക സാമൂഹിക മേഖലകളിൽ ഗുണകരമായ മാറ്റമുണ്ടാകാൻ സഹായിക്കുന്ന തരത്തിൽ 27,000ത്തോളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിന്റെ ഭൂ പ്രദേശത്ത് ഒതുങ്ങി നിൽക്കുന്ന ഒരു സഹകരണ ബാങ്ക് രൂപീകരിക്കണമെന്നാവശ്യം ഗ്രാമസഭകൾ മുന്നോട്ട് വെച്ചിട്ടുണ്ട്.

എങ്കിൽ മാത്രമേ നമ്മുടെ പഞ്ചായത്തിലെ നിക്ഷേപസാദ്ധ്യത മുഴുവൻ പ്രയോജനപ്പെടുത്താനും ജനങ്ങളുടെ വായ്പാ സൗകര്യം ഏറെക്കുറെ നിറവേറ്റുന്നതിനും സാധിക്കുകയുള്ളൂ.

## (2) ക്ഷീരസംഘങ്ങൾ

കൊട്ടേക്കാട്, മരുതറോഡ്, എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് രണ്ട് ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1963 ൽ 27 അംഗങ്ങളെ ഉൾപ്പെടുത്തി 120 രൂപ മൂലധനവുമായി പ്രവർത്തനമാരംഭിച്ച മരുതറോഡ് ക്ഷീരസംഘത്തിൽ ഇന്ന് 536 ക്ഷീര കർഷകർ അംഗങ്ങളായിട്ടുണ്ട്. ഇപ്പോൾ പാൽ ശീതീകരിച്ചു സൂക്ഷിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 'നന്ദനി' എന്നപേരിൽ പാൽ പാക്കറ്റിലാക്കി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്തിന്റെ തെക്കൻ വാർഡുകളിൽ കൂടുതൽ പാൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് ഇതിന്റെ പ്രവർത്തനം ഇനിയും വിപുലീകരിക്കാൻ ഏറെ സാദ്ധ്യതകളുണ്ട്.

300 അംഗങ്ങളുള്ള കൊട്ടേക്കാട് ക്ഷീര സഹകരണ സംഘം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ് മാനേജ്മെന്റിന്റെ പോരായ്മയും അംഗങ്ങളുടെ സഹകരണമില്ലായ്മയും ഇതിന്റെ പ്രാധാന്യത്തെ ഗുരുതരമായി മന്ദീഭവിപ്പിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട സമിതിയെ ഇതിന്റെ ഭരണ ചുമതല ഏൽപ്പിച്ചുകൊണ്ട് പാൽ സംഭരണ വിതരണരംഗത്ത് ഗൗരവമായ മാറ്റം വരുത്തണം.

## (3) ഭവന നിർമ്മാണ സഹകരണ സംഘം

നമ്മുടെ പഞ്ചായത്തിൽ 1956ൽ ചന്ദ്രനഗറിൽ സ്ഥാപിച്ച ഈ സംഘത്തിലിന്ന് 417 അംഗങ്ങളുണ്ട്. ഏകദേശം 80 ഏക്കറോളം സ്ഥലത്ത് പരന്നു കിടക്കുന്ന ഈ ഹൗസിംഗ് കോളനി കേരളത്തിലേതന്നെ ഏറ്റവും വലിയ ഹൗസിംഗ് കോളനിയാണ്. ഏകദേശം 37 ലക്ഷം രൂപ അംഗങ്ങൾക്ക് വായ്പായിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ആവശ്യക്കാർക്ക് വീടുവെക്കാനുള്ള സ്ഥലം വിൽപന നടത്തുകയും ആവശ്യമായ ധനസഹായം നൽകുകയുമാണ് ഇതിന്റെ പ്രവർത്തനങ്ങൾ.

ഈ സംഘത്തിന്റെ കീഴിൽ മൂന്ന് ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിച്ചിട്ടുണ്ട്, പിരിവുശാലയിൽ 20 ലക്ഷത്തോളം രൂപ ചിലവിൽ ഒരു ഷോപ്പിംഗ് കോംപ്ലെക്സ് പണി പൂർത്തിയായി വരുന്നു. നല്ല രീതിയിൽ പ്രവർത്തനടത്തുന്ന ഈ സംഘത്തിന് തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയാണ് ഉള്ളത്.

### (4) കൺസ്യൂമർ സഹകരണസ്റ്റോർ

1,11,800/_ രൂപ മൂലധനമുള്ള ഈ കൺസ്യൂമർ സഹകരണ സ്റ്റോർ ചന്ദ്രനഗർ കോളനിയിലാണ് പ്രവർത്തിക്കുന്നത്. സാമാന്യം നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്.

## (5) വനിതാ ഇലക്ട്രോണിക് ഇന്റസ്ട്രീയൽ സൊസൈറ്റി

ചന്ദ്രനഗർ കേന്ദ്രമാക്കി പ്രവർത്തിച്ചു വന്നിരുന്ന ഒരു സഹകരണ സ്ഥാപനമാണിത്. ഹെൻഡസ് ടി. വി. കമ്പനിയുമായി സഹകരിച്ച് പ്രവർത്തിച്ചിരുന്ന ഈ സംഘത്തിന്റെ അംഗങ്ങൾ കമ്പനി ഉടമകളും അവരുടെ ബന്ധുക്കളും മറ്റും അടങ്ങിയതായിരുന്നു. ഹെൻഡസ് ടി. വി. കമ്പനിയുടെ അടച്ചു പൂട്ടൽ ഈ സ്ഥാപനത്തെ സ്തംഭിപ്പിച്ചു. ഇന്ന് ഇത് പ്രവർത്തന രഹിതമായി കിടക്കുകയാണ്.

## സാദ്ധ്യതകൾ.

## 1. ഹൗസിംഗ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി.

സ്വന്തമായൊരു വീട് എന്നുള്ളത് എല്ലാവരുടെയും ഒരു ആഗ്രഹമാണ്. നിരവധി ഹൗസിംഗ് കോളനികളും വീടുകളും ഉയർന്നു വരുന്ന നമ്മുടെ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘത്തിന് ഏറെ സാദ്ധ്യതകളുണ്ട്. സാധാരണക്കാരായ ജനങ്ങൾക്ക് വീട് വെയ്ക്കുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ, നാഷണൽ ഹൗസിംഗ് ബാങ്ക്, ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ, ഹൗസിംഗ് ഡവലെപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ

നിന്നുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിയും.

## (2) കൺസ്യൂമർ സ്റ്റോർ

കല്ലേപ്പുള്ളി കേന്ദ്രമാക്കി ഒരു സാധാരണ കൺസ്യൂമർ സ്റ്റോറിന് വളരേയേറെ സാദ്ധ്യതകളുണ്ട്. ഹൗസിംഗ് ബോർഡ് കോളനി, എൻ. ജി. ഒ. കോളനി, പി & ടി. എംപ്ലോയീസ് കോളനി, എന്നിവ ഉൾപ്പെടുന്ന ഈ പ്രദേശത്ത് ഒരു കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കാനുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

മരുതറോഡ് കൂട്ടുപാത കേന്ദ്രമാക്കിയും ഒരു കൺസ്യൂമർ സൊസൈറ്റി രൂപീകരിക്കാവുന്നതാണ്. വലുതും ചെറുതുമായ ധാരാളം വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറത്തു വരുന്ന തൊഴിലാളികൾക്കും ചുറ്റുപാടുമുള്ള ഹൗസിംഗ് കോളനിക്കാർക്കും സാധാരണ ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

## (3) ലേബർ കോൺട്രാക്ട് സൊസൈറ്റി

പഞ്ചായത്തിലെ പ്രവൃത്തികൾ മുഴുവൻ ഏറ്റെടുത്തു നടത്താൻ കഴിയുന്ന വിധത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കുക.

## (4) ക്ഷീര സഹകരണ സംഘം

പഞ്ചായത്തിലെ 2 വാർഡുകൾ വീതം ഉൾപ്പെടുന്ന ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കുക. ആവശ്യമായ കാലികളെ വളർത്തുന്നതിനും പാല് സംഭരണത്തിനും സംസ്കരണത്തിനും വിതരണത്തിനും സഹായിക്കുന്ന വിധത്തിലുള്ള സംവിധാനങ്ങൾ പുതുതായി രൂപീകരിക്കുന്ന ക്ഷീര സംഘങ്ങൾക്ക് ഉണ്ടായിരിക്കണം.

## (5) ഓട്ടുപാത്ര നിർമ്മാണ സംഘം

നമ്മുടെ പഞ്ചായത്തിൽ കല്ലേപ്പുള്ളി പ്രദേശത്തുള്ള പരമ്പരാഗത ഓട്ടുപാത്ര നിർമ്മാണ കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു സംഘം രൂപീകരിക്കുക. ആവശ്യമായ ബാങ്കു വായ്പയും ഈ സംരംഭത്തിന് ലഭ്യമാക്കാൻ കഴിയും. ഇവരുടെ ഉല്പന്നങ്ങൾക്ക് കരകൗശല കോർപ്പറേഷനുമായി ബന്ധപ്പെട്ട് വിപണി കണ്ടെത്തി ഇടത്തട്ടുകാരെ ഒഴിവാക്കാം.

## (6) കൈതൊഴിൽ സഹകരണ സംഘങ്ങൾ

അതാതു വാർഡുകളിലെ പ്രത്യേകത അനുസരിച്ച് കളിമൺ പാത്ര നിർമ്മാണം, പനമ്പ്, കുട്ടനെയ്ത്ത്, പുൽപായ നെയ്ത്ത്, മെഴുകുതിരി നിർമ്മാണം, ജാം, അച്ചാർ നിർമ്മാണം തുടങ്ങിയവക്ക് സഹകരണാടിസ്ഥാനത്തിൽ സംഘങ്ങൾ രൂപീകരിച്ച് ഈ തൊഴിലിലേർപ്പെട്ടിരിക്കുന്നവരെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ കഴിയും.

## (7) ഇലക്ട്രോണിക്സ് സഹകരണ സംഘങ്ങൾ

B.P.L. SANYO പോലുള്ള കമ്പനികൾക്കുവേണ്ടി സബ് കോൺട്രാക്ടർമാർ പ്രതിമാസം 300 രൂപ കൂലിക്ക് പെൺകുട്ടികളെക്കൊണ്ട് ഇല്ക്ട്രോണിക്സ് കിറ്റുകൾ അസംബ്ലി ചെയ്യിക്കുന്നുണ്ട്. ഈ രംഗത്തെ ചൂഷണം അവസാനിപ്പിക്കാനും പെൺകുട്ടികൾക്ക് ഉയർന്ന വരുമാനം കിട്ടുന്ന വിധത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

## (8) സർവ്വീസ് സഹകരണ ബാങ്ക്

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടുത്തി ഒരു സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിക്കുക. ഈ പ്രദേശത്തെ നിക്ഷേപ സാദ്ധ്യത മുഴുവനും പ്രയോജനപ്പെടുത്താനും എല്ലാ കർഷകരുടേയും, സാധാരണ ജനങ്ങളുടേയും ചെറുകിട വ്യവസായങ്ങളുടേയും വായ്പാ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന ഒരു പുതിയ സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിക്കണം. നമ്മുടെ കാർഷിക വ്യവസായ രംഗങ്ങളിലെ വിഭവ ദാരിദ്ര്യത്തിന് പരിഹാരം കാണാൻ ഒരളവുവരെ ഇതിനു കഴിയും.

# 5.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം




പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 14.55% പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗമാണ്. ഇതിൽ 3904 പേർ പട്ടികജാതിയിലും 89 പേർ പട്ടികവർഗ്ഗത്തിലും പെടുന്നുവെന്ന് ലഭ്യമായ സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നു. ഇവരിൽ 80% വും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂട്ടമായിട്ടാണ് താമസിക്കുന്നത്.

### പ്രധാന ആവാസകേന്ദ്രങ്ങൾ

| | |
|---|---|
| 1. പടലിക്കാട് | 11. കുഴിയെക്കാട് |
| 2. കുന്നൻകാട് | 12. മന്ത്രിക്കാട് |
| 3. അയ്യപ്പൻകാട് | 13. നിറുകെക്കാട് |
| 4. ഇരുപ്പക്കാട് | 14. ചെമ്മൻകാട് |
| 5. പാഞ്ചീരിക്കാട് | 15. തെക്കേക്കുന്നം |
| 6. തെക്കേക്കാട് | 16. കൊട്ടപ്പള്ളം-കാളിപ്പാറ |
| 7. ചെമ്പേലോട് | 17. ആലംപള്ളം |
| 8. മന്ദംപള്ളം | 18. കണ്ടാത്തുപ്പാറ |
| 9. കിടങ്ങുതൊടി. | |

കേരളത്തിൽ ആദ്യമായി വിവിധ ഡിപ്പാർട്ട്മെന്റുകളുടെ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് റോഡ്, വെള്ളം, പാർപ്പിടം, വൈദ്യുതി മറ്റു ജീവിതോപാധികൾ നൽകി മാതൃകാ അംബേദ്കർ ഗ്രാമം നിലവിൽ വന്നത് നമ്മുടെ പഞ്ചായത്തിലെ പടലിക്കാടാണ്.

1 - ാം വാർഡിലെ കൊട്ടപ്പള്ളം, കാളിപ്പാറ കോളനി IHDP അംഗീകരിച്ചതാണ്. ഇവയുൾപ്പടെ മൊത്തം 18 കോളനികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. 20% ത്തോളം കുടുംബങ്ങൾ മറ്റു ജനവിഭാഗങ്ങളുടെ ഇടയിൽ താമസിക്കുന്നു.

സുസംഘടിതമായ കർഷകതൊഴിലാളി പ്രസ്ഥാനവും, സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുവാൻ ശ്രമിച്ചിട്ടുണ്ട്.

ഭൂപരിഷ്കരണത്തിൽ കൃഷിഭൂമിയുടെ ഒരു പങ്ക്

ഇവർക്കു കൂടി ലഭിച്ചിരുന്നുവെങ്കിൽ ഇവരുടെ സാമൂഹിക ജീവിതനിലവാരത്തിൽ ഇന്നുള്ളതിനേക്കാൾ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാകുമായിരുന്നു. ജന്മിത്വം മാറുന്നതിനു മുമ്പും പിമ്പും ഇവരാണ് കർഷകതൊഴിലാളികൾ. ജന്മിത്വ ത്തെ പുറത്താക്കികൊണ്ട് ഭൂപരിഷ്കരണം വന്നുവെങ്കിലും മെച്ചപ്പെട്ട കൂലിക്കു വേണ്ടിയും ജോലിസ്ഥിരതക്കു വേണ്ടി യും ഇവർക്കു പിന്നെയും നിരവധി പോരാട്ടങ്ങൾ നടത്തേണ്ടതായി വന്നിട്ടുണ്ട്. പിറന്നു വീണ മണ്ണിൽ തല ചായ്ക്കുവാനുള്ള അവകാശത്തിനു വേണ്ടി മഹാനായ ഏ.കെ.ജി. യുടെ നേതൃത്തിൽ 1970-കളിൽ ഇവർ നടത്തിയ പോരാട്ടം നമ്മുടെ നാടിന്റെ സാമൂഹിക ജീവിതവുമായി ഇട ചേർന്നുകിടക്കുന്നു. അന്നു നടന്ന മിച്ചഭൂമി സമര ത്തിൽ പങ്കെടുത്തതിന് സ്ത്രീകളുൾപ്പെടെ 13 പേർ വിയ്യൂർ സെൻട്രൽ ജയിലിൽ കിടക്കേണ്ടിവന്നു. ഈ സമരങ്ങളുടെ യെല്ലാം ഫലമായി അവരുടെ വാസസ്ഥലത്ത് കുടിയിരുപ്പ് കുടികിടപ്പ് അവകാശവും ഒരളവുവരെ മിച്ചഭൂമിയും ഇവർക്കു കിട്ടിയിട്ടുണ്ട്.

നിരവധി ആനുകൂല്യങ്ങൾ വിവിധ സർക്കാർ പദ്ധതികൾ വഴി നടപ്പിലാക്കുന്നുണ്ടെങ്കിലും ഇതിന്റെ ഗുണ ഫലങ്ങൾ 50% പോലും ഇവരുടെ ജീവിതത്തിൽ പ്രതിഫലിച്ചി ട്ടില്ല. പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിലെ യാന്ത്രികതയും ശരിയായ വിലയിരുത്തലുകൾ പദ്ധതിയെക്കുറിച്ച് നടത്താത്തതും സമയാസമയങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിൽ വന്ന അലംഭാവവും പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇവർക്കുള്ള ആനുകൂല്യങ്ങളെ കുറിച്ച് ഗ്രാമസഭകൾ വഴിയും ഇവരുടെ കോളനികൾ വഴിയും വിവരം നൽകാൻ സംവിധാനം ഉണ്ടാകണം.

## വിദ്യാഭ്യാസം

പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലായി പഠിക്കുന്ന 609 കുട്ടികൾ ഈ വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ 20 കുട്ടികൾ ഇംഗ്ലീഷ് മീഡിയത്തിലാണ്. വ്യവസായ മേഖലയിലേയും നഗരത്തിലേയും ഉദ്യോഗസ്ഥരുടെ കുടുംബ ങ്ങളിൽ നിന്നും വരുന്നവരാണ് ഈ കുട്ടികൾ.

പഞ്ചായത്തിൽ സർക്കാർ - എയിഡഡ് മേഖലയിൽ ഹൈസ്ക്കൂളുകൾ ഇല്ലാത്തതുകൊണ്ട് 8 കി.മീറ്ററുകളോളം സഞ്ചരിച്ച് എലപ്പുള്ളി, കഞ്ചിക്കോട്, പാലക്കാട്, മലമ്പുഴ എന്നിവിടങ്ങളിലെ സ്ക്കൂളുകളിലായാണ് 300 ഓളം കുട്ടികൾ പഠിക്കുന്നത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പോലും പൂർത്തീ കരിക്കാതെ പഠനം നിർത്താൻ ഇവരെ പ്രേരിപ്പിക്കുന്നതിൽ ഒരുകാരണം യാത്രാചിലവും ദൂരക്കൂടുതലുമാണ്. സർക്കാർ നൽകുന്ന ലംപസം ഗ്രാന്റ് വേണ്ട സമയത്ത് ലഭിക്കുന്നില്ല. എപ്പോഴെങ്കിലും കിട്ടുന്ന തുകയാകട്ടെ പഠനോപകരണങ്ങ ൾക്കുപോലും തികയാറില്ല.

കുടുംബത്തിലെ ഇളയകുട്ടികളെ നോക്കേണ്ട ചുമതല യും, പലപ്പോഴും കുടുംബത്തിന്റെ പ്രാരാബ്ധവും ഇവരുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു, ഇങ്ങിനെ പലകാരണങ്ങൾകൊണ്ടും പഠനം നിറുത്തി കൗമാരം വിട്ടു മാറുന്നതിന് മുമ്പുതന്നെ തൊഴിൽ രംഗത്തേക്ക് പോകേണ്ടി വരുന്ന ഇവരുടെ പഠനകാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകാൻ ക്ലാസ്മുറികളേയും, സ്ക്കൂളുകളേയും കോളനി കളേയും കേന്ദ്രീകരിച്ച് ഒരു പുതിയ സംവിധാനത്തിന് പഞ്ചായത്തുതലത്തിൽ രൂപം കൊടുക്കേണ്ടതുണ്ട്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ ആവേശപൂർവ്വം പങ്കെടുത്ത ഈ ജനവിഭാഗങ്ങളിൽ തുടർ സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല.

## തൊഴിൽ

പഞ്ചായത്തിലെ കാർഷികമേഖലയിലാണ് ഇവർ മുഖ്യമായും പണിയെടുക്കുന്നത്. ഇവരിൽ 63%വും, സ്ത്രീ കളാണ്. കാർഷിക മേഖലയിലെ മുരടിപ്പ്കാരണം കെട്ടിട നിർമ്മാണ മേഖലയിലേക്ക് വലിയ ഒരു ഒഴുക്ക് ഉണ്ടായി ട്ടുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്നവരിൽ 50% ത്തോളം ഈ വിഭാഗത്തിൽ നിന്നാണ് പോയിട്ടുള്ളത്. ഇവരുടെ ജീവിതത്തൽ ഗുണപരമായ ചില മാറ്റങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ട്.

കാർഷിക മേഖലയിൽ സ്ത്രീക്ക് 30 രൂപയും പുരുഷന് 70 രൂപയും കൂലികിട്ടുമ്പോൾ കെട്ടിട നിർമ്മാണ മേഖലയിൽ ഇതിന്റെ ഇരട്ടി കൂലിയും ഏറെക്കുറെ ജോലി സ്ഥിരതയും ഉണ്ട്. കാർഷിക മേഖലയിലാകട്ടെ തൊഴിൽ ദിനങ്ങൾ ഏകദേശം 60 ദിവസത്തോളംമാത്രമാണ് ലഭിക്കുന്നത്.

നമ്മടെ തെക്കൻ പ്രദേശങ്ങളിൽ വിശാലമായി കിടന്നിരുന്ന പാടശേഖരങ്ങൾ ദ്രുതഗതിയിൽ നികത്തിക്കൊ ണ്ടിരിക്കുന്നതുമൂലം ഇവരുടെ തൊഴിൽ ദിനങ്ങൾ വീണ്ടും കുറയുകയാണ്. വമ്പൻ സാദ്ധ്യതയുള്ള പച്ചക്കറിയും മറ്റു ഇടവിളകളും സ്വീകരിച്ചുകൊണ്ടു മാത്രമേ കാർഷിക

രംഗത്ത് തൊഴിലും വരുമാനവും നിലനിർത്താൻ കഴിയൂ.

കാലിവളർത്തൽ ഉപജീവനമാക്കിയ 20% പേരുണ്ട്. ഈ രംഗത്ത് സഹകരണാടിസ്ഥാനത്തിൽ ക്ഷീരോല്പാദന സംഭരണ സംസ്കരണ വിതരണ സംവിധാനത്തിന് രൂപം നൽകിയാൽ ധാരാളം തൊഴിൽ സാദ്ധ്യത സൃഷ്ടിക്കാനും പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമുള്ള പാലിന്റെ ലഭ്യത വർദ്ധിപ്പിക്കാനും കഴിയും. ഇവരുടെ മറ്റൊരു തൊഴിൽ രംഗം പരമ്പരാഗത മേഖലയാണ്. കുട്ട, പരമ്പ്നെയ്ത്ത്, അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം മൂലം തകർച്ചയിലാണ്. ഫോറസ്റ്റ് അധികൃതരുടെ ഭീഷണി കെട്ടിട നിർമ്മാണത്തിന് മുളയുടെ ആവശ്യം വർദ്ധിച്ചത്, വിലകൂടുതൽ ഒക്കെ കാരണം ഈ രംഗത്ത് പണിയെടുത്തിരുന്ന 20 കുടുംബങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഇവരിൽ കുറച്ചുപേർ ഈ തൊഴിൽ സൗകര്യം തേടി മറ്റു ജില്ല കളിലേക്ക് പോയിട്ടുണ്ട്.

ചെരുപ്പ് നിർമ്മാണ സഹകരണ സംഘം യൂണിറ്റ് ഇവരുടെ നേതൃത്വത്തിൽ കല്ലേപ്പുള്ളിയിൽ പ്രവർത്തിക്കുന്നുണ്ട്. വേണ്ടത്ര പരിഗണനയും സഹായവും ലഭിക്കാത്തതുമൂലം ഇപ്പോളിതിന്റെ പ്രവർത്തനം മന്ദഗതിയിലാണ് നീങ്ങുന്നത്.

## പാർപ്പിടം

1996 മാർച്ച് 31 വരെ കൈവശഭൂമിക്ക് രേഖയുള്ള മുഴുവൻ പേർക്കും പഞ്ചായത്തിന്റെ നേതൃത്വത്തിൽ വീട് വെച്ചു കൊടുത്തിട്ടുണ്ട്. JRY., IAY, DMWH. പദ്ധതികൾ പ്രകാരം 89 _ 90 മുതൽ 96 ഒകടോബർ വരെ 180 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. അനുവദിച്ചതിൽ 57 വീടുകൾ ഇനി പൂർത്തിയാക്കാനുണ്ട്. പൂർണ്ണമായി വൈദ്യുതീകരിച്ച വീടുകളും വയറിംഗ് ചെയ്തിട്ടും വൈദ്യുതി ലഭിക്കാത്ത വീടുകളും, കോളനികളുമുണ്ട്. ഭൂരിഭാഗം കോളനികളിലും കുടിവെള്ളം എത്തിയിട്ടുണ്ട്. 500 ഓളം കുടുംബങ്ങൾക്ക് കക്കൂസില്ല്. നാമ്പള്ളം പ്രദേശത്ത് പഞ്ചായത്ത് പണംകെട്ടിവെച്ച് പോസ്റ്റും കമ്പിയും കൊണ്ടുവന്നിട്ടും ചില ഭൂവുടമകളുടെ എതിർപ്പു കാരണം വെദ്യുതീകരണം നടക്കുന്നില്ല.

## ഗ്രാമ സഭകളിൽ വന്ന നിർദ്ദേശം

| വാർഡ് | പ്രശ്നങ്ങളും നിർദ്ദേശങ്ങളും |
|---|---|
| ഒന്ന് | I.H.D.P. അംഗീകരിച്ച കോളനിയിൽ വീടോ കക്കൂസോ വൈദ്യൂതീയോ എത്തിയിട്ടില്ല. |
| രണ്ട് | അയക്കേക്കാട് ഭാഗത്ത് വീട് കുടിവെള്ളം റോഡ് ഇവയുടെ അഭാവമുണ്ട്.<br>അരിമ്പ്രത്തൊടി ഭാഗത്ത് വയറിംഗ് നടത്തിയ 12 ഓളം വീടുകൾക്ക് 3 വർഷമായിട്ടും വൈദ്യതിയെത്തിയിട്ടില്ല.<br>പടലിക്കാട് അംബേദ്കർ ഗ്രാമത്തിൽ അനുവദിച്ച 4 സെന്റ് സ്ഥലത്ത് അംഗൻ വാടി കെട്ടിടം നിർമ്മിക്കണം |
| മൂന്ന് | തെക്കേക്കുന്നം ഭാഗത്ത് 12 കുടുംബങ്ങൾക്ക് വൈദ്യുതിയും വെള്ളവും ലഭിച്ചിട്ടില്ല. കല്ലമ്പറമ്പ് ഭാഗത്തും വൈദ്യുതി ഇല്ല. ചെമ്മങ്കാട് വീടുകളില്ലാത്ത കുടുംബങ്ങളുണ്ട്. |

| വാർഡ് | പ്രശ്നങ്ങളും നിർദ്ദേശങ്ങളും |
|---|---|
| നാല് | മന്ത്രിക്കാട് കോളനിയിൽ 4 കുടുംബങ്ങൾക്ക് വീടുകളില്ല. വൈദ്യുതിയും പൈപ്പ് ലൈനും ലഭ്യമാക്കുക. 15 കുടുംബങ്ങളുള്ള കുഴിയക്കാടിനെ ഒരു കോളനിയായി അംഗീകരിക്കുക. ഒരു ഹെൽത്ത് സെന്റർ അനുവദിക്കുക. മന്ത്രിക്കാട് അംഗൻവാടി കെട്ടുക. ഒരു ടെയ്‌ലറിംഗ് യൂണിറ്റ് സ്ഥാപിക്കാൻ സഹായം നൽകുക |
| അഞ്ച് | കോളനിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും പഞ്ചായത്തുകിണർ ഉപയോഗ്യമാക്കുകയും വേണം. ആലമ്പള്ളം കോളനിയിൽ അംഗൻവാടി വേണം. ഒരു ഗ്രന്ഥശാല സ്ഥാപിക്കണം., പാഞ്ചേരിക്കാടുള്ള ശ്മശാനം അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കണം. |
| ആറ് | വടക്കേത്തറയിൽ 10 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളവും റോഡും എത്തിക്കണം. |
| ഏഴ് | കിടങ്ങുതൊടി പ്രദേശം കോളനിയായി അംഗീകരിക്കണം. |
| എട്ട് | കവറ സമുദായത്തിൽപ്പെട്ടവർക്ക് പരമ്പരാഗത തൊഴിൽ സംരക്ഷിക്കാൻ ഒരു സൊസൈറ്റി രൂപീകരിക്കുക. വീടുകളില്ലാത്തവർക്ക് പാർപ്പിട സൗകര്യം ഏർപ്പെടുത്തണം. |
| ഒൻപത് | പൂളക്കാട് പ്രദേശത്ത് 4 കുടുംബങ്ങൾക്ക് വീടില്ല. സ്ത്രീകളുടെ വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന 20 ഓളം തുന്നൽ, പശുവളർത്തൽ, കോഴി വളർത്തൽ എന്നീ മേഖലകളിൽ സഹായം ആവശ്യമുണ്ട്. മന്തമ്പള്ളം പ്രദേശത്ത് കുടിവെള്ളം റോഡ് സൗകര്യം ഏർപ്പെടുത്തണം. ഈ പ്രദേശത്തെ കോളനിയായി അംഗീകരിക്കുക. |
| പത്ത് | കിഴക്കേ ആനപ്പാറ ഭാഗത്ത് സ്ഥലവാസികളനുവദിച്ച് തന്ന സ്ഥലത്ത് റോഡ് നിർമ്മിക്കാൻ സഹായം വേണം. കൂട നെയ്ത്ത് തൊഴിൽ സംരക്ഷിക്കാൻ സൊസൈറ്റി രൂപീകരിക്കണം. തെക്കോണി ഭാഗത്ത് Health Centreൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക. |
| പതിനൊന്ന് | ആലമ്പള്ളത്ത് 15 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷനുകളും, കക്കൂസും അനുവദിക്കുക., |

## സാദ്ധ്യതകൾ

1. കാർഷിക മേഖലയിലെ വൈവിധ്യവൽക്കരണവും ഉല്പാദനവും ശക്തിപ്പെടുത്തുക.

2. കുട്ട, പരമ്പ്, കളിമൺപാത്ര നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

3. കോളനികളിലെ പെൺകുട്ടികൾക്ക് ടെയ്ലറിംഗ്, റെഡിമെയ്ഡ് ഗാർമെന്റ്സ്, ബുക്ക് ബൈന്റിംഗ് തുടങ്ങിയ തൊഴിലുകൾ പരിശീലിപ്പിക്കുകയും, തൊഴിൽ കേന്ദ്രങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

4. കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

5. അഭ്യസ്ഥവിദ്യർക്ക് ധനസഹായം ഏകോപിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം നടത്തുകയും, മേൽനോട്ടം വഹിക്കുകയും ചെയ്യുക.

6. സാങ്കേതിക പരിശീലനവും അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ തുടങ്ങാൻ വായ്പാ സൗകര്യവും ഏർപ്പെടുത്തുക. യഥാസമയങ്ങളിൽ ഇതിന്റെ പ്രവർത്തനം വിലയിരുത്തുക.

7. പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുക

8. കല്ലേപ്പുള്ളി ചെരുപ്പു നിർമ്മാണ സംഘം വിപുലീകരിക്കുകയും പച്ചക്കറി കൃഷി തുടങ്ങാൻ ജലസേചന വകുപ്പിന്റേയും പഞ്ചായത്തിന്റേയും കൈവശമുള്ള ഭൂമി പാട്ട വ്യവസ്ഥയിൽ കൊടുക്കുകയും ചെയ്യുക.

9. പഞ്ചായത്തു വക കുളങ്ങൾ മീൻ വളർത്തലിന് വിട്ടുകൊടുക്കുകയും പച്ചക്കറി കൃഷിതുടങ്ങാൻ ജലസേചന വകുപ്പിന്റെയും പഞ്ചായത്തിന്റെയും കൈവശമുള്ള ഭൂമി പാട്ട വ്യവസ്ഥയിൽ കൊടുക്കുകയും ചെയ്യുക.

10. കൈവശ ഭൂമിക്ക് പട്ടയം കൊടുക്കുകയും പാർപ്പിട പ്രശ്നം സമയ ബന്ധിതമായി പരിഹരിക്കുകയും ചെയ്യുക.

11. 500 കക്കൂസുകൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുക.

12. എല്ലാ പദ്ധതികളുടേയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്തിന് അധികാരം കൊടുക്കുകയും മേൽനോട്ടത്തിന് സംവിധാനമുണ്ടാക്കുകയും ചെയ്യുക.

13. വീടിന്റെ അറ്റകുറ്റപണികൾക്ക് പലിശരഹിത വായ്പകൾ നൽകുക.

14. പട്ടിക ജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന ഭവന രഹിത പുനരധിവാസ പദ്ധതി കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക.

15. കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് പിരശീലനം നൽകുകയും സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

16. കോളനികളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും തുടർ സാക്ഷരതാ പരിപാടി ആരംഭിക്കുകയും ചെയ്യുക.

17. കോളനികളിൽ ആരോഗ്യ പരിശോധനക്ക് പരിപാടികൾ ആവിഷ്ക്കരിക്കുക

18. ഇടയ്ക്കുവെച്ച പഠനം നിർത്തേണ്ടിവരുന്ന കുട്ടികളെ ഗ്രാമസഭകളുടെ സഹായത്തോടെ കണ്ടെത്തി പഠനം തുടരുന്നതിനാവശ്യമായ പദ്ധതി ആവിഷ്ക്കരിക്കണം. ക്ലാസ് റൂം, സ്ക്കൂൾ,കോളനികളടിസ്ഥാനമാക്കി വിദ്യാഭ്യാസ സഹായ സംരക്ഷണ സമിതി രൂപീകരിക്കുക.

19. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ഏർപ്പെടുത്തുക.

20. വിവിധ ആനുകൂല്യങ്ങളേയും, പദ്ധതികളേയും കുറിച്ച് അറിവ് ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ ഒരു Information Centre ആരംഭിക്കുക.

5.12

# വിഭവ സമാഹരണം



കാർഷിക മേഖലയിൽ നിന്നും പടിപടിയായി വ്യവസായവൽക്കരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു പ്രവണത 80 കൾ മുതൽ ദൃശ്യമായിട്ടുണ്ട്. കഞ്ചിക്കോട് വ്യവസായ മേഖലയുടെ വളർച്ചയും പാലക്കാട് നഗരത്തോടുള്ള സാമീപ്യവും പാർപ്പിട മേഖലയിലും ചെറുകിട വ്യവസായ സംരംഭങ്ങളിലും നമ്മുടെ പ്രദേശത്തിന്റെ മൊത്ത വരുമാനത്തിലും സാമൂഹ്യ ജീവിതത്തിലും പ്രതിഫലിച്ചു തുടങ്ങിയിട്ടുണ്ട്.

## കാർഷിക രംഗം

കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം ഇടിയുന്ന തരത്തിൽ ഈ രംഗത്ത് മുരടിപ്പും തളർച്ചയുമുണ്ട്. നിലവിലുണ്ടായിരുന്ന പാടശേഖരത്തിന്റെ ഏകദേശം 25% ത്തോളം തരിശിടുകയും നികത്തപ്പെടുകയും ഹൗസിംഗ് കോളനികൾ രൂപം കൊള്ളുകയും ചെയ്തത് പഞ്ചായത്തിലെ കാർഷികോല്പാദനത്തിലും ചെലവിനത്തിലും വലിയ ബാധ്യതയായിത്തീർന്നിട്ടുണ്ട്.

തുടക്കത്തിൽ പുതിയ കോളനിക്കാർ തലങ്ങും വിലങ്ങുമുണ്ടാക്കുന്ന മൺറോഡുകൾ പഞ്ചായത്തിനെ ഏൽപ്പിച്ചുകൊണ്ട് എല്ലാ സൗകര്യങ്ങളോടുംകൂടി വികസിപ്പിക്കാൻ ചെലുത്തി വരുന്ന സമ്മർദ്ദം അവികസിതമായ ഉൾപ്രദേശങ്ങളുടെ വികസനപ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ പഞ്ചായത്തിൽ ഒരു പ്രശ്നമായി മാറിയിട്ടുണ്ട്. റോഡു വികസനത്തിനും മറ്റും ചെലവാകുന്ന തുകയുടെ മൂന്നിലൊന്നുമുതൽ 50% വരെ വഹിക്കാൻ കോളനിവാസികൾ ഒരുപരിധി വരെ സഹായിക്കുന്നത് കാണാതിരുന്നുകൂടാ. അതേസമയം പല ഉൾപ്രദേശങ്ങളിലും സാമ്പത്തികമായും മനുഷ്യാദ്ധ്വാനം വഴിയോ യാതൊരു സംഭാവനയും ലഭിക്കുന്നില്ല എന്നതും വസ്തുതയാണ്.

കാർഷികമേഖലയിലെ വരുമാനത്തിന് ഭീഷിണി ഉയർത്തുന്ന മറ്റൊരു ഘടകം കുടുംബസ്വത്ത് വീതം വെയ്ക്കുന്നതുമായി ബന്ധപ്പെട്ട് കൃഷി യോഗ്യമായ ഭൂമി തുണ്ടു തുണ്ടുകളായി വിഭജിക്കേണ്ടിവരുന്നതും ഈ ചെറിയ തുണ്ടു ഭൂമിയിൽ ഒരുതൊഴിലോ മുഖ്യ വരുമാനമോ എന്ന നിലക്ക് കൃഷി ചെയ്യാനുള്ള താല്പര്യം കുറയാൻ ഇടയാകുന്നതുമാണ്. ക്രമേണ നമ്മുടെ ഭക്ഷ്യാവശ്യം നിറവേറ്റേണ്ട അമൂല്യമായ കൃഷി ഭൂമി ഒരു വിഭവമല്ലാതായി മാറുന്നു.

വ്യാവസായിക രംഗം

വിദേശ കമ്പോളത്തെ ലക്ഷ്യമാക്കി ഇലക്ട്രോണിക്സ് ഗാർഹികോപകരണങ്ങൾ നിർമ്മിക്കുന്ന ബി. പി. എൽ. കമ്പനിയും 120 ഓളം ചെറുകിട വ്യവസായ യൂണിറ്റുകളും നമ്മുടെ പ്രദേശത്ത് പ്രവർത്തിച്ചു വരുന്നു. ഇതകുടാതെ ഇത്രത്തോളം ചെറുതും വലുതുമായ വ്യാപാര സ്ഥാപനങ്ങളും നമ്മുടെ പ്രദേശത്തുണ്ട്. എന്നാൽ ഇവയിൽ നിന്നും ഒരു പൊതു മാനദണ്ഡം അനുസരിച്ച് ശരിയായ അളവിൽ ലൈസൻസ് ഫീസ് ഈടാക്കുവാനും ഇവരെ മുഴുവൻ നികുതി കൊടുക്കുന്നവരാക്കാനോ കഴിഞ്ഞിട്ടില്ല. ഏതെങ്കിലും ആവശ്യത്തിന് പഞ്ചായത്തിനെ സമീപിക്കുമ്പോൾ മാത്രം ഒരു ഊഹാപോഹത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്ന രീതി മാറ്റി സ്ഥാപനത്തിന്റെ മുടക്കുമുതലിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ട് നികുതി നിരക്ക് നിർണ്ണയിച്ചാൽ ഇന്ന് ഈടാക്കുന്ന നികുതിയുടെ ആറിരട്ടി ഈടാക്കാൻ കഴിയും. ഇത് പ്രദേശത്തിന്റെ വികസനാവശ്യങ്ങൾ നിറവേറ്റാൻ ഒരു പ്രധാന വിഭവ സ്രോതസ്സാകും. ഈ പ്രക്രിയയിൽ ഗ്രാമ സഭകൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും.

## 15 വർഷത്തെ നികുതി വരുമാനത്തിലെ വർദ്ധനവ്




1. ലൈസൻസ് ഫീസ്
2. വിനോദനികുതി
3. തൊഴിൽ നികുതി
4. കെട്ടിട നികുതി

കഴിഞ്ഞ 5 വർഷത്തിനുള്ളിലാണ് ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായത്. മൊത്തം വരുമാനത്തിൽ 445% വർദ്ധനവ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉണ്ടായിട്ടും 274% മാത്രമാണ് ലൈസൻസ് ഫീസ് ഇനത്തിലെ വർദ്ധനവ്.

## കെട്ടിട നികുതി.

91ന് ശേഷം കെട്ടിട നിർമ്മാണ രംഗത്ത് വലിയ പുരോഗതി ഉണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. 6738 ആയി കെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചെങ്കിലും ഇവക്ക് നികുതി നിരക്ക് നിശ്ചയിച്ചതിന് ഒരു ഏകീകൃത മാനദണ്ഡത്തിന്റെ അഭാവം നിലനിൽക്കുന്നുണ്ട്. ഈ ഇനത്തിൽ 745% ന്റെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം അതിലെ ആഢംബരവും വിലക്കുടുതലുള്ളതുമായ വസ്തുക്കളുടെ ഉപയോഗവും നികുതി നിർണ്ണയത്തിന് മാനദണ്ഡമാക്കിയിട്ടില്ല. ഓലപ്പുര ഒഴിച്ചുള്ള എല്ലാ കെട്ടിടങ്ങൾക്കും യുക്തിസഹമായ രീതിയിൽ നികുതി ഏർപ്പെടുത്തിയാൽ ഏറ്റവും കുറഞ്ഞത്; 2 ലക്ഷം രൂപയുടേയെങ്കിലും അധിക വരുമാനം ഉണ്ടാകും. പഞ്ചായത്തിന്റെ വരുമാനത്തിന് ഇടിവു തട്ടിക്കുന്ന അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കാൻ ഭരണ സമിതിയുടേയും ജീവനക്കാരുടേയും സവിശേഷ ശ്രദ്ധയും അതാതു പ്രദേശത്തെ ഗ്രാമസഭകളുടെ ജാഗ്രതയും ഉണ്ടായിരിക്കണം.

## തൊഴിൽ നികുതി

91-92 ന് ശേഷം തൊഴിൽ നികുതി 38755 രൂപയിൽ നിന്നും 1,41,340 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ ഇന്ന് തുടർന്നു വരുന്ന സമ്പ്രദായം തികച്ചും അശാസ്ത്രീയമായി കാണപ്പെടുന്നു. കാരണം പൊതു സ്ഥാപനങ്ങളൊഴിച്ചാൽ മറ്റുള്ള വലിയൊരു വിഭാഗം വരുന്ന സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കാൻ ഉപയോഗിച്ചു വരുന്ന മാനദണ്ഡം സ്ഥാപന ഉടമകൾ നൽകുന്ന ജീവനക്കാരുടെ എണ്ണത്തിന്റെയും ശമ്പളത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ കണക്കുകൾക്ക് യാഥാർത്ഥ്യവുമായി വലിയ വ്യത്യാസം കാണുന്നു. ഈ രംഗത്ത് നേരിട്ടുള്ള പരിശോധന നടത്തി നികുതി നിർണ്ണയിച്ച് ഈ വരുമാന ചോർച്ച നികത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി തൊഴിലാളികളെ മുഴുവൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിലേക്ക് കൊണ്ടുവരേണ്ടതുണ്ട്.

120 അധികം ചെറുകിട വ്യവസായങ്ങളിലും അത്രതന്നെ വ്യാപാര സ്ഥാപനങ്ങളിലുമായി ജോലി ചെയ്യുന്നവരുടെ വരുമാനത്തിന്റെ തോതനുസരിച്ച് അവരെക്കൂടി നികുതി ദായകരുടെ പട്ടികയിലേക്ക് കൊണ്ടുവരണം.

## 1995 _ 96 ലെ കണക്കു പ്രകാരം കെട്ടിടങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെ സ്വഭാവം | | | |
|---|---|---|---|---|---|---|
| | | | ഒരുനിലയുള്ള കെട്ടിടങ്ങൾ | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 474 | 21 | 38 | 303 | 40 | 72 |
| II | 497 | 49 | 86 | 202 | 301 | 69 |
| III | 452 | 30 | 97 | 226 | 43 | 56 |
| IV | 734 | 51 | 167 | 378 | 57 | 81 |
| V | 1050 | 69 | 435 | 310 | 140 | 96 |
| VI | 533 | 37 | 122 | 234 | 61 | 79 |
| VII | 1530 | 163 | 994 | 215 | 30 | 128 |
| VIII | 721 | 76 | 261 | 150 | 141 | 93 |
| IX | 433 | 31 | 132 | 149 | 63 | 58 |
| X | 374 | 54 | 72 | 171 | 40 | 37 |
| ആകെ | 6798 | 581 | 2404 | 2338 | 706 | 769 |

| വർഷം | 1991 _ 92 | 1992 _ 93 | 1993 _ 94 | 1994 _ 95 | 1995 _ 96 |
|---|---|---|---|---|---|
| കെട്ടിടങ്ങളുടെ എണ്ണം | 5701 | 5973 | 6241 | 6527 | 6738 |

പട്ടിക 2

**മൊത്തം വരുമാനവും ചിലവും തമ്മിലുള്ള വ്യതിയാനത്തെ സൂചിപ്പിക്കുന്ന വിവരം**

| ഇനം | 85 _ 86 | 95 _ 96 | വ്യതിയാനം |
|---|---|---|---|
| കെട്ടിട നികുതി | 1,44,726 _ | 10,78,958 | + 9,34,232 |
| തൊഴിൽ നികുതി | 38,758 _ | 1,91,197 | + 1,52,439 |
| വിനോദനികുതി+ അധികവിനോദ നികുതി | 50,460 _ | 1,41340 | + 90,880 |
| ലൈസൻസ് ഫീ | 6,237 _ | 17,132 | + 10895 |
| ഗ്രാന്റുകൾ | 94328 _ | 3,36,977 | + 2,42,649 |
| മൊത്തം വരുമാനം | 5,77009 . 95 | 25,69,780 | + 19,92,771 |
| മൊത്തം ചിലവ് | 5,55,942 2.5 | 24,25,181 | + 18,69,239 |
| എസ്റ്റാബ്ലിഷ്മെന്റ് ചിലവ് | 1,36,183 _ | 6,69,368 | + 5,33,185 |

## മറ്റു ധനാഗമന മാർഗ്ഗങ്ങൾ

കല്ലേപ്പുള്ളി ജയ, ബി.പി.എൽ. ജംഗഷനിലെ ജീവാസ് എന്നീ രണ്ട് സിനിമാ ശാലകളാണ് പഞ്ചായത്തിലുള്ളത്. ഇവയിൽ നിന്ന് വിനോദനികുതി ഈടാക്കുന്ന കാര്യത്തിൽ ശാസ്ത്രീയമായ മാനദണ്ഡം കൊണ്ടുവരണം.

174 ഹെക്ടറിൽ കൂടുതൽ വരുന്ന പുറംപോക്ക് ഭൂമി വിവിധ വകുപ്പുകളുടെ കൈവശം യാതൊരു വരുമാനവുമില്ലാതെ കിടക്കുകയാണ്. ഇതിൽ കുളങ്ങളും കൃഷിയോഗ്യമായ ഭൂമിയും ഉൾപ്പെടുന്നുണ്ട്. കൃഷിക്കും മത്സ്യ ബന്ധനത്തിനും പാട്ട വ്യവസ്ഥയിൽ പൂർണ്ണമായി പ്രയോജനപ്പെടുത്തിയാൽ ജനങ്ങളുടേയും പഞ്ചായത്തിന്റെയും വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. ഇതിന് ആദ്യം ചെയ്യേണ്ടത് പുറംപോക്ക് സ്ഥലങ്ങൾ കൃത്യമായി അളന്നു തിട്ടപ്പെടുത്താനും അതിരുകൾ സംരക്ഷിക്കാനും പഞ്ചായത്തിനെ അധികാരപ്പെടുത്തണം. ഇത് വിജയകരമായി നടത്തുവാൻ അതാത് പ്രദേശത്തെ ഗ്രാമങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

കഴിഞ്ഞ വർഷം 1,52,000 രൂപക്കാണ് മണൽ ലേലത്തിൽ പോയത്. ഈ രംഗത്ത് കഴിയുന്നതും ഇടത്തട്ടുകാരെ ഒഴിവാക്കി മണൽ തൊഴിലാളികളുടെ സംഘം രൂപീകരിക്കുകയും എടുക്കുന്ന മണൽ അളന്നു തിട്ടപ്പെടു

ത്തുകയും വേണം. യാതൊരു നിയന്ത്രണവുമില്ലാതെ മണൽ വാരുന്നതുമൂലമുണ്ടാകുന്ന പരിതസ്ഥിതി പ്രശ്നം പരിശോധിക്കപ്പെടേണ്ടതാണ്. ഇതിലും ഗ്രാമസഭകളുടെ സജീവമായ ശ്രദ്ധ പതിയണം.

## ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ യൂണിയൻ ബാങ്കിന്റെ ശാഖ ചന്ദ്രനഗറിലും നെടുങ്ങാടി ബാങ്കിന്റെ 2 ശാഖകൾ ചന്ദ്രനഗറിലും കൊട്ടേക്കാടും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ബാങ്കുകളുടെ നിക്ഷേപത്തിന്റെ തോതനുസരിച്ച് വായ്പകൾ വിതരണം ചെയ്യപ്പെടുന്നില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക

**ബാങ്ക് നിക്ഷേപവും വായ്പയും**

| നമ്പർ | ബാങ്കിന്റെ പേര് | നിക്ഷേപം രൂപ | വായ്പ രൂപ |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് | 946 ലക്ഷം (NRI 100ലക്ഷം) | 32 ലക്ഷം |
| 2 | നെടുങ്ങാടി ചന്ദ്രനഗർ ശാഖ | 345 ലക്ഷം | 160 ലക്ഷം |
| 3 | നെടുങ്ങാടി കൊട്ടേക്കാട് ശാഖ | ലഭ്യമല്ല | ലഭ്യമല്ല |
| | ആകെ | | |

പട്ടിക **പഞ്ചായത്തിന്റെ മൊത്തം വരവ് ചെലവ് സംബന്ധിച്ച വിവരം**

| വർഷം | വരവ് (ആകെ) | ചെലവ് (ആകെ) |
|---|---|---|
| 81 _ 82 | 2,60,807 | 3,20,366 |
| 84 _ 85 | 4,28,355 | 4,18,399 |
| 89 _ 90 | 10,59,915 | 12,23,156 |
| 93 _ 94 | 22,14,420 | 27,25,478 |
| 95 _ 96 | 25,69,780 | 24,25,181 |

എന്നുമാത്രമല്ല ഇവിടെ നിക്ഷേപിക്കപ്പെടുന്ന തുകയുടെ മൃഗീയ പങ്കും നമ്മുടെ പ്രദേശത്തെ അവഗണിച്ചുകൊണ്ട് പുറത്തേക്ക് കടത്തിക്കൊണ്ടുപോകുന്ന ക്രൂരമായ പ്രവണത തടയപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിലെ പുതിയ ഹൗസിംഗ് കോളനി നിവാസികളിൽ വലിയൊരു പങ്ക് ടൗണുമായിട്ടുള്ള അടുപ്പം കാരണം അവിടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലാണ് പണം നിക്ഷേപിക്കുന്നത്.

പാലക്കാട് സർവ്വീസ് സഹകരണബാങ്കിന്റെ ഒരു ശാഖ നമ്മുടെ പഞ്ചായത്തിലെ കല്ലേപ്പുള്ളിയിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ബാങ്കിന്റെ 9 കോടി രൂപ നിക്ഷേപത്തിൽ 1.97 കോടി രൂപ വായ്പയായി നമ്മുടെ പ്രദേശത്ത് വിതരണം ചെയ്തിട്ടുണ്ട്. പക്ഷേ, മുഴുവൻ നിക്ഷേപ സാദ്ധ്യതയുടെ 25% പോലും ആകർഷിക്കാൻ ഈ ബാങ്കിന് കഴിഞ്ഞിട്ടില്ല.

## ചെലവ്

പഞ്ചായത്തിലെ കഴിഞ്ഞ 10 വർഷത്തിലെ ചിലവിനങ്ങൾ പരിശോധിച്ചാൽ ഏറ്റവും കുടുതൽ വർദ്ധനവുണ്ടായത് എസ്റ്റാബ്ലിഷ്മെന്റിനും പൊതുമരാമത്തിനും വേണ്ടിയാണ്. എസ്റ്റാബ്ലിഷ്മെന്റ് ചിലവ് 1,36,183 രൂപയിൽ നിന്ന് 6,69,368 യായും പൊതുമരാമത്ത് ചെലവ് 1,94,832 രൂപയിൽ നിന്ന് 6,32,097 രൂപയായും വർദ്ധിച്ചു. എന്നാൽ ജലവിതരണം / ഡ്രൈനേജ് ഇനത്തിലുണ്ടായ ചിലവ് 9,960 രൂപയിൽ നിന്നും 31,718 രൂപയാണ്. തെരുവ് വിളക്കിനുള്ള ചിലവ് 46,148 രൂപയിൽനിന്ന് 1,04,922 രൂപയായും വർദ്ധിച്ചിട്ടുണ്ട്.

## നിർദ്ദശങ്ങൾ

### 1. ദേശീയ സമ്പാദ്യ പദ്ധതി

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുടുംബങ്ങളേയും ഗ്രാമസഭകളേയും പഞ്ചായത്ത് ഗ്രാമസഭകളും പഞ്ചായത്തു ഭരണസമിതിയും കൂട്ടായ പരിശ്രമത്തിലൂടെ ഈ പദ്ധതിയിൽ കൊണ്ടു വന്നാൽ അങ്ങിനെ സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ 25% വരെ പഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനത്തിന് ചിലവഴിക്കാൻ ലഭിക്കും. ഇത് പഞ്ചായത്തിനെ വലിയ വിഭവ സ്രോതസ്സായി മാറും.

### 2. നികുതികൾ

വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി വസൂലാക്കാൻ ഭരണ സമിതി വാർഡ്വികസന സമിതിയും പരിപാടികൾ ആവിഷ്ക്കരിക്കണം. ചുമരുള്ള എല്ലാ കെട്ടിടങ്ങൾക്കും യുക്തിസഹമായ നികുതി നിരക്കുകൾ ഏർപ്പെടുത്തണം. വരവുചിലവു കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ഉള്ള സംവിധാനം പഞ്ചായത്താപ്പീസിൽ ഉണ്ടാവണം.

ലൈസൻസ് ഫീസ് കാലാനുസൃതമായി പരിഷ്കരിക്കുകയും കൃത്യമായി പിരിച്ചെടുക്കുകയും വേണം.

കെട്ടിടം വാടകക്ക് നൽകി വരുമാനമുണ്ടാക്കുന്നവരിൽ നിന്നും വരുമാനത്തിന് ആനുപാതികമായി കെട്ടിട നികുതി ഈടാക്കണം.

"Pet Animals` ന് ലൈസൻസ് ഫീസ് കാലാനുസൃതമായി പരിഷ്ക്കരിക്കുകയും കർശനമായി പിരിച്ചെടുക്കുകയും ചെയ്യുക.

### പാട്ടവരുമാനം.

പുറംപോക്ക് ഭൂമികൾ അളന്നു തിട്ടപ്പെടുത്താൻ നടപടി സ്വീകരിക്കുകയും അതിരിട്ട് സൂക്ഷിച്ച് കൃഷിക്കും മത്സ്യം വളർത്തുന്നതിനും ഗാർഡൻനഴ്സറി തുടങ്ങിയവക്കും പാട്ട വ്യവസ്ഥയിൽ നൽകുക.

### ഷോപ്പിംഗ് കോംപ്ലക്സ് - കല്ല്യാണമണ്ഡപം

നാഷണൽ ഹൈവേക്ക് സമീപം മരുതറോഡ് ഭാഗത്ത് ഒരു കല്ല്യാണമണ്ഡപവും കല്ലേപ്പുള്ളി ഭാഗത്ത് ഒരു ഷോപ്പിംഗ് കോംപ്ലെക്സും, കൊട്ടേക്കാട് ഭാഗാത്ത് സാമാന്യം വലിയ കമ്മ്യൂണിറ്റിഹാളും നിർമ്മിച്ച് ഈ രംഗത്ത് ഇന്നുള്ള ആവശ്യങ്ങൾ നിറവേറ്റുകയും പഞ്ചായത്തിന് വരുമാനം

വർദ്ധിപ്പിക്കുകയും ചെയ്യുക.

## മാർക്കറ്റിംഗ്

നമ്മുടെ പ്രദേശത്തെ മുഖ്യ കാർഷികോല്പന്നമായ നെല്ല്, സംഭരണ - സംസ്കരണ വിതരണ മാർക്കറ്റിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രൂപം കൊടുക്കുക.

## മുനുഷ്യാദ്ധ്വാനം

പഞ്ചായത്തിലെ നിരവധി വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യാൻ തയ്യാറാണെന്ന് ഗ്രാമ സഭകളൽ നിന്നുംനിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. നമ്മുടെ വികസന പ്രക്രിയയിൽ റോഡുണ്ടാക്കുന്നതിന്, സംരക്ഷിക്കുന്നതിന്, തോടുകൾ ജലസേചന യോഗ്യമാക്കുന്നതിന്, കുളങ്ങൾ പുനരുദ്ധരിക്കുന്നതിന്, പരിസര മലിനീകരണം തടയുന്നതിന്, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്, പഞ്ചായത്തിന് വികസനത്തിനാവശ്യമായ വിവര ശേഖരണത്തിന് തുടങ്ങി നിരവധി മേഖലകളിൽ ഈ മനുഷ്യ വിഭവം പ്രയോജനപ്പെടുത്താൻ പിരാപാടികൾ ആവിഷ്ക്കരിക്കണം. ഇതിന് എല്ലാ ബഹുജന സംഘടനകളേയും സാമൂഹ്യ സാംസ്കാരിക സംഘടനകളേയും പങ്കാളികളാക്കണം.

## നിയമ ഭേദഗതി

വിവിധ നികുതികൾ പരിഷ്ക്കരിക്കുന്നതിനും ധന കാര്യ സ്ഥാപനങ്ങളിൽ നിന്നും വിഭവങ്ങൾ ലഭ്യമാക്കുന്നതിനും പുറം പോക്ക് ഭൂമിയിലൂടെ ഉപയോഗത്തിന് അധികാരം ലഭിക്കുന്നതിനാവശ്യമായ നിയമ ഭേദഗതികൾ നിർദ്ദേശിക്കുകയും നടപ്പിൽ വരുത്തുന്നതിന് സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുകയും ചെയ്യുക.




പ്രധാന ചിലവിനങ്ങളും തുകയും

# 6

# ഉപസംഹാരം

നിലവിലുള്ള അശാസ്ത്രീയവും ജനവിരുദ്ധവുമായ വികസന സമീപനത്തിന് വിരാമമിട്ടുകൊണ്ട് ഒരു പുതുയുഗ പിറവിയിലേക്ക് കേരളം പ്രവേശിക്കുകയാണ്. വികസനം എന്നാൽ റോഡും, വെളിച്ചവും. കുടിവെള്ളവുമാണെന്നുള്ള വികലധാരണ കുഴിവെട്ടി മൂടിക്കൊണ്ട് നമ്മുടെ പ്രദേശത്തിന്റെ കാർഷിക വ്യവസായ രംഗങ്ങളിൽ ഒരു മുന്നേറ്റത്തിനുള്ള ആദ്യ ചുവടുവെയ്പാണ് ജനകീയ ആസൂത്രണത്തിലൂടെ നാം നിർവ്വഹിക്കാൻ പോകുന്നത്.

ആവശ്യങ്ങളേറെയും പരിമിതമായ വിഭവങ്ങളും നമ്മുടെ മുന്നിൽ വെല്ലുവിളികളുയർത്തുമ്പോൾ ശരിയായ ആസൂത്രണത്തിലൂടെ നമ്മുടെ ജനതയുടെ പങ്കാളിത്തത്തോടെ വളരെ വേഗത്തിൽ സർവ്വ ഐശ്വര്യത്തോടും കൂടിയ ജീവിത നിലവാരത്തിലേക്ക് നമുക്ക് എത്തിച്ചേരേണ്ടതുണ്ട്.

നമ്മുടെ പ്രദേശത്തിന്റെ തനതു സവിശേഷതകളും ഉപയോഗിക്കപ്പെടാതെ കിടക്കുന്ന വിഭവങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തി ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ച്. പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട ലക്ഷ്യബോധവും നിശ്ചയദാർഢ്യവും പ്രതിബദ്ധതയും കാലഘട്ടം നമ്മോടാവശ്യപ്പെടുന്നു.

ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളാക്കി രൂപപ്പെടുത്തണം. വിവിധ ഏജൻസികളിൽ നിന്നും പരമാവധി ഫണ്ട് സമാഹരിക്കാനും അവരുടെ നിബന്ധനകൾക്കനുസരിച്ച് പ്രോജക്റ്റുകൾ സമർപ്പിക്കുന്നതിന് അതാതു വിഷയങ്ങളിൽ വിദഗ്ദ സംഘം സ്ഥിരമായി പ്രവർത്തിച്ചേ തീരൂ.

ജനകീയ ആസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദ വേലയല്ല, മറിച്ച് ജനോപകരാപ്രദമായ ജനകീയ പദ്ധതികളും ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹിക ആയുധമാണ്.

നമ്മുടെ സമഗ്ര വികസന രേഖ സമ്പൂർണ്ണമായി നടപ്പിലാക്കാൻ എല്ലാ ജന വിഭാഗങ്ങളും കക്ഷിരാഷ്ട്രീയത്തിനതീതമായി വികസന രാഷട്രീയത്തിൽ ഒറ്റ മനസ്സോടെ കർമ്മപഥത്തിൽ ഇറങ്ങിയാൽ മരുതറോഡ് പഞ്ചായത്തിന്റെ വികസനത്തിൽ ഒരു വലിയ കുതിച്ചു ചാട്ടം സംഘടിപ്പിക്കാൻ കഴിയും.

മഹത്തായ ഈ ശുഭ പ്രതീക്ഷ നിറവേറ്റാൻ കഴിയുമെന്ന പ്രത്യാശയോടെ മരുതറോഡ് പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ വിശദമായ വിശകലനത്തിനും ചർച്ചക്കും പരിഷ്ക്കരണത്തിനും വേണ്ടി വികസന സെമിനാറിന്റെ മുമ്പാകെ സമർപ്പിക്കുന്നു.

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

പി. രാധാകൃഷ്ണൻ - ചെയർമാൻ

എസ്. ബി. രാജു - ജനറൽ കൺവീനർ

## വിഷയ ഗ്രൂപ്പ് കൺവീനർമാർ

| | | |
|---|---|---|
| 1. | കൃഷി - ജലസേചനം | - സി. രവീന്ദ്രൻ |
| 2. | മത്സ്യബന്ധനം - മൃഗപരിപാലനം | - പി. വി. സുഗതൻ |
| 3. | വിദ്യാഭ്യാസം | - ജി. അരവിന്ദ് |
| 4. | ആരോഗ്യം - കുടിവെള്ളം | - സി. അംബിക |
| 5. | ഗതാഗതം - ഊർജ്ജം | - വി. രാധാകൃഷ്ണൻ |
| 6. | ഭവനനിർമ്മാണം _ക്ഷേമപ്രവർത്തനം | - പി. പി. കുമാരൻ |
| 7. | വ്യവസായം | - കെ. മുരളീധരൻ നായർ |
| 8. | വനിതാക്ഷേമം | - ടി. ബിന്ദു |
| 9. | സംസ്കാരം | - കെ. സോമസുന്ദരൻ |
| 10. | സഹകരണമേഖല | - പി. ഗോപിനാഥ് |
| 11. | പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം | - പി. സത്യഭാമ |
| 12. | വിഭവസമാഹരണം | - പി. മധുസൂദനൻ |
| 13. | നാട്ടറിവ് - ചരിത്രം | - വി. പ്രസന്നകുമാർ |

Printed at VIKAS PRINTS, Palakkad. Ph : 530849

# പാലക്കാട് ജില്ല

## മലമ്പുഴ ബ്ലോക്ക്

### മരുതറോഡ് പഞ്ചായത്ത്

